2009 മാർച്ച്
ഹി.ശ 1388 - അമൻ
1430 റ: ഉൽ അവ്വൽ -
റ: ഉൽ ആഖിർ
പുസ്തകം 81 ലക്കം 3
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം 1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

ലേഖനം

6 ***യഅജൂജ് മഅ്ജൂജ് അഥവാ ഗോഗ് മഗോഗ്: നാശകാരിയായ യൂറോപ്യൻ ശക്തി***
ഹദ്റത്ത് അഹ്മദ് (അ)

7 ***ലോകസമാധാനത്തിന് രാഷ്ട്രങ്ങൾ നീതിതത്ത്വങ്ങൾ പാലിക്കുക***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

9 ***പരിണാമം : അന്ധമായ പ്രകൃതി നിർദ്ധാരണം വഴിയോ?***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

11 ***ഹദ്റത്ത് മർയമിന്റെ കന്യകാപ്രസവം: യാഥാർത്ഥ്യമെന്ത്?***
മൂസ ഖുറൈഷി, ലണ്ടൻ

18 ***സ്വർഗത്തിൽ കർമ്മം ചെയ്യണമോ?***
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

20 ***നൂഹ് (അ), ഹൂദ് (അ), സാലിഹ് (അ), ലൂത്ത് (അ), ശുഐബ് (അ) എന്നീ നബിമാരെ നിഷേധിച്ചവർക്കുണ്ടായ ദൈവികശാപം***
ഏ.ക്യു മഹ്ദി

23 ***ശുഐബ് നബി(അ)യും മൂസാ നബി(അ)യും***
എം.എസ്.

25 ***മുസ്‌ലിം സഹോദരങ്ങളോട് ഒരഭ്യർത്ഥന***
പി.യം. അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ

27 ***അബ്ബാസിയ്യാ ഖിലാഫത്ത്***
ഏ.എം. മുഹമ്മദ് സലീം

29 ***അല്ലാഹുവിന്റെ കൈയ്യൊപ്പുള്ള ഈ നൂറ്റാണ്ടിലെ രണ്ട് ഗ്രന്ഥങ്ങളുടെ കഥ***
ഏ.ക്യു മഹ്ദി

34 ***വാഗ്ദത്ത മസീഹിന്റെ ആഗമനം മുസ്‌ലിം ഉമ്മത്തിൽ നിന്ന്***
അബ്ദുറഹിമാൻ, കൊടിയത്തൂർ

കുറിപ്പുകൾ

40 ***ചാൾസ് ഡാർവിന് - 200***

42 ***വാർത്തകൾ***

മുഖചിത്രം : **അബ്ബാസിയാ ഖലീഫ അൽമുതവക്കിൽ (ക്രി. വ. 848-52) നിർമ്മിച്ച മസ്ജിദിന്റെ സർപ്പിൾ ആകൃതിയിലുള്ള മിനാരം**

**ചീഫ് എഡിറ്റർ** : മുഹമ്മദ് അയ്യൂബ് Mob: 9895308227
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob: 9895263384
**മാനേജർ** : അഹമ്മദ് ഹസ്സൻ Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut - 1.

**2009 March** Regd. No. 3337/75, Postal Regn. No. KL/CT/108/2009-11. Estd. 1925 **Vol. L XXXI No. 3**
Licensed to post without pre-payment, Licence No : KL/PMG/NR/WPP/16/KKD/09-11 **Price Rs. 15/-**
**THE SATHYADOOTHAN MONTHLY**


## ഖുർആനിൽ നിന്ന്

“ആകാശങ്ങളെയും ഭൂമിയെയും ആറു ഘട്ടങ്ങളിലായി സൃഷ്ടിച്ച അല്ലാഹു തന്നെയാണ് നിങ്ങളുടെ നാഥൻ. പിന്നീട് അവൻ സിംഹാസനത്തിന്മേൽ ഉപവിഷ്ടനായി. രാവ് കൊണ്ട് അവൻ പകലിനെ മൂടുന്നു. അത് പകലിനെ വേഗത്തിൽ പിടിക്കാൻ ഉദ്ദേശിക്കുന്നു. സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും അവന്റെ കല്പനക്ക് വിധേയമായ നിലയിൽ സൃഷ്ടിക്കുവാനും കല്പിക്കുവാനുമുള്ള അധികാരം അവനുള്ളതത്രെ. സർവ്വലോക പരിപാലകനായ അല്ലാഹു അനുഗ്രഹപൂർണ്ണനാകുന്നു. ***(7:55)***

## നബിവചനം

അബൂ ഹുറൈറയിൽ നിന്നു നിവേദനം തിരുമേനി (സ) ഇങ്ങനെ അരുളുന്നത് ഞാൻ കേട്ടു: ‘ഭൂമിയെ അല്ലാഹു കയ്യിലൊതുക്കിപ്പിടിക്കും. ആകാശങ്ങളെ അവൻ തന്റെ വലംകൈയ്യിൽ ചുരുട്ടിപ്പിടിക്കും. എന്നിട്ട് അവൻ പ്രഖ്യാപിക്കും ഞാനാണ് രാജാവ്, ഭൂമിയിലെ രാജാക്കന്മാരെല്ലാം ഇപ്പോൾ എവിടെ. ***(ബുഖാരി)***

# ദൈവം സ്രഷ്ടാവ്



**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ചില ആര്യസമാജികളുടെ അഭിപ്രായപ്രകാരം ആത്മാവും അവരുടെ ദൈവങ്ങളും സൃഷ്ടിക്കപ്പെടാത്തവരാണ്. ആത്മാവ് ഒരു കാലത്ത് ഇല്ലാതിരുന്നുവെന്നും പിന്നീട് അവ സർവ്വശക്തനായ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതിന് ശേഷമാണ് അസ്തിത്വത്തിലേക്ക് വന്നതെന്നും വാദിക്കുമ്പോൾ അതിനർത്ഥം ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടി നടന്നുവെന്നാണ്. ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടി നടത്തുകയെന്നത് മനുഷ്യഗ്രാഹ്യമല്ല. അങ്ങനെയുള്ള പ്രതിഭാസം സാമാന്യബുദ്ധിയുള്ള ഒരാൾക്ക് സ്വീകരിക്കാൻ സാധ്യവുമല്ല എന്നാണ് ആര്യ സമാജികൾ പറയുന്നത്. എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളതിതാണ്. തെറ്റായതും വികലമായതുമായ യുക്തിബോധമുള്ളയാൾ സർവ്വശക്തനായ ദൈവത്തിന്റെ അസ്തിത്വത്തിൽ പോലും വിശ്വാസമുണ്ടാവില്ല. എന്നാൽ ദൈവവിശ്വാസിയും അവികലമായ യുക്തിബോധമുള്ളയാളും ദൈവത്തിന്റെ എല്ലാ ഗുണങ്ങളിലും വിശ്വസിക്കാൻ ബാധ്യസ്ഥനാണ്. അതാകട്ടെ ദൈവത്വത്തിന്റെ അടിസ്ഥാനങ്ങളുമാണ്. സർവ്വശക്തനായ ദൈവത്തിന്റെ ഗുണങ്ങളിൽ വിശ്വസിക്കുന്ന ഒരാൾ, അവൻ സർവ്വശക്തനും അവന്റെ ശക്തി അപരിമിതമാണെന്നും വിശ്വസിക്കുന്നു. തന്റെ വികലയുക്തിയുടെ മാനദണ്ഡമനുസരിച്ച് ദൈവത്തിന്റെ കഴിവുകളെ അളക്കാൻ അവൻ ധൃഷ്ടനാകില്ല......

***(സുറുമെ ചശ്മെ ആര്യ)***

മുഖക്കുറിപ്പ്

# പരിണാമവും ഖുർആനും

**ദൈ**വം കളിമണ്ണ് കുഴച്ച് ആദിപിതാവായ ആദമിന്റെ രൂപമുണ്ടാക്കി നാസാദ്വാരത്തിൽ ജീവനൂതി ആദി മനുഷ്യനെ സൃഷ്ടിച്ചതായിട്ടാണ് ബൈബിളിലെ ഉൽപത്തികഥ. ഡാർവിൻ പരിണാമവാദം ആവിഷ്ക്കരിക്കുന്നതിന്ന് മുമ്പ് സൃഷ്ടിവാദം (Creationism) എന്നറിയപ്പെടുന്ന ഈ ക്രിസ്തീയ സിദ്ധാന്തമാണ് ചോദ്യം ചെയ്യപ്പെടാതെ ശാസ്ത്രസമൂഹം പോലും സ്വീകരിച്ചിരുന്നത്. മറ്റു മതങ്ങളടക്കം മുസ്‌ലിം ബഹുഭൂരിപക്ഷവും പൊടുന്നനെ ദൈവം മനുഷ്യസൃഷ്ടി നടത്തിയതായി വിശ്വസിക്കുന്നു.

രൂപപരിണാമങ്ങൾക്ക് അവസരമില്ലാത്ത ക്ഷണമാത്രയിലുള്ള ഇത്തരം സൃഷ്ടി കഥകളെ വാസ്തവത്തിൽ വിശുദ്ധ ഖുർആൻ നിരാകരിക്കുന്നു എന്ന് മാത്രമല്ല അത്തരം പ്രവൃത്തികൾ ദൈവമഹത്വത്തിന്, വിരുദ്ധവും അപകീർത്തികരവുമാണ് എന്ന് പറഞ്ഞ് തള്ളിക്കളയുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു.

***നിങ്ങൾക്കെന്ത് പറ്റി. അല്ലാഹുവിന്റെ മഹത്വത്തെ വകവെച്ചു കൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെ? വാസ്തവത്തിൽ അവൻ നിങ്ങളെ വിവിധ രൂപങ്ങളിലും നിരന്തരം മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയിലും സൃഷ്ടിച്ചില്ലേ?*** (71:14, 15)

വീണ്ടും ഖുർആൻ പറയുന്നു.

***'നിങ്ങൾ തീർച്ചയായും ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേക്ക് പോയിക്കൊണ്ടിരിക്കും.' (84:20)***

വിശുദ്ധ ഖുർആൻ മനുഷ്യപരിണാമത്തിലെ സന്നിഗ്ദതകൾ നിറഞ്ഞ നിഗൂഢാത്മകമായ അതിപ്രാചീനഘട്ടങ്ങളെ സംബന്ധിച്ച് വ്യക്തമായ സൂചനകൾ നൽകുന്നു. തീയിൽ നിന്നും, വെള്ളത്തിൽ നിന്നും പൊടിമണ്ണിൽ നിന്നും മുട്ടിയാൽ മുഴങ്ങുന്ന വരണ്ട കളിമണ്ണിൽ നിന്നും ഗുണസങ്കലിതമായ ഇന്ദ്രിയബിന്ദുവിൽ നിന്നുമെല്ലാമുള്ള മനുഷ്യന്റെ സൃഷ്ടിപ്പ് അവന്റെ പരിണാമ ചരിത്രത്തിലെ ഏറ്റവും പ്രാഥമികമായ വിവിധഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഭൂമിയുടെ ആയുസ്സിനോളമെത്തുന്ന കോടാനുകോടി വർഷത്തെ ജീവപരിണാമത്തിനൊടുവിൽ കായികപൂർണ്ണനായ ഒരു അസ്തിത്വമായി മനുഷ്യൻ രൂപാന്തരപ്പെടുകയും അവന്റെ കേൾവിയും കാഴ്ചയും, ദൈവത്തിന്റെ മുദ്രകൾ തിരിച്ചറിയാനുള്ള ശേഷി കൈവരിക്കുകയും ചെയ്ത ഘട്ടം ആസന്നമായപ്പോൾ ദൈവം ആദം നബിയെ മനുഷ്യസമൂഹത്തിൽ ആദ്യത്തെ പ്രവാചകനായി തിരഞ്ഞെടുക്കുകയുണ്ടായി. ആദം നബി(അ) ആദ്യത്തെ മനുഷ്യനല്ല. മറിച്ച് കായികമായി പൂർണ്ണമായും വികസിക്കുകയും നാഗരികത കൈവരിക്കുകയും ചെയ്ത മനുഷ്യസമൂഹത്തിന്റെ ആദ്യത്തെ നബിയാണ്. പൂർണാർത്ഥത്തിലുള്ള ദൈവിക വെളിപാടുകളുടെ (വഹ്‌യ്) ആദ്യത്തെ സ്വീകർത്താവുമാണ് അദ്ദേഹം.

പരിണാമവാദവും സൃഷ്ടിവാദവും തമ്മിലുള്ള വിവാദത്തിൽ ഖുർആൻ പരിണാമവാദത്തിന്റെ പക്ഷത്ത് നിൽക്കുന്നു. പക്ഷേ ഡാർവിനിസം പറയുന്നത് പോലെ പരിണാമ പ്രക്രിയ യാദൃശ്ചികമോ ആകസ്മികമോ അല്ല. ജീവിരൂപങ്ങളുടെ സ്രഷ്ടാവ് ആരാണ് എന്നതിനെക്കുറിച്ച് വ്യക്തമായി ഉത്തരം പറയാതെ ജീവിരൂപങ്ങളെ തിരഞ്ഞെടുക്കുന്നത് പ്രകൃതിനിർദ്ധാരണമാണെന്നാണ് ഡാർവിനിസം ശാസ്ത്രയുക്തിയില്ലാതെ പറയുന്നത്. പരിണാമപ്രക്രിയയുടെ സൃഷ്ടിപ്പും ആസൂത്രണവും ദൈവം തന്നെയാണ് നിർവ്വഹിക്കുന്നത്. അന്ധവും മൂകവും ബധിരവുമായ പ്രകൃതിനിർദ്ധാരണം എന്ന കേവലശക്തിയല്ല. ഇത് സംബന്ധിച്ചുള്ള ഖുർആന്റെ അതിഗഹനമായ ഒരു തത്വം ഇങ്ങനെയാണ്.

***നിന്റെ നാഥൻ താനിച്ഛിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തിരഞ്ഞെടുക്കാൻ അവകാശമില്ല. അല്ലാഹു പരിശുദ്ധനും അവർ പങ്കു ചേർക്കുന്നതിൽ നിന്ന് അത്യുന്നതനുമാകുന്നു. (28:69)***

ഹദ്റത്ത് അഹ്മദ് (അ)

# യഅ്ജൂജ് മഅ്ജൂജ് അഥവാ ഗോഗ് മഗോഗ്: നാശകാരിയായ യുറോപ്യൻ ശക്തി

യൂറോപ്പിലെ ക്രിസ്ത്യാനികളാണ് ഗോഗ് മഗോഗ് എന്ന് ബൈബിളിൽ നിന്നും തെളിയിക്കപ്പെടുകയുണ്ടായി. ഗോഗ് മഗോഗിനെ അഥവാ യഅ്ജൂജ് മഅ്ജൂജിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ പറഞ്ഞ പ്രത്യേകം അടയാളങ്ങൾ യൂറോപ്യൻ ശക്തികൾക്ക് മാത്രം യോജിക്കുന്നതുമാണ്.

ഉദാഹരണത്തിന് അവർ എല്ലാ ഉയരത്തിന്മേലും ഉപവിഷ്ഠരാവുമെന്ന് എഴുതപ്പെട്ടിരിക്കുന്നു. അതായത് അവർ മറ്റെല്ലാ ഭൗതികശക്തികളേയും അതിജയിക്കുകയും ഭൗതിക കാര്യങ്ങളിൽ മേധാവിത്വം പുലർത്തുകയും ചെയ്യും. അപ്രകാരം ഒരു രാജ്യത്തിനും തന്നെ അവർക്കെതിരെ നിൽക്കാൻ സാധ്യമല്ലെന്ന് ഹദീസുകളിൽ എഴുതപ്പെട്ടിരിക്കുന്നു. ഈ ശക്തികൾ ഗോഗ് മഗോഗ് ആണെന്ന് ഇങ്ങനെ സ്ഥാപിക്കപ്പെടുന്നു. ഇതിനെ നിരാകരിക്കുന്നത് ദൈവ വചനത്തിന് എതിർ നിൽക്കലാണ്. സർവ്വശക്തനായ ദൈവത്തിന്റെ വചനങ്ങളും റസൂൽ തീരുമേനി (സ)യുടെ വിവരണവും നിഷേധിക്കുവാൻ ആർക്കാണ് കഴിയുക. ഈ ജനത അവരുടെ ഭൗതിക ശക്തിയിൽ മറ്റെല്ലാ ജനതയെക്കാളും മുൻകടന്നു നില്ക്കുന്നു. അവർക്ക് തുല്യമായി യുദ്ധകലയിലും രാഷ്ട്രതന്ത്രജ്ഞതയിലും മറ്റൊരു ജനതയുമില്ല. യുദ്ധത്തിനും, ഭൗതിക സുഖങ്ങൾക്കും, ആഡംബരങ്ങൾക്കുമുള്ള അവരുടെ കണ്ടുപിടുത്തങ്ങളും യന്ത്രങ്ങളും നൂതനരീതിയിലുള്ളതാണ്. മനുഷ്യസംസ്കാരത്തിൽ അവർ വിസ്മയകരമായ വിപ്ലവങ്ങൾ കൊണ്ടു വരികയും അതുപോലെ രാഷ്ട്രതന്ത്രജ്ഞതയിലും, യുദ്ധകാലത്തും സമാധനകാലത്തും അതിന്റേതായ ഉപാധികൾ നൽകുന്നതിനും അവർ അത്യുന്നതമായ വൈദഗ്ദ്ധ്യം കാണിക്കുന്നു. ലോകം സൃഷ്ടിച്ചതു മുതൽ ഇന്ന് വരെ അവരോട് സമം നിൽക്കുന്ന ഒരു ജനതയുമില്ല.

നുറ്റാണ്ടുകൾക്ക് ശേഷം യൂറോപ്യൻ ജനതയുടെ ഉയിർത്തെഴുന്നേൽപ്പ് റസൂൽ തീരുമേനി(സ) യുടെ പ്രവചനത്തിൽ പറഞ്ഞത് പ്രകാരം സംഭവിച്ചിരിക്കുന്നു. ഗോഗ് മഗോഗിന്റെ അർത്ഥം വെളിവാക്കപ്പെട്ടിരിക്കുന്നു. ആ പ്രവചനങ്ങളിൽ അടങ്ങിയിരിക്കുന്ന അടയാളങ്ങൾ ഒരു പ്രത്യേക ജനവിഭാഗത്തിൽ പുലർന്നതായി തെളിയിക്കപ്പെട്ടിരിക്കയും ചെയ്തിരുന്നു. ഇതിനെ നിഷേധിക്കുക എന്നത് സ്ഥാപിതമായ ഒരു സത്യത്തെ നിരാകരിക്കലാണ്. ഇങ്ങനെ നിഷേധത്തിൽ ദുർവാശിയോടെ തുടരുന്ന ഒരാളെ ആർക്കും തടയാൻ സാധ്യമല്ല. പക്ഷേ നിതീമാനായ ഒരു സത്യാന്വേഷിക്ക് ഈ വിവരങ്ങൾ അറിയിക്കപ്പെട്ടാൽ ഈ ജനത ഗോഗ് മഗോഗ് അഥവാ യഅ്ജൂജ് മഅ്ജൂജ് ആണെന്ന് വിശ്വസ്തയോടെ ബോദ്ധ്യമാവുന്നതാണ് ●

*(ചശ്മെ മഅ്രിഫ)*

### യഅ്ജൂജ് മഅ്ജൂജ്

ഏതുവരെയെന്നാൽ യഅ്ജൂജ് മഅ്ജൂജ് തുറന്നു വിടപ്പെടുകയും അവർ എല്ലാ ഉയരങ്ങളിൽ നിന്നും തരംഗങ്ങളിൽ നിന്നും ശീഘ്രസഞ്ചാരം ചെയ്തുവരികയും ആ സത്യമായ വാഗ്ദത്തം സമീപിക്കുകയും ചെയ്യുന്ന സമയം വരെ. അപ്പോഴതാ അവിശ്വസിച്ചവരുടെ കണ്ണുകൾ മിഴിച്ചു തുറിച്ചുപോകുന്നു. (അവർ പറയും) അഹോ ഞങ്ങളുടെ നാശമേ! തീർച്ചയായും ഞങ്ങളിതിനെക്കുറിച്ച് അശ്രദ്ധയിലായിരുന്നു. അല്ല. ഞങ്ങൾ അക്രമികളായിരുന്നു.

***(വി: ഖുർആൻ 21: 97, 98)***

ലേഖനം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് )

# ലോക സമാധാനത്തിന് രാഷ്ട്രങ്ങൾ നീതിതത്ത്വങ്ങൾ പാലിക്കുക

## 2008 ഒക്ടോബർ 22ന് ഖലീഫത്തുൽ മസീഹ് ബ്രിട്ടീഷ് പാർലിമെന്റിനെ അഭിസംബോധന ചെയ്തു നടത്തിയ പ്രഭാഷണത്തിന്റെ രണ്ടാം ഭാഗം

**ലോ**കം ഇന്ന് പല ബ്ലോക്കുകളായി വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുകയും തീവ്രവാദം വർദ്ധിച്ചുവരികയും ചെയ്യുന്നു. സാമ്പത്തികവും ധനവ്യവഹാരപരവുമായ അവസ്ഥയാകട്ടെ മോശമായി തുടരുകയും ചെയ്യുന്നു. ഈ അവസരത്തിൽ എല്ലാ തരത്തിലുമുള്ള വിദ്വേഷങ്ങളും അവസാനിപ്പിച്ച് സമാധാനത്തിന് അടിത്തറ പാകേണ്ടിയിരിക്കുന്നു. എല്ലാ ഓരോരുത്തരുടേയും വികാരം മാനിച്ചുകൊണ്ടേ സമാധാനം സാധ്യമാവൂ. ഇത്തരം സമാധാനശ്രമങ്ങൾ സത്യസന്ധമായും ധർമ്മചിന്തയോടും കൂടി നിർവ്വഹിച്ചില്ലെങ്കിൽ അത് അനിയന്ത്രിതമായ അശാന്തിയിലേക്ക് വളരുന്നതാണ്. സമ്പന്നരായ പാശ്ചാത്യ രാജ്യങ്ങൾ, ദരിദ്രരാജ്യങ്ങളിലേയും വികസ്വര രാജ്യങ്ങളിലേയും ജനങ്ങളെ തങ്ങളുടെ രാജ്യത്ത് കുടിയേറാൻ അനുവദിക്കുന്നു. ഇങ്ങനെ കുടിയേറുന്നവ രിൽ നല്ലൊരു പങ്ക് മുസ്ലിംകളാണ്. ഇത്തരം കുടിയേറ്റങ്ങൾ അനുവദിക്കുന്ന സമ്പന്നരാജ്യങ്ങളെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

ഈ ജനതകളുടെ മതപരമായ വികാരങ്ങളും ആചാരങ്ങളും കൂടി മാനിക്കപ്പെടണമെന്ന് യഥാർത്ഥ നീതി ആവശ്യപ്പെടുന്നു. ഈ വഴിക്ക് മാത്രമേ ജനങ്ങളുടെ മനശ്ശാന്തി അവികലമായി നിലനിർത്താൻ സാധ്യമാകൂ. ഒരു വ്യക്തിയുടെ മനസ്സ് കലുഷിതമായാൽ ജനമനസ്സിനെക്കൂടി അത് ബാധിക്കുന്നു.

ഞാൻ നേരത്തെ പറഞ്ഞത് പോലെ, യാതൊരു ബാഹ്യ ഇടപെടലിനും അനുവദിക്കാതെ കേവല നീതിയുടെ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടുകാണുന്നതിൽ ബ്രിട്ടീഷ് രാഷ്ട്രീയ പ്രവർത്തകരോടും നിയ മ നിർമ്മാണ സഭാംഗങ്ങളോടും ഞാൻ നന്ദിയുള്ളവനാണ്. വാസ്തവത്തിൽ വിശുദ്ധ ഖുർആൻ നമുക്ക് നല്കിയ ഇസ്ലാം മതത്തിന്റെ അധ്യാപനം ***'മതത്തിൽ യാതൊരു വിധ ബലാല്ക്കാരവുമില്ല.'*** (2:257) എന്നാണ്.

ഖുർആന്റെ ഈയൊരാജ്ഞ ഇസ്ലാം മതം വാളുകൊണ്ട് പ്രചരിച്ചതാണെന്ന ആരോപണത്തിന് മറുപടി നൽകുക മാത്രമല്ല, വിശ്വാസ കാര്യങ്ങൾ ദൈവവും മനുഷ്യ നുമായുള്ള ഇടപാടാണെന്നും മറ്റുള്ളവർക്ക് അതിൽ ഇടപെടാൻ യാതൊരർത്ഥത്തിലും അവകാശമില്ലെന്നും ഉദ്ഘോഷിക്കുന്നു. എല്ലാവർക്കും അവരവരുടെ മതവിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമനുസരിച്ച് ജീവിക്കാനനുവാദമുണ്ട്. അതായത് അന്യരെ ദ്രോഹിക്കുകയോ, അതാത് ദേശത്തെ നിയമങ്ങൾക്കെതിരെ പ്രവൃത്തിക്കുകയോ ചെയ്യുന്ന മതത്തിന്റെ പേരിലുള്ള ഏതൊരു ആചാരത്തേയും തടയാൻ ആ രാജ്യത്തെ നിയമങ്ങൾക്ക് അവകാശമുണ്ട്. കാരണം, ഏതെങ്കിലും മതം ഹിംസാത്മകമായ ആചാരാനുഷ്ഠാ നങ്ങൾ വെച്ചു പുലർത്തുന്നുവെങ്കിൽ അതൊരിക്കലും തന്നെ ദൈവപ്രവാചകന്റെ അദ്ധ്യാപനമായി കണക്കാക്കാൻ സാധ്യമല്ല. ഇതാണ് പ്രാദേശികതലത്തിലും അന്തർദേശീയ തലത്തിലും സമാധാനം സ്ഥാപിക്കാനുള്ള അടിസ്ഥാന തത്ത്വം.

വിശ്വാസപരിവർത്തനത്തിന്റെ ഫലമായി ആർക്കെതിരെയെങ്കിലും ഏതെങ്കിലുമൊരു സമൂഹമോ വിഭാഗമോ ഭരണകൂടമോ നിങ്ങളുടെ മതാചരണത്തിൽ ഇടപെട്ടുകൊണ്ട് തടസ്സങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചുവെന്നിരിക്കട്ടെ, പിന്നീട് സാഹചര്യം നിങ്ങൾക്കനുകൂലമായാൽ നിങ്ങൾക്കെതിരെ പ്രവർത്തിച്ചവരോടു ദ്രോഹബുദ്ധിയോ പകയോ വെച്ചുപുലർത്താൻ പാടില്ല എന്നതാണ് ഇസ്ലാമിന്റെ പാഠം. നിങ്ങൾ പ്രതികാര നടപടിക്ക് വേണ്ടി ചിന്തിക്കുന്നതിന് പകരം നീതിയും സമത്വവും നടപ്പാക്കുകയാണ് വേണ്ടത്. ഖുർആൻ പറയുന്നു:

***"വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നില കൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതിപാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്. നി ങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂ ക്ഷ്മമായി അറിവുള്ളവനാണ്." (5:9).***

ഇതാണ് സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച അദ്ധ്യാപനം. നിങ്ങളുടെ ശത്രുവിന് പോലും നീതി നിഷേധിക്കാൻ പാടില്ല.

ഇസ്ലാം മതത്തിന്റെ, ആദ്യകാലഘട്ടങ്ങളിൽ നീതിയുടെ എല്ലാ തത്വങ്ങളും പാലിക്കപ്പെട്ടതായി നമുക്ക് കാണാം. ഇത് സംബന്ധിച്ച് കൂടുതലൊന്നും ഉദാഹരണങ്ങൾ ഞാൻ നൽകുന്നില്ല. എന്നാൽ മക്കാ വിജയത്തിന് ശേഷമുണ്ടായ സംഭവം നീതിപാലനത്തിന്റെ ചരിത്ര സാക്ഷ്യമാണ്. തന്നെ അതികഠിനമായി പീഡിപ്പിച്ച മക്കാ ജനതയോട് പ്രവാചകൻ (സ) യാതൊരു പ്രതികാരനടപടിയും സ്വീകരിച്ചില്ല. പകരം അവർക്ക് മാപ്പരുളുകയും അവരോരുത്തരേയും തങ്ങളുടെ വിശ്വാസങ്ങൾക്കനുസൃതമായി ജീവിക്കാനനുവദിക്കുകയുമാണ് ചെയ്തത്. ശത്രുവിന് പോലും നീതിനൽകിക്കൊണ്ട് മാത്രമേ ഇന്നും സമാധാനം സ്ഥാപിക്കാൻ സാധ്യമാവൂ. മതതീവ്രവാദികൾക്കെതിരെയുള്ള യുദ്ധത്തിൽ മാത്രമല്ല, എല്ലാ യുദ്ധങ്ങളിലും നാം നീതിതത്ത്വങ്ങൾ പാലിക്കേണ്ടതുണ്ട്. അത്തരം സമാധാനം മാത്രമേ നീണാൾ വാഴുകയുള്ളു.

കഴിഞ്ഞ നൂറ്റാണ്ടിൽ രണ്ട് ലോകമഹായുദ്ധങ്ങൾ നടക്കുകയുണ്ടായി. എന്തായിരുന്നു അതിന്റെ കാരണം? നാം സൂക്ഷ്മമായി വിശകലനം ചെയ്യുകയാണെങ്കിൽ ഒരു കാരണം നമുക്ക് കണ്ടെത്താനാവും. പ്രാഥമികമായി നീതി തത്ത്വങ്ങൾ യഥോചിതം പാലിക്കപ്പെടുന്നില്ല എന്നതാണത്. ഇതിന്റെ ഫലമായി അണഞ്ഞുപോയി എന്ന് നാം കരുതിയ അഗ്നിയുടെ കനലുകൾ സാവകാശം എരിഞ്ഞു കത്താൻ തുടങ്ങി; മുഴുലോകത്തേയും ഗ്രസിക്കുമാറ് വീണ്ടും അവ ആളിക്കത്തുകയുണ്ടായി.

ഇന്ന് സംഘർഷങ്ങൾ വർദ്ധിക്കുകയാണ്, യുദ്ധങ്ങളും സമാധാന ശ്രമങ്ങളും മറ്റൊരു ലോകമഹായുദ്ധത്തിനുള്ള ഒരുക്കങ്ങളായി വരുകയും ചെയ്യുന്നു. അതിനേക്കാളുപരി സമകാലീന ലോകത്തെ സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾ ഈ അവസ്ഥയെ തീഷ്ണമാക്കുന്നതായാണ് കാണുന്നത്. ലോകത്ത് സമാധാനം സ്ഥാപിക്കാൻ വിശുദ്ധ ഖുർആൻ ചില സുവർണ തത്ത്വങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്.

അത്യാഗ്രഹമാണ് ശത്രുതയുണ്ടാക്കുന്നത് എന്നത് സുസ്ഥാപിതമായ ഒരു വസ്തുതയാണ്. ചിലപ്പോൾ അതിർത്തിവികസനം മുഖേനയോ പ്രകൃതിവിഭവങ്ങൾ പിടിച്ചടക്കലിലൂടെയോ അന്യരുടെ മേൽ മേധാവിത്വം സ്ഥാപിച്ചുകൊണ്ടോ ഈ അത്യാഗ്രഹം സ്വയം വെളിപ്പെടുന്നു. ഇത് ക്രൂരതയിലേക്ക് നയിക്കുന്നു. ചിലപ്പോൾ നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കാൻ ചില സ്വേഛാധിപതികൾ ജനങ്ങളുടെ അവകാശങ്ങൾ കവർന്നെടുത്തുകൊണ്ട് അവരുടെ മേധാവിത്വം സ്ഥാപിക്കുന്നു. അതല്ലെങ്കിൽ പുറമെനിന്നുള്ള അധിനിവേശശക്തികളുടെ കൈയ്യാൽ ഇത് നിർവ്വഹിക്കപ്പെടുന്നു. ചിലപ്പോൾ ഒരു രാജ്യത്തെ ജനങ്ങളുടെ നേരെ നടത്തുന്ന ക്രൂരതകളുടെ വിലാപങ്ങളും ദുഃഖങ്ങളും പുറംലോകത്തുമെത്തുന്നു.

പ്രവാചകൻ നമ്മെ പഠിപ്പിച്ചത്, മർദ്ദിതനേയും ക്രൂരനായ മർദ്ദകനേയും സഹായിക്കണം എന്നാണ്.

റസൂൽ തിരുമേനി (സ) യുടെ അനുചരന്മാർ അവിടത്തോട് ചോദിച്ചു: ***"മർദ്ദിതനെ സഹായിക്കേണമെന്ന കാര്യം ഞങ്ങൾക്ക് മനസ്സിലാക്കാം. പക്ഷേ, ക്രൂരനായ മർദ്ദകനെ എങ്ങനെ സഹായിക്കും? പ്രവാചകൻ (സ) ഇപ്രകാരം പറഞ്ഞു: മർദ്ദകന്റെ കൈകളെ ക്രൂരകൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നും തടയുക. ക്രൂരകൃത്യങ്ങൾ പരിധിവിട്ടാൽ അയാൾ ദൈവശിക്ഷക്ക് പാത്രമാകും. ദൈവത്തിന്റെ കാരുണ്യ പരിധിയിൽ നിന്നും പുറത്താവുന്നതിൽ നിന്നും അയാളെ രക്ഷിക്കുക,"*** ഇത് സമൂഹത്തിന്റെ

***(ശേഷം 33- ൽ)***

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

# പരിണാമം: അന്ധമായ പ്രകൃതി നിർദ്ധാരണം വഴിയോ?

## പരിണാമം നിർവ്വഹിച്ചത് ഡാർവിനിസ്റ്റുകൾ പറയുന്നത് പോലെ അന്ധവും ബധിരവും മൂകവുമായ പ്രകൃതിനിർദ്ധാരണമല്ല. മറിച്ച് സർവ്വജ്ഞാനിയും സ്രഷ്ടാവുമായ ദൈവമാണ്.

വിശുദ്ധ ഖുർആൻ ഈ പ്രശ്നത്തിന്റെ നിർണ്ണായക സന്ധിയിൽ ഏറ്റവും സമുചിതമായതും വ്യത്യസ്തവുമായ ഒരു പരിഹാരമാണ് നിർദ്ദേശിക്കുന്നത്. പരിണാമത്തിന്റെ യാഥാർത്ഥ്യം ആവശ്യപ്പെടുന്നത് എന്താണെന്ന് വെച്ചാൽ സൃഷ്ടിക്കുന്നവനും നിർദ്ധാരകനും അഥവാ തിരഞ്ഞെടുക്കുന്നവനും രണ്ട് വ്യക്തികളായിരിക്കാൻ പാടില്ല. ഈ തത്ത്വമാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. ആരാണോ സൃഷ്ടി നടത്തുന്നത് അവൻ തന്നെയായിരിക്കണം അവന്റെ സൃഷ്ടികളിൽ നിന്നും തിരഞ്ഞെടുക്കേണ്ടത് അഥവാ നിർദ്ധാരണം നടത്തേണ്ടത്. അടുത്ത തലമുറയിലെ ഉന്നതമായ സ്വഭാവഗുണത്തിലേക്ക് തിരഞ്ഞെടുക്കപ്പെടാത്തവയെ അവൻ അസ്തിത്വത്തിൽ നിന്ന് ഉൻമൂലനം ചെയ്യുന്നില്ല. എന്നാൽ അവന്റെ സൃഷ്ടിയുടെ അടിസ്ഥാനം വിപുലികരിക്കാൻ വേണ്ടി അത്തരത്തിലുള്ള എല്ലാ വിതാനത്തിലും അർത്ഥവത്തായ പങ്ക് നിർവ്വഹിച്ചുകൊണ്ട് അവ സൃഷ്ടിപദ്ധതിയിൽ നിലനിൽക്കുന്നു. അങ്ങനെ പരിണാമഗതിയിൽ ഒരു ചുവട് മുന്നേറുമ്പോൾ പരിണാമത്തിൽ എന്തൊന്നാണോ അധികമായി കൂട്ടിച്ചേർക്കപ്പെടുന്നത് അതിനെ പിന്തുണക്കാൻ വേണ്ടി അതിന്റെ അടിസ്ഥാനം ഒരേ സമയം വിപുലീകരിക്കപ്പെടുകയും ചെയ്യുന്നു.

മനുഷ്യൻ തന്റെ മഹോന്നത പദവിയിലേക്ക് എത്തിപ്പെട്ടതും ആ പദവിയിൽ വിരാചിക്കുന്നതും മറ്റു താഴ്ന്ന ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയുടെ സഹായം കൂടാതെ സാധ്യമല്ല എന്നുള്ളതാണ് വിശുദ്ധ ഖുർആന്റെ പക്ഷം. താഴെ കൊടുക്കുന്ന വാക്യം പ്രത്യേകമായും ഇതിലേക്ക് വിരൽ ചൂണ്ടുന്നു.

***മനുഷ്യരെ അവരുടെ തെറ്റിന് അല്ലാഹു പിടിച്ചു ശിക്ഷിക്കുകയായിരുന്നെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയേയും അവൻ അവശേഷിക്കുകയില്ലായിരുന്നു. പക്ഷേ അവൻ ഒരു നിശ്ചിത അവധി വരെ അവർക്ക് അവസരം കൊടുക്കുകയാണ്. അങ്ങനെ അവരുടെ അവധി എത്തിക്കഴിഞ്ഞാൽ ഒരു നിമിഷം പോലും മുന്നോക്കമോ പിന്നോക്കമോ പോകാൻ അവർക്ക് സാധ്യമല്ല. (16:62)***

ഈ വചനത്തിലെ ശ്രദ്ധേയമായ ഒരു വസ്തുത മനുഷ്യൻ ശിക്ഷിക്കപ്പെടുകയാണെങ്കിൽ മുഴുവൻ ജീവിലോകവും ഇവിടെ നിന്ന് തുടച്ചു നീക്കപ്പെടുമെന്നുള്ളതാണ്. മനുഷ്യനേക്കാൾ താഴ്ന്ന ജീവജാലങ്ങൾക്കാസകലം മനുഷ്യ ജീവിതത്തെ നിലനിറുത്തുക എന്നതിൽ കവിഞ്ഞൊരു ഉദ്ദേശ്യമില്ല എന്ന കാര്യം ഇവിടെ വ്യക്തമാവുന്നു. മനുഷ്യൻ പോവുകയാണെങ്കിൽ അവയെല്ലാം പോകേണ്ടതുണ്ട്.

ബൃഹത്തായ സൃഷ്ടി പദ്ധതിയിൽ പ്രകൃതി നിർദ്ധാരണമാണ് ഫലത്തിൽ നിർദ്ധാരകന്റേയും (തിരഞ്ഞെടുക്കുന്നയാൾ) സ്രഷ്ടാവിന്റേയും പങ്ക് നിർവ്വഹിക്കുന്നത് എന്ന് വിശ്വസിക്കുന്ന ശാസ്ത്രജ്ഞൻമാരും ദാർശനികൻമാരും ഉയർത്തുകയും ഉത്തരം പറയുകയും ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട ചോദ്യത്തിന്റെ കൃത്യമായ രൂപമിതാണ്.

അവർക്ക് ഇത് രണ്ടും ഏതെങ്കിലും വിധത്തിൽ

സ്രഷ്ടാവ് എന്ന ഒരാളിൽ സംയോജിപ്പിക്കേണ്ടതുണ്ട്, സൃഷ്ടി നടത്താത്ത ഒരു നിർദ്ധാരകനിലല്ല ഇത് രണ്ടും യോജിപ്പിക്കേണ്ടത്. ഇതാണ് ആർക്കും ഇതിൽ കണ്ടെത്താവുന്ന യുക്തിപരമായ ന്യായം. പക്ഷേ, ഇത് ദൈവത്തിലേക്ക് മാത്രമേ നയിക്കുകയുള്ളൂ. ഇതാകട്ടെ പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ എന്ത് വില കൊടുത്തും ഒഴിവാക്കാൻ പാടുപെടുന്നതുമാണ്. അനിവാര്യമായ ഈ നിഗമനം ഒഴിവാക്കാൻ വേണ്ടിയാണ് ഡാർവിൻ ഈ രണ്ട് പ്രവർത്തനങ്ങളേയും പ്രകൃതി നിർദ്ധാരണത്തിൽ പരോക്ഷമായ രീതിയിൽ ആരോപിക്കുന്നത്. പ്രകൃതി നിർദ്ധാരണമാണ് സൃഷ്ടിപ്പും കൂടി നടത്തിയതെന്ന ആശയം ഡാർവിൻ എപ്പോഴെങ്കിലും മുന്നോട്ടു വെച്ചിട്ടുണ്ടായിരുന്നുവോ? നമ്മുടെ അറിവിൽപ്പെട്ടിടത്തോളം അദ്ദേഹം അങ്ങനെ ചെയ്തിട്ടില്ല. മറ്റേതൊരു ബുദ്ധിമാനായ ആളും അറിഞ്ഞിരുന്നത് പോലെ തിരഞ്ഞെടുപ്പും സൃഷ്ടിപ്പും രണ്ട് വ്യത്യസ്തമായ പ്രവർത്തന രീതികളാണെന്ന് ഡാർവിനും ധരിച്ചിരിക്കുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. സൃഷ്ടി കർമ്മം നടത്തുന്നയാൾ ആരാണോ അയാൾ തന്നെ തന്റെ നിർദ്ധാരണം എന്ന പ്രക്രിയ താൻ സൃഷ്ടിച്ചതിൽ നിന്ന് തിരഞ്ഞെടുക്കുന്നതിലൂടെ നിർവ്വഹിക്കുമെങ്കിൽ അതാണ് കൂടുതൽ യുക്തിപരം. ഇത് ഒരിക്കലും തന്നെ പരിണാമത്തിന്റെ അന്ധനിയമങ്ങൾക്ക് അനുയോജ്യമല്ല. എന്നിരിക്കെ നിർദ്ധാരകനും അതേസമയം ബോധമനസ്സുള്ള സ്രഷ്ടാവായ ഒരാളെ ഇല്ലാതാക്കാൻ പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ സജീവമായി ശ്രമിക്കുകയുമാണ്. എന്തുതന്നെയായാലും വ്യത്യസ്തമായ ഒരു നിർദ്ധാരണ പദ്ധതിയും വ്യത്യസ്തമായ ഒരു സൃഷ്ടി പദ്ധതിയും, അവ രണ്ടും ബോധശൂന്യമായിരിക്കെ പരസ്പരം കൈകോർത്ത് പിടിച്ച് മുന്നോട്ട് ഗമിക്കുക എന്നതും അസാധ്യമാണ്. ജീനുകളാൽ സൃഷ്ടിക്കപ്പെടുന്ന ശരീരത്തെ പ്രകൃതി നിർദ്ധാരണം അംഗീകരിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നത് മുതൽ ഈ പ്രശ്നം പരിഹരിക്കപ്പെട്ടു എന്ന് ഡാർവനിസ്റ്റുകൾ കരുതുന്നതായി തോന്നുന്നു. കാരണം പ്രകൃതി നിർദ്ധാരണം പരോക്ഷമായി സ്രഷ്ടാവിന്റെ ജോലി നിർവ്വഹിക്കുന്ന രീതിയിലാണ് ഡാർവിൻ സംസാരിക്കുന്നത്.

ജീനുകളുടെ ഉൽപന്നങ്ങൾ പ്രകൃതി നിർദ്ധാരണത്തിന്റെ ഫലമാണെന്ന പ്രത്യക്ഷത്തിലോ പരോക്ഷമായോ ഉള്ള സങ്കൽപത്തെയാണ് നാം എവിടെയും സുദീർഘമായി ഖണ്ഡിച്ച് എഴുതിയിട്ടുള്ളത്. പക്ഷേ ജീനുകളിൽ സൃഷ്ടിപരമായ കഴിവുകൾ ആരോപിക്കുകയും അതേസമയം ആ സൃഷ്ടിപരമായ കഴിവുകൾ പ്രവർത്തിപ്പിക്കാൻ കഴിവുള്ള ഒരു ബോധമനസ്സിനെ നിഷേധിക്കുകയും ചെയ്യുക എന്നത് ഇതിലടങ്ങിയിരിക്കുന്ന പ്രകടമായ വൈരുദ്ധ്യമാണെന്ന് ചൂണ്ടിക്കാട്ടാൻ നാം ആഗ്രഹിക്കുന്നു. ജീനുകൾ സൃഷ്ടിക്കപ്പെട്ട പ്രഹേളികക്കുത്തരം നൽകാതെ, പരിണാമയാത്ര ആരംഭിക്കുന്നത് ജീനുകളിൽ നിന്നാണെന്ന് കരുതുന്നത് പരമമമായ അസംബന്ധമാണ്. ഡാർവിനിസത്തിന്റെ വക്താവിന് പ്രകൃതി നിർദ്ധാരണം ജീനുകളുടെ സൃഷ്ടിപ്പിൽ ഏതെങ്കിലും പങ്ക് വഹിച്ചിട്ടുണ്ടെന്ന് തെളിയിക്കുവാൻ സാധ്യമല്ല. ബോധമനസ്സിന്റെ സർഗ്ഗാത്മകമായ കഴിവുകളില്ലാതെ, എങ്ങനെ എന്തുകൊണ്ട് ജീനുകൾ സൃഷ്ടി നടത്തുന്നു എന്ന ചോദ്യത്തെ ഡാർവിനിസ്റ്റുകൾ ആദ്യമായി അഭിമുഖീകരിക്കേണ്ടതുണ്ട്. സംഗതിയുടെ ആകത്തുക ഇതാണ്. ജീനുകളെ സൃഷ്ടിച്ച ബോധമനസ്സുള്ള ഒരു സ്രഷ്ടാവിനെ തിരിച്ചറിയപ്പെടേണ്ടതുണ്ട്. അല്ലെങ്കിൽ ബോധശൂന്യമായ ജീനുകൾ സ്വയം സൃഷ്ടിക്കപ്പെട്ടതാണെന്നും അതിന് അതിവിദഗ്ദ്ധവും ബോധപരവും സർഗ്ഗാത്മകവുമായ സൃഷ്ടിപ്പിനുള്ള കഴിവുകളുണ്ടെന്നും സമ്മതിക്കേണ്ടി വരും. എതെങ്കിലും ബോധശൂന്യമായ ഒരു വസ്തു അതിനു പൂർണ്ണമായ നിർമ്മാണ ഘടനയോടുകൂടി സ്വയം നിർമ്മിക്കപ്പെട്ടു എന്നത് വിചിത്രമായ ഒരു സങ്കൽപമാണ്. ജീനുകൾ എങ്ങനെ നിർമ്മിക്കപ്പെട്ടു എന്ന മുന്നുപാധിയെ പറ്റി ഗവേഷണം നടത്താതെയാണ് പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ അവരുടെ ഗവേഷണ യാത്രക്ക് ഒരുങ്ങി പുറപ്പെട്ടിരിക്കുന്നത്. അവർക്ക് ഈ ചോദ്യത്തെ അഭിമുഖീകരിക്കാൻ കഴിയാത്തതിന്റെ കാരണം അവരുടെ തന്നെ പരിണാമ സങ്കല്പത്തെ അത് തകർത്തുകളയുമെന്നത് കൊണ്ടാണ് പരിശുദ്ധ ഖുർആൻ ആ പ്രഹേളിക പരിഹരിക്കാൻ വേണ്ടി നേരെ ചൊവ്വേ പറയുന്ന ഒരു പ്രസ്താവന ഇതാണ്.

***നിന്റെ നാഥൻ താനിച്ഛിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തിരഞ്ഞെടുക്കാൻ അവകാശമില്ല. അല്ലാഹു പരിശുദ്ധനും അവർ പങ്കു ചേർക്കുന്നതിൽ നിന്ന് അത്യുന്നതനുമാകുന്നു. (28:69)***

നിർദ്ധാരണം (Selection) എന്ന പ്രക്രിയ സ്രഷ്ടാവിന്റെ വിശേഷാധികാരത്തിൽപ്പെട്ടതാണ്. രണ്ടും തമ്മിൽ വേർപ്പെടുത്താൻ പാടില്ല എന്നതാണ് ഈ വചനത്തിലെ മുഖ്യ പ്രമേയം.

ദൈവം, തന്നെയാണ് സ്രഷ്ടാവെന്നും അവന്റെ സൃഷ്ടികളിൽ നിന്ന് അവൻ തിരഞ്ഞടുക്കുന്നുവെന്നും പ്രഖ്യാപിക്കുന്നു. കാര്യങ്ങൾ ആയിരിക്കേണ്ടതും ആയിരിക്കുന്നതും ഇപ്രകാരം തന്നെയാകുന്നു. ഈ പ്രഖ്യാ

***(ശേഷം 24- ൽ)***

മൂസ ഖുറൈഷി, ലണ്ടൻ

ലേഖനം

# ഹദ്റത്ത് മർയമിന്റെ കന്യകാപ്രസവം: യാഥാർത്ഥ്യമെന്ത്?

**കന്യകയായ ഹദ്റത്ത് മർയമിന്റെ ഗർഭധാരണത്തിൽ പ്രകൃതിനിയമങ്ങൾക്കതീതമായ യാതൊരു ദൈവിക ഇടപെടലുമില്ല. അപൂർവ്വമായി സംഭവിക്കുന്ന ഈ ജൈവിക പ്രതിഭാസത്തിന്റെ നാനാവശങ്ങളും ഖുർആൻ വചനങ്ങളിലൂടെ ലേഖകൻ വിശകലനം ചെയ്യുന്നു**

***"തന്റെ ചാരിത്രത്തെ സംരക്ഷിച്ച ആ സ്ത്രീയേയും സ്മരിക്കുക. അപ്പോൾ നാം അവളിൽ നമ്മുടെ ചൈതന്യത്തിൽ (റൂഹ്) നിന്നും ഊതി അവളേയും അവളുടെ പുത്രനേയും നാം ലോകത്തിൽ ഒരടയാളമാക്കിയിരിക്കുന്നു. നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാണ്. ഒരേയൊരു സമുദായം. ഞാൻ നിങ്ങളുടെ നാഥനാകുന്നു. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ (സൂറ: അമ്പിയാഅ് 92-3).***

മനുഷ്യരാശിക്കുമുമ്പിൽ സഹസ്രാബ്ദമായി ഇതിഹാസവത്ക്കരിക്കപ്പെട്ട ഒരു സംഭവത്തെപറ്റിയും സങ്കല്പത്തെപറ്റിയും ഖുർആൻ ഈ വചനത്തിൽ വിവരിക്കുകയാണ്. യേശുവിന്റെ അത്ഭുതകരമായ ജനനവും അദ്ദേഹത്തിന്റെ ആത്മീയതയും വിപുലമായ തോതിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ ജനനവും ആത്മീയസ്ഥാനവും വളരെ പരിതാപകരമായ രീതിയിലാണ് ക്രിസ്ത്യാനികളും മുസ്ലിംകളും വിലയിരുത്തുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ അന്ധവിശ്വാസജഡിലവും ശാസ്ത്രത്തെ സംബന്ധിച്ച് ഒന്നും അറിയാൻ പാടില്ലാത്തതുമായ ഒരു കാലഘട്ടത്തിലാണ് യേശുവിന്റെ തിരുപ്പിറവി സംഭവിച്ചത്. ആ കാലഘട്ടത്തിൽ ഉണ്ടായിരുന്ന അതേ ധാരണകളുടെ അടിസ്ഥാനത്തിലാണ് ഈ അത്ഭുതകരമായ ജനനത്തെ സംബന്ധിച്ച് ഇക്കാലത്തെ ആളുകളും വ്യാഖ്യാനിക്കുന്നത്.

ഖുർആൻ അല്ലാഹുവിന്റെ വിശുദ്ധ വചനമാണ്. എല്ലാവിധ കളങ്കങ്ങളിൽ നിന്നും വൈകല്യങ്ങളിൽ നിന്നും അത് തീർത്തും നിർമുക്തവുമാണ്. അതുകൊണ്ട് തന്നെ യേശു(അ)വിന്റെ ജനനത്തെ സംബന്ധിച്ച നിഗൂഢതകളുടെ ചുരുളഴിക്കാൻ ഖുർആനിക വചനങ്ങൾക്ക് കഴിയും. ഒരുപക്ഷേ, ആദ്യകാലത്ത് ഇസ്ലാമിലേക്ക് കടന്നുവന്ന ക്രിസ്ത്യാനികളുടെ സ്വാധീനം കൊണ്ടായിരിക്കാം മർയമിന്റെ ഗർഭധാരണത്തെക്കുറിച്ച് യാഥാസ്ഥിതിക മുസ്ലിം വിശ്വാസികൾ വെച്ചുപുലർത്തുന്ന സങ്കല്പങ്ങളിൽ നിഗൂഢതകളും അജ്ഞതയും നിറഞ്ഞുനില്ക്കുന്നത്. അല്ലാഹു ഏകനാണെന്നും അവന് ജൈവിക സന്താനങ്ങൾ ഇല്ലെന്നും മുസ്ലിംകൾ വിശ്വസിക്കുന്നു. എങ്കിലും ***'നമ്മുടെ ആത്മാവിൽ നിന്നും അവളിൽ ഊതി'*** (21:92) എന്ന ഖുർആനിക വചനം മർയമിന്റെ ഗർഭധാരണ സംഭവമായി മുസ്ലിം കൾ കണക്കാക്കാറുണ്ട്. ആയതിനാൽ പരോക്ഷമായി യേശുവിന്റെ പിതാവ് ദൈവമാണെന്ന് ചിലപ്പോൾ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു. അത്തരത്തിലുള്ള ദുർവ്യാഖ്യാനങ്ങൾ തെറ്റാണെന്ന് മാത്രമല്ല ഖുർആൻ വിരുദ്ധവുമാണ്. ഖുർആൻ അഗാധമായി പഠിക്കുകയാണെങ്കിൽ ജൈവികമായും ആത്മീയമായും യേശുവിന്റെ യഥാർത്ഥ സ്ഥാനം എന്താണ് എന്ന് നമുക്ക് ബോധ്യമാവുന്നതാണ്.

## അല്ലാഹുവിന്റെ വചനവും അവന്റെ ചൈതന്യവും (റൂഹ്)

ഒന്നാമതായി ഖുർആനിലെ 21-ാം അദ്ധ്യായത്തിലെ 92-ാം വച

നത്തിന്റെ അർത്ഥം വ്യക്തമായും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. അല്ലാഹു പ്രസ്തുത വചനത്തിൽ മർയമിന് യേശുവിനെ നൽകിയ കാര്യമല്ല പറയുന്നത്. മർയമിന് മകനെ നൽകുന്ന സുവിശേഷം അറിയിക്കുന്ന വചനം ഒന്ന് 3:46ഉം (സൂറ: ആലുഇംറാൻ) മറ്റൊന്ന് 4:172 (അന്നിസാഅ്)ലുമാണ്. ഈ രണ്ട് വചനങ്ങളിലും 'റൂഹ്' എന്നതിന് പകരം 'വചനം' എന്ന പദമാണ് ഉപയോഗിക്കുന്നത്.

***'ഓ മർയം നിശ്ചയമായും അല്ലാഹു തന്റെ പക്കൽ നിന്നുള്ള ഒരു വചനം മുഖേന നിനക്ക് (ഒരു മകനെക്കുറിച്ചുള്ള) സുവിശേഷം അറിയിക്കുന്നു. അവന്റെ പേര് മസീഹ് ഈസബ്നു മറിയം എന്നായിരിക്കും (അദ്ദേഹം) ഇഹത്തിലും പരത്തിലും ആദരണീയനും ദൈവസാമീപ്യം സിദ്ധിച്ചവരിൽപ്പെട്ടവനുമായിരിക്കും എന്ന് മലക്കുകൾ പറഞ്ഞ അവസരം (സ്മരിക്കുക) (ആലൂ ഇംറാൻ 3:46).***

***ഗ്രന്ഥാനുസാരികളെ, നിങ്ങൾ നിങ്ങളുടെ മതകാര്യങ്ങളിൽ അമിതത്വം പ്രവർത്തിക്കരുത് അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയുമരുത്. നിശ്ചയമായും മർയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മർയമിന് അവൻ ഇറക്കിക്കൊടുത്ത വചനത്തിന്റെ (സാക്ഷാത്ക്കാരവും) അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും മാത്രമാണ് (അന്നിസാഅ് 4:172)***

യേശുവിന്റെ ജനനസംബന്ധമായി വിവരിച്ച ഈ വചനങ്ങളിൽ അല്ലാഹുവിന്റെ 'റൂഹി'നെ (ചൈതന്യത്തെ അഥവാ ആത്മാവിനെ) പറ്റി യാതൊരു പ്രതിപാദനവുമില്ല. ഇവിടെ ഉപയോഗിച്ച 'അല്ലാഹുവിന്റെ വചനം' എന്ന പദം മർയമിന് സുവിശേഷമറിയിക്കുന്ന കാര്യമാണ്. അല്ലാതെ മർയമിന്റെ ഗർഭധാരണത്തിനുള്ള അണ്ഡവുമായി (Ovum) അല്ലാഹുവിന്റെ വചനം ഭൗതികാർത്ഥത്തിൽ സങ്കലനം ചെയ്തു എന്ന് കരുതാനാവില്ല.

## സൂറ: അൽ അമ്പിയായിലെ പ്രതിപാദനം

രണ്ടാമതായി സൂറ അൽ അമ്പിയായിലെ 92–ാം വചനം "തന്റെ ചാരിത്രത്തെ സംരക്ഷിച്ച ആ സ്ത്രീയേയും സ്മരിക്കുക. അപ്പോൾ നാം അവളിൽ നമ്മുടെ ചില വചനങ്ങൾ ഇറക്കി ചൈതന്യത്തെ (റൂഹിനെ) ഊതി. അവളേയും അവളുടെ പുത്രനേയും നാം ലോകത്തിന് അടയാളമാക്കിയിരിക്കുന്നു" എന്ന സൂ ക്തം. അതിന്റെ പശ്ചാത്തല സന്ദർഭത്തിന് ചേർന്ന വിധത്തിൽ പാരായണം ചെയ്യപ്പെടേണ്ടതാണ്. എല്ലാ ഖുർആനിക വചനങ്ങൾക്കും യുക്തിപരമായ ഒരു സഹബന്ധം അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. ശ്രദ്ധാപൂർവ്വം വായിക്കുകയാണെങ്കിൽ നമുക്കത് കണ്ടെത്താവുന്നതാണ്. സൂറ:അൽ അൽ അമ്പിയാഅ്ലെ ഈ വചനം (21:92) നാം പാരായണം ചെയ്യുമ്പോൾ ദൈവത്തെ തൃപ്തിപ്പെടുത്തുന്ന മഹത്തായ സ്വഭാവഗുണങ്ങളാൽ ദൈവപ്രീതിക്ക് പാത്രമായ പ്രവാചകന്മാരെക്കുറിച്ചും അവർക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളെക്കുറിച്ചും പറയുന്നു. ഇതിന്റെ തുടർച്ചയായാണ് ഈ വചനമെന്നും കാ ണാം. പ്രധാനമായ കാര്യം ഈ വചനം ഈ പശ്ചാത്തലത്തിലാണ് വ്യാഖ്യാനിക്കേണ്ടത് എന്നതാണ്.

ഈ വിഷയം ചർച്ച ചെയ്യുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സൂറ: അൽ അമ്പിയാഅ് മുഴുവനായി നാം വായിക്കുമ്പോൾ ആവർത്തിച്ചു പ്രതിപാദിക്കുന്ന ഒരു കാര്യം അല്ലാഹു അവൻ സൃഷ്ടിച്ച എല്ലാ സൃഷ്ടികളെക്കാളും അത്യുന്നതനാണ് എന്നാണ്. അതായത് എല്ലാ പ്രവാചകന്മാരും മനുഷ്യരായാണ് സൃഷ്ടിക്കപ്പെട്ടത്. അല്ലാഹുവും മനുഷ്യനും വ്യക്തമായും വ്യത്യസ്തമായ അസ്തിത്വങ്ങളാണ്. സൂറ: അൽ അംമ്പിയായിൽ പറയുന്നു.

***"അവരുടെ ഹൃദയങ്ങൾ അശ്രദ്ധയിൽ ആപതിച്ചിരിക്കുകയാണ് അക്രമികളായ ആളുകൾ രഹസ്യമായി കൂടിയാലോചന നടത്തുന്നു. 'ഇവൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണല്ലോ. എന്നിട്ടും നിങ്ങൾ കണ്ടുകൊണ്ടിരിക്കെ മാന്ത്രികവിദ്യയിൽ ചെന്നുപെട്ടുപോകുകയാണോ' (21:4)***

***നിങ്ങൾക്ക് മുമ്പും പുരുഷന്മാരെയല്ലാതെ നാം ദൂതന്മാരായി അയച്ചിട്ടില്ല. അതുകൊണ്ട് (നിഷേധികളെ) നിങ്ങൾ ഇക്കാര്യം അറിയാത്തവരാണെങ്കിൽ വേദക്കാരോട് ചോദിക്കുക. നാം അവരെ ഭക്ഷണം കഴിക്കാത്ത ശരീരങ്ങളാക്കിയിട്ടില്ല. അവർ ചിരകാലം ജീവിക്കുന്നവർ ആയിരുന്നതുമില്ല (21:8-9)***

***'ഞാനല്ലാതെ ഒരു ആരാധ്യനുമില്ല. അതിനാൽ എന്നെ ആരാധിക്കുവിൻ' എന്ന് ദിവ്യബോധനം നൽകികൊണ്ടല്ലാതെ ഒരു ദൂതനേയും നിനക്ക് മുമ്പ് നാം അയച്ചിട്ടില്ല. പരമകാരുണികനായ അല്ലാഹു സന്താനങ്ങളെ സ്വീകരിച്ചിരിക്കുന്നു എന്ന് അവർ പറയുന്നു. അവൻ എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാണ്. യഥാർത്ഥത്തിൽ (അവർ) ആദരണീയരായ അടിമകളാകുന്നു.*** (21:26, 27)

***അല്ലാഹുവിന് പുറമെ ഞാൻ ഒരു ദൈവമാണെന്ന് അവരിൽ***

***ആരെങ്കിലും പറയുന്നതായാൽ അവന് നരകമാണ് ഞാൻ പ്രതിഫലം നൽകുക. അക്രമികൾക്ക് ഇതേപ്രകാരം നാം പ്രതിഫലം നൽകുന്നു.*** (21:30)

***നിനക്ക് മുമ്പ് നാം ഒരു മനുഷ്യനും ചിരകാലായുസ്സ് നൽകിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചാൽ അവരാണോ ചിരഞ്ജീവികൾ*** (21:36)

***തീർച്ചയായും ഇതിൽ അല്ലാഹുവിനെ ആരാധിക്കുന്നവർക്ക് ഒരു സന്ദേശമുണ്ട്. നാം നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്. പറയുക നിങ്ങളുടെ ദൈവം ഒരേയൊരു ദൈവമാണെന്ന് എനിക്ക് ദിവ്യസന്ദേശം നൽകപ്പെട്ടിരിക്കുന്നു. അപ്പോൾ നിങ്ങൾ അനുസരണയുള്ളവരാണോ (21:107, 108, 109)***

ഈ ഖുർആനികാദ്ധ്യായത്തിലെ മിക്ക വചനങ്ങളും മർയമും ദൈവവും തമ്മിലുള്ള അതിഭൗതിക ബന്ധത്തിന്റെ ഫലമായിട്ടാണ് യേശു ജനിച്ചിട്ടുള്ളത് എന്ന തെറ്റായ ക്രിസ്തീയ വിശ്വാസത്തെ അഭിസംബോധന ചെയ്യുന്നതാണ്. അല്ലാഹുവിന്റേയും മനുഷ്യന്റേയും വ്യക്തിത്വവും അസ്തിത്വവും തികച്ചും വിഭിന്നങ്ങളാണെന്ന് ഈ അദ്ധ്യായം ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. ഒരിക്കലും തന്നെ അല്ലാഹു തന്റെ ഭൗതികാർത്ഥത്തിലുള്ള ആത്മാവ് മനുഷ്യനിലേക്ക് ഊതിക്കൊണ്ട് മനുഷ്യന് ജീവൻ നൽകുന്നില്ല. അതുകൊണ്ട് അല്ലാഹു തന്റെ 'റൂഹ്' മർയമിൽ ഊതി യേശുവിന് ജന്മം നൽകി എന്ന 21 അദ്ധ്യായത്തിലെ 92ാം വചനത്തിനെ വ്യാഖ്യാനിക്കുന്നത് ആ അദ്ധ്യായത്തിന്റെ (അൽ അമ്പിയായിലെ) പൊതു താൽപര്യത്തിനെതിരാണ്.

## എന്താണ് അല്ലാഹുവിൽ നിന്നുള്ള ചൈതന്യം അഥവാ ആത്മാവ്

21:92 വചനത്തിലുള്ളത്പോലെ 'മർയമിൽ അവന്റെ റൂഹിനെ (ചൈതന്യത്തെ) ഊതി എന്ന അർത്ഥമെടുക്കുകയും 'ചില വചനങ്ങൾ ഇറക്കി' എന്ന അർത്ഥം എടുക്കാതിരിക്കുകയും ചെയ്യുന്നുവെന്നിരിക്കട്ടെ. എങ്കിൽ മനുഷ്യനിൽ അല്ലാഹു തന്റെ ചൈതന്യത്തെ അഥവാ ആത്മാവിനെ ഊതി എന്ന് കാണുന്ന ഖുർആനിലെ മറ്റു സ്ഥലങ്ങളിലെ മൂന്നു വചനങ്ങളേയും അപ്രകാരം വ്യാഖ്യാനിക്കേണ്ടിവരും. അതായത് 21:92 വചനത്തെ വ്യാഖ്യാനിക്കുമ്പോൾ അതേ അർത്ഥമുള്ള മറ്റു മൂന്നു വചനങ്ങളും പരിശോധിക്കേണ്ട താണ്.

ഈ മൂന്നു വചനങ്ങളിലെ രണ്ട് വചനങ്ങൾ താഴെ പറയും പ്രകാരമാണ്.

***"നിന്റെ നാഥൻ മലക്കുകളോടു പറഞ്ഞ അവസരം സ്മരിക്കുക. മുട്ടിയാൽ ശബ്ദിക്കുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽ നിന്ന് ഞാൻ മനുഷ്യനെ സൃഷ്ടിക്കുവാനുദ്ദേശിക്കുകയാണ്. അങ്ങനെ നാം അവനെ ഏറ്റവും നല്ല നിലയിൽ രൂപപ്പെടുത്തുകയും എന്റെ ചൈതന്യത്തിൽ (റൂഹ്) നിന്നും ഒരംശം ഞാൻ അവനിൽ ഊതുകയും ചെയ്തുകഴിഞ്ഞാൽ നിങ്ങൾ അവനെ പരിപൂർണ്ണമായും അനുസരിച്ചു കൊണ്ട് അവന് കീഴ്പ്പെടുവിൻ (സൂറ ഹിജ്ർ : 15: 29, 31)***

***"നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക) തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്നും മനുഷ്യനെ സൃഷ്ടിക്കുകയാണ്. അങ്ങനെ ഞാൻ അവനെ ശരിയായി രൂപപ്പെടുത്തുകയും അവനിൽ എന്റെ ചൈതന്യത്തിൽ (റൂഹ്) നിന്ന് ഒരംശം ഞാൻ ഊതുകയും ചെയ്താൽ നിങ്ങളെല്ലാവരും അവനെ അനുസരിച്ചുകൊണ്ടു അവന്റെ മുമ്പാകെ കുനിയുവിൻ (സാദ്: 38:72, 73)***

ഖുർആൻ വചനങ്ങളെ പറ്റിയുള്ള കൂടുതൽ പഠനങ്ങൾ വ്യക്തമാക്കുന്നത് ഭൗതികാർത്ഥത്തിലും ആത്മീയാർത്ഥത്തിലും ഈ വചനം വ്യാഖ്യാനിക്കുന്നതിൽ മുസ്ലിംകൾക്ക് തെറ്റുപറ്റി എന്നാണ്.

***"ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക). അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയിക്കുകയാണോ? ഞങ്ങളാവട്ടെ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. (ഇതിന്നുത്തരമായി) അവൻ (അല്ലാഹു) പറഞ്ഞു. നിശ്ചയമായും നീ അറിയാത്തത് ഞാനറിയുന്നുണ്ട്. അവൻ (അല്ലാഹു) ആദമിന് എല്ലാ നാമങ്ങളും പഠിപ്പിച്ചുകൊടുത്തു. അനന്തരം അവൻ അവയെ മലക്കുകളുടെ മുന്നിൽ വെച്ചുകാട്ടി എന്നിട്ട് അവൻ പറഞ്ഞു. നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്നോടു പറയുക. അവർ പറഞ്ഞു: നീ പരിശുദ്ധനാണ് ഞങ്ങൾക്ക് നീ പഠിപ്പിച്ചുതന്നതല്ലാതെ ഞങ്ങൾക്ക് യാതൊരറിവുമില്ല. നിശ്ചയമായും സർവ്വജ്ഞനും യുക്തിജ്ഞനും നീ തന്നെയാകുന്നു. അവൻ പറഞ്ഞു.***

***ആദം നീ അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചുകൊടുക്കുക. അപ്രകാരം അദ്ദേഹം അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചു കൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യങ്ങൾ എനിക്കറിയാമെന്നും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നതും ഞാനറിയുന്നുവെന്നും നിങ്ങളോട് ഞാൻ പറഞ്ഞിരുന്നില്ലേ? നിങ്ങൾ ആദമിന് വഴിപ്പെടുക എന്ന് മലക്കുകളോടു നാം പറഞ്ഞ സന്ദർഭം. അപ്പോൾ അവർ വഴിപ്പെട്ടു. പക്ഷേ, ഇബ്ലീസ് (വഴിപ്പെട്ടില്ല) അവൻ വിസമ്മതിക്കുകയും അഹങ്കരിക്കുകയും ചെയ്തു. അവൻ നിഷേധികളിൽപ്പെട്ടവനായിരുന്നു.*** (അൽബക്കറ: 2:31-35)

പരിപൂർണ്ണമായും വികസിതനായി പക്വനില പ്രാപിച്ച മനുഷ്യനിൽ അല്ലാഹു തന്റെ ചൈതന്യത്തെ (റൂഹ്) ഊതിയതിന് ശേഷം അല്ലാഹു മലക്കുകളോട് ആദമിനെ അനുസരിക്കാൻ (സുജൂദ്) ആജ്ഞാപിച്ചതായാണ് ഈ ഖുർആനിക വചനം (2:31-35) പറയുന്നത്. ഈ വിഷയം ഖുർആനികവചനം 15:30ലും 38:73ലും ആവർത്തിക്കുന്നു. ഈ വചനങ്ങളിൽ ഭൂമിയിൽ ജനിച്ച് പക്വത പ്രാപിച്ച് ജ്ഞാനം നൽകപ്പെട്ടതിനുശേഷം ഭൂമിയിൽ ജീവിച്ചുകൊണ്ടിരിക്കെയാണ് മലക്കുകളോട് ആദമിനെ അനുസരിക്കാൻ അല്ലാഹു ആജ്ഞാപിച്ചതായാണ് ഈ ഖുർആൻ വചനത്തിൽ (2:31-5) അല്ലാഹു പറയുന്നത്. ഖുർആൻ വചനം 15:30ലും 38:73ലും പറയുന്നതും ഇക്കാര്യം തന്നെ. മനുഷ്യനിൽ അല്ലാഹു തന്റെ ചൈതന്യത്തെ (റൂഹ്)നെ ഊതി എന്നു പറയുമ്പോൾ മനുഷ്യന് ജൈവികമായ ജീവൻ നൽകിയതായി പറയുന്നില്ല. പകരം മനുഷ്യന് ആത്മീയജീവിതം നൽകിയതായാണ് പറയുന്നത്. അതായത് മനുഷ്യന് മഹത്തായ ആത്മീയ പദവികൾ നൽകുമ്പോഴോ അല്ലെങ്കിൽ അവന് അദൃശ്യ ജ്ഞാനങ്ങൾ നൽകുമ്പോഴോ ആണ് അല്ലാഹു തന്റെ ചൈതന്യത്തെ (റൂഹ്) മനുഷ്യനിൽ ഊതി എന്ന പദം ഉപയോഗിക്കുന്നത്. സ്വാഭാവികമായ യുക്തി നമ്മോട് ആവശ്യപ്പെടുന്നത് മനുഷ്യന്റെ ശാരീരികമായ ജീവനുമുമ്പിൽ അനുസരിക്കാനല്ല. മലക്കുകളോട് അല്ലാഹു കല്പിച്ചത് എന്നാണ്. ശാരീരികമായ അർത്ഥത്തിലുള്ള മനുഷ്യ ജീവന് മുമ്പിലാണ് മലക്കുകളോട് അനുസരണവണക്കം നടത്താൻ പറഞ്ഞതെങ്കിൽ എന്തുകൊണ്ട് മൃഗങ്ങളെ അനുസരിക്കാൻ ദൈവം മലക്കുകളോട് കല്പിച്ചില്ല? ശാരീരികമായി നോക്കുമ്പോൾ പല കാര്യത്തിലും മനുഷ്യനേക്കാൾ ശക്തൻ മൃഗങ്ങളാണല്ലോ. വാസ്തവത്തിൽ മൃഗങ്ങളേക്കാൾ മനുഷ്യന്റെ ഔന്നത്യം അവന്റെ ആത്മീയതയിലാണ്. അതുകൊണ്ട് നമ്മുടെ സ്വാഭാവികയുക്തി ആവശ്യപ്പെടുന്നത് അല്ലാഹുവിന്റെ ചൈതന്യം ഒരിക്കലും മനുഷ്യന് ശാരീരികമായ ജന്മം നൽകുന്നില്ല എന്നാണ്. അല്ലാഹുവിന്റെ റൂഹിനെ പറ്റി പ്രതിപാദിച്ച മൂന്നാമത്തെ ഖുർആൻ വചനത്തിലും (32:10). ഈ 'റൂഹ്' അഥവാ അല്ലാഹുവിന്റെ ചൈതന്യം ഒരിക്കലും തന്നെ ഗർഭധാരണത്തിന്റെ ജൈവിക പ്രക്രിയകളുമായി ബന്ധമുള്ളതല്ല എന്ന് കാണാം.

***'പിന്നീട് അവന്റെ (മനുഷ്യന്റെ) സന്തതിയെ നിസ്സാരമായ ഒരു വസ്തുവിൽ നിന്നുള്ള ഒരു സത്തിൽ (രേതസ്കണത്തിൽ) നിന്ന് അവൻ സൃഷ്ടിച്ചു. പിന്നീട് അവൻ പൂർണ്ണമായ കഴിവുകൾ നൽകി അവനെ (മനുഷ്യനെ) ശരിപ്പെടുത്തി അവൻ (അല്ലാഹു) തന്റെ ചൈതന്യത്തിൽ നിന്നും അവനിൽ (മനുഷ്യനിൽ) ഊതി. നിങ്ങൾക്ക് അവൻ ചെവിയും കണ്ണുകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തു. നിങ്ങൾ അല്പം മാത്രമേ നന്ദി കാണിക്കുന്നുള്ളൂ.*** (32:8, 10)

ആദ്യമനുഷ്യ സന്തതിയെ സൃഷ്ടിച്ചതിന് ശേഷമാണ് അല്ലാഹു തന്റെ റൂഹിനെ അവനിൽ (മനുഷ്യസന്തതിയിൽ) ഊതിയതെന്ന് ഖുർആൻ വചനം 32:10 നമ്മോട് പറയുന്നു. മനുഷ്യന്റെ ശാരീരികമായ അവയവം പൂർണ്ണ വളർച്ചയെത്തുന്നതിന് മുമ്പ് തന്നെ ഗർഭപാത്രത്തിൽ മനുഷ്യഭ്രൂണം ജീവനോടെ നിലനിൽക്കുന്നു എന്നത് സുവിദമാണല്ലോ. തീർച്ചയായും മനുഷ്യശിശു ജനിക്കുന്നത് വരെ മനുഷ്യന്റെ അടിസ്ഥാനാവയവങ്ങളായ നാഡീവ്യവസ്ഥയും കരളുമെല്ലാം പരിപൂർണ്ണമായിട്ടുണ്ടാവില്ല എന്നത് ശരിതന്നെ. അതുകൊണ്ട് ഈ വചനം ജൈവികമായ ശാരീരിക വളർച്ചയുടെ പൂർത്തീകരണത്തെ തുടർന്ന് ജീവൻ നൽകുന്നതിനെക്കുറിച്ചല്ല പ്രതിപാദിക്കുന്നത് എന്ന് വ്യക്തം. മനുഷ്യന് ജീവൻ നൽക എന്ന പ്രക്രിയ അവന്റെ ശാരീരികാവയവങ്ങൾ പൂർണവളർച്ച പ്രാപിക്കുന്നതിന് മുമ്പേ തന്നെ സംഭവിക്കുന്നു എന്നാണ് മേൽവിശദീകരണങ്ങളിൽ നിന്നും നാം സ്ഥാപിക്കുന്നത്. എവിടെയെല്ലാം അല്ലാഹു തന്റെ ചൈതന്യത്തെ (റൂഹ്) മനുഷ്യനിൽ ഊതി എന്നു പറഞ്ഞുവോ അവിടെയെല്ലാം മനുഷ്യന്, ആത്മീയ ജീവിതം നൽകി എന്നാണർത്ഥം. ശാരീരികമായ അഥവാ ജൈവികമായ ജീവൻ നൽകി എന്ന അർത്ഥം അതിനില്ല.

## അല്ലാഹു മർയമിൽ എങ്ങനെ ഊതി

***തന്റെ ചാരിത്രത്തെ സംരക്ഷിച്ച ആ സ്ത്രീയേയും സ്മരിക്കുക. അപ്പോൾ നാം അവളിൽ നമ്മുടെ ചില വചനങ്ങൾ ഇറക്കി. അവളേയും അവളുടെ പുത്രനേയും നാം ലോകത്തിന് ഒരടയാളമാക്കിയിരിക്കുന്നു.*** (21:92)

മർയം തന്റെ ചാരിത്രം സംരക്ഷിച്ച കാരണത്താൽ അല്ലാഹു ദിവ്യാൽഭുതപരമായി തന്റെ റൂഹിനെ അവരിലേക്ക് ഊതുകയും ഒരു പിതാവിന്റെ സഹായമില്ലാതെ ഒരു പുത്രന് ജന്മം നൽകി എന്നുമാണ് മുസ്‌ലിംകൾ പൊതുവെ ധരിച്ചുവെച്ചിരിക്കുന്നത്. അവരങ്ങനെ ഊഹിക്കാൻ കാരണം ആദംനബി(അ)യിൽ റൂഹിനെ ഊതി എന്ന ഖുർആനിൽ പറഞ്ഞതിന്റെ അർത്ഥം ആദം(അ)മിനെ ശാരീരികമായി ജീവൻ നൽകിയതാണെന്ന് അവർ തെറ്റിദ്ധരിച്ചത് കൊണ്ടാണ്. മർയമിനെ സംബന്ധിച്ച് അത്തരമൊരു വ്യാഖ്യാനം ഒരിക്കലും ഖുർആൻ പിന്തുണക്കുന്നില്ല. അത് ധാർമ്മിക യുക്തിക്കും യോജിക്കുന്നതല്ല. ഒരുപാട് സ്ത്രീകൾ ചാരിത്രത്തെ സംരക്ഷിക്കുന്നവരായുണ്ട്. പക്ഷേ ഇത് അവരിൽ ദിവ്യാത്ഭുതപരമായി ദൈവം ഒരു പുത്രനെ നൽകാൻ മതിയായ കാരണമാകുന്നില്ല. മാത്രമല്ല ഒരു പുത്രൻ ജനിക്കുന്നതിന് മുമ്പായി ഖുർആൻ വിവരിക്കുന്നത് അല്ലാഹു മർയമിനു അവന്റെ വചനമാണ് ഇറക്കിയത് 'റൂഹ്' അല്ല.

സൂറാ അൽ അമ്പിയാഅ്-ൽ ഖുർആൻ വചനം 21:92ന് മുമ്പായുള്ള നിരവധി വചനങ്ങളിൽ പ്രവാചകന്മാർ എപ്രകാരമാണ് ധാർമ്മികമായ സംശുദ്ധജീവിതം നയിക്കുന്നത് എന്ന് വിവരിക്കുകയും അല്ലാഹു അവരെ എങ്ങനെയാണ് സ്നേഹിക്കുന്നതെന്നും വിവരിക്കുകയുമാണ്. ഇബ്രാഹിം നബി(അ)യെ അല്ലാഹു തീയിൽ നിന്നും രക്ഷിച്ചു (21:69, 70) ലൂത്ത് നബി(അ)യെ അദ്ദേഹത്തിന്റെ ജനതയുടെ വിദ്വേഷത്തിൽ നിന്നും (21:75) നൂഹ് നബി (അ)യെ പ്രളയത്തിൽ നിന്നും (21:77) സുലൈമാൻ നബി(അ)യേയും ദാവൂദ് നബി(അ)നേയും മഹത്തായ അനുഗ്രഹങ്ങൾ നൽകിയെന്നു (21:79-83)മുള്ള വിവരണമാണ് പ്രസ്തുത വചനത്തിനു മുമ്പായുള്ള വചനങ്ങളിൽ വിവരിക്കുന്നത്. അയ്യൂബ് നബി(അ)യുടേയും (21:85) ദുൽ നൂൻ (അ)ന്റേയും (21:88) പ്രയാസങ്ങൾ അല്ലാഹു ദൂരീകരിച്ചു. മാത്രമല്ല സക്കരിയ്യാ നബി(അ)ക്ക് തന്റെ വന്ധ്യയായ ഭാര്യയിൽ ഒരു പുത്രനെ നൽകി (21:91) അതിനുശേഷമാണ് അല്ലാഹു മർയമിൽ തന്റെ 'റൂഹി'നെ ഊതുകയും അവരേയും അവരുടെ മകനേയും ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു എന്ന പ്രസ്താവന (21:92) ഖുർആൻ നടത്തുന്നത്. അതായത് സൽക്കർമ്മം ചെയ്യുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നു എന്ന വാഗ്ദാനത്തെപറ്റി പറയുന്നതിന് മുമ്പായാണ് അല്ലാഹു ഇക്കാര്യം പറയുന്നത്. ആ വാഗ്ദാനത്തെപറ്റി ഇങ്ങിനെ ഖുർആൻ പറയുന്നു:

***'അപ്പോൾ ആരെങ്കിലും സത്യവിശ്വാസിയായിരിക്കെ സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ അയാളുടെ പരിശ്രമം തള്ളിക്കളയുകയില്ല. തീർച്ചയായും നാം അത് രേഖപ്പെടുത്തിവെക്കുന്നതാണ്*** (21:95)

ഈ വചനത്തിൽ (21:92)ൽ ഊന്നിപറയുന്നത് ഹദ്റത്ത് മർയം തന്റെ ചാരിത്രം സംരക്ഷിച്ചു. ആയതിനാൽ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവൻ മർയമിൽ തന്റെ റൂഹിനെ ഊതി എന്നാണ്. അതായത് ആർ സൽക്കർമ്മങ്ങൾ നിർവഹിക്കുമോ അവരിലെല്ലാം റൂഹിനെ ഊതിയത് പോലെ മർയമിലും ഊതി എന്നാണ്. 32:8 മുതൽ 10 വരെയുള്ള വചനങ്ങൾ കാണുക:

യഹൂദസമുദായത്തിന്റെ ധാർമ്മികത അങ്ങേയറ്റം ജീർണ്ണമായ ഒരു കാലഘട്ടത്തിൽ ഹദ്റത്ത് മർയമിന്റേയും അവരുടെ പുത്രന്റേയും ഉന്നതമായ ആത്മീയഗുണങ്ങളിൽ 'എല്ലാവർക്കും അടയാള'മാവുകയാണുണ്ടായത്. ഈ വ്യാഖ്യാനമാണ് സൂറ അൽ അംബിയായിലെ സന്ദേശവും ഘടനയുമായി പൂർണമായി സമരസപ്പെടുന്ന വ്യാഖ്യാനവും.

## മർയമിന്റെ ഗർഭധാരണത്തിലെ നിഗൂഢതകൾ

യേശുവിന്റെ ജനനത്തിലെ അത്ഭുതത്തെപ്പറ്റി ഖുർആൻ പറഞ്ഞ വചനം നേരത്തെ പ്രതിപാദിച്ചിരുന്നുവല്ലോ. വളരെ വിസ്മയകരമായ വസ്തുത യേശുവിനെ പറ്റി നേരിട്ട് പ്രതിപാദിക്കുന്ന ഒരൊറ്റ ഖുർആൻ വചനങ്ങളിലും ഈ പ്രഹേളികക്ക് സൈദ്ധാന്തികമായ ഒരു പരിഹാരം കാണാൻ സാധ്യമല്ല എന്നതാണ്.

കന്യകയുടെ ഗർഭധാരണവും പ്രസവവും സംബന്ധിച്ച പ്രതിഭാസത്തെക്കുറിച്ച് ഖുർആനിൽ നിന്നും എന്തെങ്കിലും നിഗമനം ലഭിക്കുന്നതിന് മുമ്പായി ഗർഭധാരണത്തിനു മുമ്പ് മർയമിനെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ല എന്ന കാര്യം നാം ഖുർആനിൽ നിന്നു ഉറപ്പുവരുത്തേണ്ടതുണ്ട്.

***'അവൾ പറഞ്ഞു: എന്റെ നാഥാ എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ലാതിരിക്കെ എനിക്ക് എങ്ങനെ ഒരു കുട്ടിയുണ്ടാവും?***

***അവൻ (അല്ലാഹു) പറഞ്ഞു: അതങ്ങനെ തന്നെയാണ്, താൻ ഇച്ഛിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ 'ഉണ്ടാവുക' എന്ന് അതിനോട് പറയുക മാത്രമാണ് അവൻ ചെയ്യുന്നത് അപ്പോൾ അതുണ്ടാവുന്നു. (3:48)***

***'അവൾ പറഞ്ഞു: എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. ഞാൻ വ്യഭിചാരിണി ആയിട്ടുമില്ല. ആ സ്ഥിതിക്ക് എനിക്ക് എങ്ങനെയാണ് ഒരു സുതനുണ്ടാകുക?***

***അദ്ദേഹം പറഞ്ഞു: അതങ്ങനെതന്നെ (പക്ഷേ) ഇതെനിക്ക് എളുപ്പമുള്ള കാര്യമാണെന്ന് നിന്റെ നാഥൻ പറയുന്നു. അവനെ ജനങ്ങൾക്ക് അടയാളമാക്കുന്നതിനും നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യമായിട്ടും ആണ്. ഇത് വിധിക്കപ്പെട്ട ഒരു കാര്യമായി ത്തീർന്നിരിക്കുന്നു (19:21, 22)***

താൻ എങ്ങനെ യേശുവിനെ ഗർഭം ധരിക്കുമെന്ന കാര്യം മർയമിനുപോലും അറിയില്ലായിരുന്നു എന്ന് ഈ വചനത്തിൽ നിന്നും വ്യക്തമാവുന്നു. 'ഇത് വിധിക്കപ്പെട്ട ഒരു കാര്യമാണെന്ന്' പറയുകയല്ലാതെ ഇതിനെ സംബന്ധിച്ച് വ്യക്തമാക്കി കൊടുക്കുന്നില്ല.

എങ്കിലും ഖുർആൻ കന്യകാ പ്രസവം എന്ന ഈ പ്രതിഭാസത്തെ പറ്റി മറ്റൊരു രീതിയിൽ നിഗൂഢാത്മകമായി മുസ്ലിം പണ്ഡിതന്മാരെ അമ്പരപ്പിക്കുമാറ് സൂചനകൾ നൽകുന്നു.

***ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ഓർക്കുക) നാഥാ എന്റെ വയറ്റിലുള്ള കുട്ടിയെ സ്വതന്ത്രമാക്കിക്കൊണ്ട് നിനക്കുവേണ്ടി ഞാൻ നേർച്ചയാക്കിയിരിക്കുന്നു. അതുകൊണ്ട് നീ എന്നിൽ നിന്ന് (അത്) സ്വീകരിക്കേണമേ! എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും നീ തന്നെയാണ്. പിന്നീട് അവൾ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു. എന്റെ നാഥാ ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും അറിയുന്നവനാണ് (അവൾ ഉദ്ദേശിച്ച) ആൺ കുഞ്ഞ് (അവൾ പ്രസവിച്ച) പെൺകുഞ്ഞിനെ പോലെയല്ലല്ലോ. ഞാൻ അവൾക്ക് മർയം എന്ന നാമകരണം ചെയ്തിരിക്കുന്നു. അവളേയും അവളുടെ സന്തതികളേയും ശപിക്കപ്പെട്ട പിശാചിന്റെ (ഉപദ്രവത്തിൽ നിന്നു രക്ഷിക്കുവാനായി) ഞാൻ നിന്നെ അഭയം തേടുന്നു. (3:36, 37)***

അത്ഭുതകരമായിട്ടുള്ള കാര്യം. ഇംറാന്റെ ഭാര്യ മർയമിനെ പ്രസവിച്ചപ്പോൾ അത് ഒരു സ്ത്രീയാണ് എന്ന് അല്ലാഹു തീർത്തു പറയുന്നില്ല. **'ആൺകുഞ്ഞ് പെൺകുഞ്ഞിനെപോലെയല്ലല്ലൊ"** എന്നാണ് പറയുന്നത്. ഈ രണ്ട് നിഗൂഢാത്മ വചനം നാമെങ്ങിനെയാണ് വ്യാഖ്യാനിക്കുക!

ആധുനികകാലത്ത് കന്യകാപ്രസവം, ശാസ്ത്രീയ പഠനങ്ങളുടെ മേഖലയിൽപ്പെട്ടതാണ്. ഇത് സംബന്ധമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണങ്ങൾ സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു.

ഒന്നാമതായി പാർഥനോജെനിസിസ് (Parthenogenesis) ആണ് ഈ പ്രതിഭാസം സംബന്ധിച്ച് ചൂണ്ടിക്കാട്ടുന്നത്. ഈയൊരു പ്രത്യുല്പാദന പ്രതിഭാസം സാധാരണ ഷഡ്പദങ്ങളിലും മത്സ്യങ്ങളിലും കാണപ്പെടുന്നു. അതായത് അണ്ഡം (Ovum) പുംബീജത്തിന്റെ സഹായമില്ലാതെ (Spermatazoon) അണ്ഡം സ്വയം തന്നെ പുതിയ ഒരു ജീവിയായി രൂപാന്തരപ്പെടുന്നു. സ്വയം തന്നെയുള്ള പാർഥെനോജെനിസിസ് മനുഷ്യന്റെ അണ്ഡക (Oocyte)ത്തിൽ അഥവാ അണ്ഡം ഉൽപാദിപ്പിക്കുന്ന കോശത്തിൽ സംഭവിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പക്ഷേ വളരെ വളരെ അപൂർവ്വമാണ് ഈ പ്രതിഭാസം സംഭവിക്കുകയുള്ളൂ.(3)

'കോശവിഭജനത്തിന്റെ ബ്ളാസ്റ്റോസൈസ്റ്റ് (Blastocyst) ഘട്ടം വരെ പാർഥെനോജെനിസിസ് നടക്കുകയുള്ളൂ.'(4)

'പാർഥെനോജെനിസിസ് നടക്കുമ്പോൾ മനുഷ്യന്റെ അണ്ഡകോശം, മുഴുവൻ പ്രവർത്തനനിരതമായ സെൻട്രോസോം നഷ്ടപ്പെടുന്നതിനാൽ അതിന്റെ ജൈവപ്രക്രിയ അപൂർണ്ണമായിരിക്കും. മാതാവിന്റെ ജനിതകമുദ്രകളിൽ നിന്നും ആവശ്യമായ ജനിതക വിവരങ്ങൾ പാർഥെനോട്ടുകൾക്ക് ലഭ്യമാകാതെ വരുന്നതിനാലാണ് ജൈവപ്രക്രിയ പൂർണ്ണമാവാതെ പോവുന്നത്' (5)

'മാത്രമല്ല സൈദ്ധാന്തികമായി സസ്തനികളിലെ പാർഥെനോജെനിസിസ് ക്രോമോസോമുകളോടുകൂടിയ ഒരു പെൺസന്തതിയെ തന്നെയാണ് ഉൽപാദിപ്പിക്കുക. ആയതിനാൽ യേശു(അ)വിന്റേത് പോലെ ഒരു ആൺതലമുറക്ക് ജന്മം കൊടുക്കില്ല' (6)

രണ്ടാമതായി ശരിയായ രീതിയിലുള്ള ഉഭയലിംഗത്വ(Hermaphrolatism) ത്തിന്റെ പ്രവർത്തനം യേശു (അ)വിന്റെ ജനനത്തിൽ സംഭവിച്ചിട്ടുണ്ട് എന്നതാണ് കൂടുതൽ യുക്തിപരമായ വിശദീകരണം. ഇതൊരു ജന്മജാത (cogential)മായ അവസ്ഥയാണ്. അതായത് സ്ത്രീ പുരുഷ സ്വഭാവത്തോടുകൂടി ബാഹ്യമായ ജനനേന്ദ്രിയവും (Genitalia) ആന്തരികമായ ലൈംഗികാവ

യവവും ജന്മനാലുള്ള അവസ്ഥ. പൂർണ്ണമായ ഒരു ഉഭയലിംഗ ജീവിക്ക് സ്ത്രീയുടെ അണ്ഡാശയത്തിന്റേയും പുരുഷ ന്റെ ബീജകോശങ്ങൾ ഉല്പാദിപ്പിക്കേണ്ട വൃഷണങ്ങളുടേയും കോശ കലകൾ (Tissues) യഥാർത്ഥ ഉഭയലിംഗ ജീവിയിൽ കാണാം. ഈയൊരു ജൈവഗുണം പലപ്പോഴും വളരെ അപൂർവ്വമായേ തിരിച്ചറിയപ്പെടുന്നുള്ളൂ. 1990ൽ പൂർണമായും ഉഭയലിംഗജീവിയായ ഒരു മുയലിനെ കണ്ടെത്തുകയും പരീക്ഷണശാലയിലെ പ്രത്യേക പരിതസ്ഥിതിയിൽ ഗർഭിണിയാവുകയുമുണ്ടായി.' (7) മനുഷ്യനിലും ബാഹ്യമായ പുരുഷന്റെ സഹായമില്ലാതെ സ്വയം തന്നെ പ്രത്യുൽപാദനം നടത്തുന്ന ഉഭയലിംഗത്വത്തിന്റെ സാധ്യതയും ശാ സ്ത്രീയമായി ഉറപ്പാക്കപ്പെട്ടിട്ടുണ്ട്.

'വൈദ്യശാസ്ത്രത്തിന്റെ ഇടപെടലിലൂടെ ഉഭയലിംഗത്വമുള്ള മനുഷ്യനിൽ സ്വയം പ്രത്യുൽപാദനം തീർച്ചയായും സാധ്യമാണെങ്കിൽ മറ്റൊരു ചോദ്യം ഉയർന്നുവരാവുന്നതാണ്. അതായത് അത്തരത്തിലുള്ള സ്വയം പ്രത്യുൽപാദനം വളരെ അപൂർവ്വമായി സാധ്യമാണെങ്കിൽ എന്തുകൊണ്ട് വൈദ്യശാസ്ത്രത്തിന്റെ ഇടപെടൽ കൂടാതെ തന്നെ അത്തരം പ്രത്യുൽപാദനം സാധ്യമല്ല? നിരവധി സംസ്കാരങ്ങളിലെ ഇതിഹാസങ്ങളിൽ ഇങ്ങനെ ഉഭയലിംഗജീവികളായ മനുഷ്യർ സ്വയം പ്രത്യുൽ പാദനം നടത്തി സന്തതികളെ ഉല്പാദിപ്പിച്ചതായികാണുന്നു. നിരവധി വ്യത്യസ്ത സമൂഹങ്ങളിൽ ഇങ്ങനെ കന്യകകൾ പ്രസവിച്ചതിന് ചരിത്രപരമായ രേഖകളുമുണ്ട്' (8)

താഴെ കാണുന്ന പ്രസക്തമായ ഖുർആനിലെ വചനം നാം വായിക്കുമ്പോൾ ഒരുപക്ഷേ ഖുർആൻ യഥാർത്ഥത്തിലുള്ള ഒരു ഉഭയലിംഗ ജീവിയുടെ ജൈവികാവസ്ഥയെ തീർച്ചയായും പരാമർശിക്കുകയായിരിക്കും ചെയ്യുന്നത്.

***'വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും അറിയുന്നവനാണ് (അവൻ ഉദ്ദേശിച്ച) ആൺകുഞ്ഞ്. അവൾ പ്രസവിച്ച പെൺകുഞ്ഞിനെപ്പോലെയല്ലല്ലോ*** (3:37). അതാണ് ഖുർആനിക പ്രതിപാദനത്തിന്റെ ഉചിതജ്ഞതയും ആഖ്യാനസൗന്ദര്യവും. അല്ലാഹു ഇങ്ങനെയാണ് മർയമിലുള്ള സൈദ്ധാന്തികമായ ഉഭയലിംഗ സ്വഭാവത്തെ വിവരിക്കുന്നത് മറ്റു മതഗ്രന്ഥങ്ങളിലെ വിവരണവുമായി ഖുർആനിക വിവരണത്തിനുള്ള വ്യത്യാസം ശ്രദ്ധേയമാണ്. ഒരു ജീവശാസ്ത്ര പ്രതിഭാസത്തെപറ്റി ശാസ്ത്രീയമായി തികഞ്ഞ അജ്ഞത നടമാടിയിരുന്ന 7-ാം നൂറ്റാണ്ടിലെ അറേബ്യയിലെ ആ കാലഘട്ടത്തിൽ ഖുർആൻ നടത്തിയ ഈ പരാമർശത്തിന്റെ യാഥാർത്ഥ്യം ഇന്നും അപൂർണ്ണമായി മാത്രമേ മനസ്സിലാക്കപ്പെടുന്നുള്ളൂ എന്നതും വാസ്തവത്തിൽ ഒരു ദിവ്യാത്ഭുതം തന്നെയാണ്.

## ഉപസംഹാരം

യേശുവിന്റെ അത്ഭുതകരമായ ജനനത്തെ സംബന്ധിച്ച് ഖുർആൻ നടത്തിയ പരാമർശങ്ങൾ അനുക്രമമായും യുക്തിപരമായും നാം പരിശോധിക്കുകയുണ്ടായി. ചരിത്രത്തിൽ അതീവപ്രാധാന്യമുള്ള ഈ വിഷയത്തെ സംബന്ധിച്ച് ഖുർആൻ പറഞ്ഞ ഈ വേറിട്ടുള്ള വിവരണം നിരവധി മുസ്ലിംകൾ തെറ്റായി വായിക്കപ്പെടുകയും ചെയ്യുന്നു. 'സൂറാ: 'അൽ അമ്പിയാഅ് എന്ന ഖുർആൻ അദ്ധ്യായത്തിലെ 'അല്ലാഹുവിന്റെ റൂഹിനെ മനുഷ്യനിലേക്കുള്ള ഊതൽ' പോലെയുള്ള പ്രധാനപ്പെട്ട ആശയങ്ങൾ ഉൾക്കൊള്ളുന്ന വചനങ്ങൾ ശരിയായ ക്രമത്തിലും സന്ദർഭത്തിലും പശ്ചാത്തലത്തിലും വിന്യസിച്ച് മനസ്സിലാക്കിയാൽ മാത്രമെ ഖുർആന്റെ സ്വച്ഛമായ ഭാഷാരീതിയും സന്ദേശവും മനസ്സിലാക്കാൻ സാധ്യമാവൂ. ഒരു പക്ഷേ ഈ അന്വേഷണത്തിൽ നാം മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട പാഠം ഇസ്‌ലാമിലെ ദിവ്യാത്ഭുതങ്ങളെ (മുഅ്ജിസ) പറ്റിയാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് മിർസാത്വാഹിർ അഹ്മദിന്റെ വിലയിരുത്തൽ കാണുക.

'ഇസ്‌ലാം അത്ഭുതങ്ങളെ (Miracles) പ്രകൃതിക്ക് വിരുദ്ധമായ സംഭവങ്ങൾ എന്ന നിലക്കല്ല കാണുന്നത്. അത്തരം അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അക്കാലത്തെ മനുഷ്യവിജ്ഞാനത്തിന് അത് വിശദീകരിക്കാനായില്ല എന്ന് മാത്രം പ്രകൃതിനിയമത്തിന് വിരുദ്ധമാ യാണ് സംഭവിക്കുന്നതെങ്കിൽ ദൈവത്തിന്റെ മഹത്വത്തെ സംബന്ധിച്ച് ധാരാളം ചോദ്യങ്ങൾ അത് ഉയർത്തിക്കൊണ്ടുവരുമായിരുന്നു. പ്രകൃതിനിയമം ദൈവം സ്വയം ഉണ്ടാക്കിയതാണെങ്കിൽ അത് ലംഘിക്കാതെ തന്നെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏർപ്പാടുകൾ അവൻ ചെയ്തിട്ടുണ്ടായിരിക്കണം.

എല്ലാ നിയമങ്ങളും മനുഷ്യന് അറിയില്ല...... അത്ഭുതങ്ങൾ എന്നത് നിശ്ചിതകാലത്തെ മനുഷ്യവിജ്ഞാനവുമായി ബന്ധപ്പെട്ടതാണ് ദൈവത്തിന്റെ അസാധാരണമായ ഒരു പ്രതിഭാസം പ്രകടിതമാവുമ്പോൾ പ്രത്യക്ഷത്തിൽ ഒരു പ്രകൃതിനിയമം ലംഘിക്കപ്പെട്ടതായിത്തോന്നും. വാസ്തവത്തിൽ അത് പ്രകൃതിനിയമത്തിന് വിരുദ്ധമോ അതിന്റെ ലംഘനമോ അല്ല. ആ പ്രതിഭാസം പ്രകടി

***(ശേഷം 24- ൽ)***

ലേഖനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

# സ്വർഗത്തിൽ കർമ്മം ചെയ്യണമോ?

**സ്വർഗത്തിൽ മനുഷ്യൻ നിഷ്ക്രിയനല്ല. അവന്റെ കർമ്മം തുടർന്നു പോകുകയും അവൻ ജ്ഞാനത്താൽ അനുഗ്രഹീതനാവുകയും ചെയ്യും.**

പരലോകത്ത് മനുഷ്യൻ എന്താണ് ചെയ്യുക? അതിനുള്ള മറുപടി നൽകാത്ത പക്ഷം മരണാനന്തരജീവിതത്തെ സംബന്ധിച്ച ഈ വിവരണം അപൂർണമായിരിക്കുന്നതാണ്. മനുഷ്യന്റെ കർമങ്ങൾ അവസാനിക്കുമോ? അവിടെ അവൻ വയസ്സായ ഒരാളെപ്പോലെ തീറ്റിയിലും കുടിയിലും മാത്രം നിരതനായിരിക്കുമോ? അതോ എന്തെങ്കിലും കർമത്തിൽ ഏർപ്പെട്ടിരിക്കുമോ?

മനുഷ്യന്റെ ജീവിതംതന്നെ കർമ്മങ്ങളാകുന്നു. എന്നതാണ് ഇതിനുനൽകാനുള്ള ഇസ്ലാമികമായ മറുപടി. ഒരാളെ അയാളുടെ കർമ്മങ്ങളിൽനിന്നു വേർപെടുത്തുക എന്നുവെച്ചാൽ അയാളുടെ ജീവിതം ഉപയോഗശൂന്യമാക്കുക എന്നർത്ഥമാകുന്നു. കർമരഹിതമായ ജീവിതം മരണത്തെക്കാൾ ചീത്തയാകുന്നു. നിഷ്ക്രിയമായ ജീവിതം നല്ലൊരു കാര്യമാണെങ്കിൽ ഈ ലോകത്തെ അലസജീവിതം നയിക്കുന്നവരെല്ലാം ഉത്തമന്മാരായി പരിഗണിക്കപ്പെട്ടിരിക്കുമായിരുന്നു. സക്രിയമായ ജീവിതത്തിന്റെ ആനന്ദം നുകർന്നിട്ടുള്ളവർക്കറിയാം, കർമവും കർമത്തിലുള്ള മുന്നേറ്റവുമാണ് യഥാർത്ഥത്തിലുള്ള ആനന്ദവും സുഖവുമെന്ന്. ഉദാസീനമായ ജീവിതം വിഡ്ഢിയുടെ സ്വർഗമാണ്; ബുദ്ധിയുള്ളവരാരും അതിനെ നന്മയായി കാണുകയില്ല. ഖുർആൻ പറയുന്നു.

*"അവരുടെ മുന്നിലും വലതും വശത്തും അവരുടെ പ്രകാശം പ്രസരിച്ചുകൊണ്ടിരിക്കും. അവർ പ്രാർത്ഥിക്കും, 'ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചുതരേണമേ; ഞങ്ങൾക്ക് പൊറുത്തുതരേണമേ; തീർച്ചയായും നീ എല്ലാകാര്യത്തിനും കഴിവുള്ളവനാണ്". (66:9)*

അതായത്, ഒരോ വിശ്വാസിയും പുരോഗതിപ്പെട്ടുകൊണ്ടിരിക്കുകയും പുരോഗതിയുടെ പുതിയ പുതിയ പടവുകൾ കണ്ടുകൊണ്ടിരിക്കുകയും അതു പ്രാപിക്കാനുള്ള ആഗ്രഹത്തോടെ അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

വിശുദ്ധഖുർആൻ വീണ്ടും പറയുന്നു;

*"ഒരു സത്യവിശ്വാസിയ്ക്ക് സ്വർഗത്തിൽ തളർച്ച അനുഭവപ്പെടുകയില്ല"* (15:49).

സ്വർഗ്ഗത്തിലും കർമം ഉണ്ടാകുമെന്നും എന്നാൽ അതു തളർച്ചയും ക്ഷീണവും സൃഷ്ടിക്കുകയില്ലെന്നും ഇതു മനസ്സിലാക്കിതരുന്നു. വീണ്ടും വിശുദ്ധഖുർആൻ പറയുന്നു.

"അല്ലയോ, ശാന്തിയെ പ്രാപിച്ച ആത്മാവേ, നീ നിന്റെ നാഥനിലേയ്ക്ക് മടങ്ങുക സംതൃപ്തനും (അല്ലാഹുവിന്റെ പക്കൽ) പ്രീതിപ്പെട്ടവനുമായിക്കൊണ്ട്. എന്നിട്ട്, എന്റെ ഉത്തമദാസരിൽ ചേർന്നുകൊള്ളുക; എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക" (89:28-31) അവിടെ ദൈവത്തിന്റെ കുറ്റമറ്റ പരിപൂർണ്ണമായ എല്ലാ ഗുണങ്ങളും വെളിപ്പെടുമാറാകുന്നു.

മനുഷ്യൻ ഈ ലോകത്തുവച്ചും കർമങ്ങൾ അനുഷ്ഠിക്കുന്നുവെങ്കിലും യഥാർത്ഥമായ കർമങ്ങളുടെ കാലം മരണത്തിനുശേഷമാണ് ആരംഭിക്കുന്നത് എന്നാണ് ഈ വാക്യം മനസ്സിലാക്കിത്തരുന്നത്. അപ്പോഴാണ് ഒരു സത്യവിശ്വാസി ദൈവത്തിന്റെ ഒരു യഥാർത്ഥദാസനായിതീരുന്നത്. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ ഗുണങ്ങൾ തന്നിൽ ലയിപ്പിക്കാനുള്ള പൂർണമായ അവസരം അവനു കൈവരുന്നത് അപ്പോൾ മാത്രമാണ്.

ആകയാൽ. മനുഷ്യന്റെ കർമ

ങ്ങൾ അവിടെ അവസാനിച്ചു പോകുന്നതല്ല; മറിച്ചു, അതു വർദ്ധിക്കുകയാണ് ചെയ്യുക. വിശുദ്ധനബി (സ) പറയുന്നു;

“സ്വർഗത്തിൽ വിശ്വാസികൾക്ക് ‘തസ്ബീഹു’കളും ‘തക്ബീറു’കളും വെളിപാടുകൾ മുഖേന പഠിപ്പിക്കപ്പെടും.”

ദൈവകീർത്തനത്തിലുള്ള പുതിയ സ്ത്രോത്രവചനങ്ങളും കീർത്തനവാക്യങ്ങളും പഠിപ്പിക്കപ്പെടും എന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. ഈ ജോലി അവൻ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധിയും ഔന്നത്യവും മഹത്വവും മനസ്സിലാക്കിത്തരുന്ന പുതിയ പുതിയ ഗുണവിശേഷങ്ങൾ അവനുവെളിപ്പെടുത്തിക്കൊടുക്കുകയും അതുവഴി ആ ഗുണങ്ങളും തന്നിൽ പകർത്താൻ അവൻ പരിശ്രമിക്കുകയും ചെയ്യും എന്നതാണ് ഇപ്പറഞ്ഞതിന്റെ അർത്ഥം.

മുമ്പു അറിയപ്പെട്ടിട്ടില്ലാത്ത ആ പുതിയ ഗുണവിശേഷങ്ങൾ എന്തൊക്കെയായിരിക്കും എന്നും ആരെങ്കിലും ചോദിച്ചു എന്നുവരാം. ആ ഗുണവിശേഷങ്ങൾ ഇപ്പോൾ അറിയാൻ സാധ്യമല്ലേ? മനുഷ്യനു അവന്റെ ഇന്ദ്രിയങ്ങൾ മുഖേന പഠിക്കാവുന്ന അറിവുകൾമാത്രമെ ആർജ്ജിക്കുവാൻ സാധിക്കുകയുള്ളൂ. ആകയാൽ നമ്മുടെ ഇപ്പോഴത്തെ അറിവ് നമ്മുടെ ഐന്ദ്രികജ്ഞാനത്തിന്റെ പരിസീമകളിൽ മാത്രം ഒതുങ്ങുന്നതാണ്. നമ്മുടെ ഇന്ദ്രിയങ്ങളുടെ ഇപ്പോഴത്തെ ഗ്രാഹ്യശക്തി വച്ചുനോക്കുമ്പോൾ ഈ അറിവുകൾ പരിപൂർണംതന്നെ. എന്നാൽ, പുതിയ പുതിയ ‘സിഫത്തു’കൾ അഥവാ ഗുണങ്ങൾ അവനു ഗോചരമാകുന്നതാണ്. ദൈവം അപാരനായിരിക്കയാൽ ഈ ജ്ഞാനസിദ്ധിയിലും സൂക്ഷ്മമായ അറിവുകളിലും മനുഷ്യൻ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടേ പോകും. ഓരോ പുതിയ അറിവും, ഓരോ പുതിയ കർമണ്ഡലം തുറന്നിടുന്നതും അതു തുടർന്നുപോകുന്നതുമാണ്. ദിവസംതോറും അഥവാ, കാലഗതിക്കൊപ്പം മനുഷ്യന്റെ ഈ സൂക്ഷ്മമായ അറിവുകൾ, ദൈവം അറ്റമില്ലാത്തവനായിരിക്കയാൽ, വർദ്ധിച്ചു വർദ്ധിച്ചുകൊണ്ടേ പോകുന്നതാണ്

ചുരുക്കത്തിൽ, ഈ ലോകം കർമഭൂമിയായിരിക്കുന്നതുപോലെ സ്വർഗവും ഒരു കർമരംഗമാകുന്നു. അല്ല, അതിലുപരിയായിട്ടുതന്നെ. വ്യത്യാസം ഇത്രമാത്രം. ഈ ലോകത്ത് മനുഷ്യൻ പരാജയപ്പെടാനിടയുണ്ട്. താഴോട്ട് പതിക്കാനും സാദ്ധ്യതയുണ്ട്. പരലോകത്താകട്ടെ, ഇത്തരം വിപത്തൊന്നുമുണ്ടാകില്ല. ആത്മീയജ്ഞാനം സംബന്ധിച്ചിടത്തോളം ഈ ലോകം ഒരു പള്ളിക്കൂടം പോലെയാണ്. അവിടെ ഒരാൾ ജയിക്കുകയോ തോൽക്കുകയോ ചെയ്യാം. എന്നാൽ, പരലോകജീവിതം യൂണിവേഴ്സിറ്റി പരീക്ഷ പാസ്സായശേഷം ശാസ്ത്രീയഗവേഷണത്തിലേർപ്പെടുന്ന ഒരാളുടെ നിലയോട് ഉപമിക്കാവുന്നതാണ്. ഇയൾ കഠിന ജോലി ചെയ്യുന്നു. ചിലപ്പോൾ അയാളും ഒരു കോളേജ് വിദ്യാർത്ഥിയും തമ്മിലുള്ള വ്യത്യാസം കോളേജ് വിദ്യാർത്ഥി താൻ പരാജയപ്പെട്ടുപോകുമോ എന്ന ഭയത്തിനു വിധേയനാണെങ്കിൽ മറ്റേയാൾക്ക് അത്തരം ഒരു ഭയവും ഉണ്ടാകുന്നില്ല എന്നതത്രെ.

മുകളിൽ നൽകിയ വിവരങ്ങൾ വ്യക്തമാക്കുന്നത് സ്വർഗത്തിലെ യഥാർത്ഥമായ അനുഗ്രഹങ്ങളും യഥാർത്ഥമായ സുഖാനുഭൂതികളും ആത്മീയ പുരോഗതിയിലാണ് അടങ്ങിയിരിക്കുന്നതെന്നും പൊതുവെ ആരോപിക്കപ്പെടുന്നതുപോലെ ശാരീരികമായ ഇച്ഛകളുടെ തൃപ്തിയിലല്ല എന്നും ആകുന്നു. ഏറ്റവും മഹത്തായ സ്വർഗ്ഗീയ അനുഗ്രഹം ദൈവതൃപ്തിയാണ്.

എന്നു ഖുർആൻ പറയുന്നു(9:72)

തിരുനബി(സ) യുടെ അരുളപ്പാടനുസരിച്ച് സ്വർഗത്തിലെ ഏറ്റവും വലിയ ആനന്ദം ദൈവദർശനമത്രെ.

ചുരുക്കത്തിൽ,ഒരു മുസ്‌ലിമിന്റെ സ്വർഗം യഥാർത്ഥമായ ജ്ഞാനാർജനത്തിലും ആ ജ്ഞാനമനുസരിച്ചുള്ള സൽകർമ്മങ്ങളിലും അതോടൊപ്പം മേൽ രണ്ടുമാർഗ്ഗങ്ങളിലൂടെയും സാധ്യമായിത്തരുന്ന ദൈവസാമീപ്യത്തിലും സായൂജ്യത്തിലുമാകുന്നു. ഇതിനേക്കാൾ മഹത്തരമായിട്ടുള്ള ഒരു ലക്ഷ്യത്തെക്കുറിച്ചു മനുഷ്യനു നിരൂപിച്ചുകൂടാ!

ഏതെല്ലാം പ്രശ്നങ്ങളിൽ തങ്ങളുടെ മതത്തിന്റെ പാഠങ്ങൾ ഇവിടെ അവതരിപ്പിക്കാൻ എല്ലാ മതങ്ങളുടെയും പ്രതിനിധികൾ ബാദ്ധ്യസ്ഥരാണോ ആ എല്ലാ മതങ്ങളെയും സംബന്ധിച്ചുള്ള അഹ്മദിയ്യാ പാഠങ്ങൾ ഞാൻ വിവരിച്ചുകഴിഞ്ഞു. എന്റെ ഈ വാക്കുകൾക്ക് അർഹമായ പരിഗണന നൽകുന്നവർ, ഇതിനേക്കാൾ ഉദാത്തവും ഇതിനേക്കാൾ ഗുണമേറിയതുമായ മറ്റൊരു അദ്ധ്യാപനത്തെകുറിച്ച് വിഭാവനം ചെയ്യുക സാധ്യമല്ലെന്ന അഭിപ്രായത്തിൽ എത്തിച്ചേരുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

മനുഷ്യനെ ദൈവത്തിലേയ്ക്ക് എത്തിക്കുകയും അങ്ങനെ എല്ലാ ചർച്ചകൾക്കും തർക്കങ്ങൾക്കും അവസാനപരിഹാരമുണ്ടാക്കുകയും ചെയ്യുന്നു എന്ന വസ്തുതയിലാണ് ഇസ്‌ലാമിന്റെ സവിശേഷമായ മഹ

***(ശേഷം - 22-ൽ)***

ലേഖനം

അൽഖുർആൻ എക്സിബിഷൻ - 9.

ഏ.ക്യു മഹ്ദി

# നൂഹ് (അ), ഹൂദ് (അ), സാലിഹ് (അ), ലൂത്ത് (അ), ശുഐബ് (അ) എന്നീ നബിമാരെ നിഷേധിച്ചവർക്കുണ്ടായ ദൈവികശാപം

**അല്ലാഹുവിന്റെ പ്രവാചകന്മാരെ ധിക്കരിക്കുകയും അവർക്കെതിരെ അക്രമണങ്ങൾ നടത്തുകയും ചെയ്ത ജനതകളുടെ പരിണിതി ദൃഷ്ടാന്തങ്ങൾ നിറഞ്ഞവയാണ്.**

ഒരു ലക്ഷത്തിലധികം പ്രവാചകന്മാർ ഭൂമിയിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും വളരെ കുറച്ചുപേരുടെ പേരുകൾ മാത്രമേ വെളിവാക്കപ്പെട്ടിട്ടുള്ളൂ.

അത്തരത്തിൽ ഒരു പ്രവാചകനായിരുന്നു നൂഹു നബി(അ)യും. നോഹ എന്ന് ബൈബിളിൽ നൂഹു നബി അറിയപ്പെടുന്നു. 'നോഹയുടെ പെട്ടകം' പൗരാണിക ചരിത്രസംഭവമായി, ഒരു ദൈവിക ദൃഷ്ടാന്തമായി ഇന്നും അറിയപ്പെടുന്നു.

ദൈവികസന്ദേശം ജനങ്ങളിൽ എത്തിക്കുവാനും, ഏകദൈവ വിശ്വാസം തന്റെ നാട്ടിൽ പ്രാവർത്തികമാക്കാനും, വിഗ്രഹാരാധനയും അന്ധവിശ്വാസങ്ങളും ഒഴിവാക്കപ്പെടുവാനുമായി നൂഹു നബിയെ അയച്ചപ്പോൾ അന്നത്തെ ജനത അദ്ദേഹത്തെ തള്ളിപ്പറയുകയും നൂഹിനെതിരെ വിദ്രോഹനടപടികൾ കൈക്കൊള്ളുകയും ചെയ്തു. ഒടുവിൽ, ആ ജനതയുടെ മേൽ ശാപഗ്രസ്തമായ ദൈവികകോപം ഇറങ്ങുകയും, നൂഹു നബിയെ പിൻപറ്റാത്ത സമൂഹത്തെയൊന്നാകെ അല്ലാഹു ഒരു ജലപ്രളയത്തിലൂടെ നശിപ്പിച്ചുകളയുകയും ചെയ്തു.

അതിനെപ്പറ്റി, ഖുർആൻ ഇങ്ങിനെ പറയുന്നു. 'അതിശക്തിയായി വർഷിക്കുന്ന ജലപാതത്താൽ ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നുവിട്ടു. തുടർന്ന് ഭൂമിയിലെ ഉറവുകൾ പൊട്ടിയൊഴുക്കിച്ച്, അങ്ങനെ നാം തീരുമാനിക്കപ്പെട്ട ഒരു കാര്യത്തിനായി ആ രണ്ടു ജലവും സംഗമിപ്പിച്ചു. ഈ സംഭവത്തെ നാമൊരു ദൃഷ്ടാന്തമായി അവശേഷിപ്പിക്കയും ചെയ്തു. എന്റെ ശിക്ഷയും താക്കീതുകളും എത്ര സത്യവും ഭയാനകവുമായിരുന്നു.'

വീണ്ടും പറയുന്നു,

'അപ്പോൾ നാം നൂഹിനെയും' അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും ഭാരം നിറഞ്ഞ ഒരു കപ്പലിൽ രക്ഷപ്പെടുത്തി. ശേഷിച്ചവരെ നാം വെള്ളത്തിൽ മുക്കി നശിപ്പിക്കയും ചെയ്തു.'

നൂഹിനെ തുടർന്ന്, ഹൂദ്, സാലിഹ്, ലൂത്ത്, ശുഐബ് എന്നീ പ്രവാചകന്മാർ നിയോഗിതരായി. വിശുദ്ധ ഖുർആനിലെ ഇവരുടെ ചരിത്രവൃത്താന്തങ്ങളിലുമുണ്ട് ഏറെ സമാനതകൾ.


ദൈവത്തിന്റെ ഏകത്വവും, അവനോടുള്ള ഭയവും, പ്രവാചകന്മാരോടുള്ള അനുസരണവും, പ്രവാചകനിഷേധികളുടെ ദുരാരോപണങ്ങളും താക്കീതും, പ്രവാചകന്മാരുടെ പ്രാർത്ഥനകളും ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പും, അനുയായികളുടെ മോചനവും ഒക്കെയണ് ഈ സാമ്യതകൾ.

ഓരോ ജനതയിലും നിലവിലുണ്ടായിരുന്ന പാപകർമ്മങ്ങൾ ഖുർആൻ വ്യക്തമായി ഊന്നിപ്പറയുന്നുണ്ട്. താഴെ സൂചിപ്പിക്കുന്ന കാരണങ്ങളാണ് അന്നത്തെ പ്രവാചകനിഷേധത്തിന്റെ പിന്നിലുണ്ടായിരുന്നത്.

സമ്പന്നതയുടെ അതിപ്രസരവും, ദരിദ്രരെ അകറ്റിക്കൊണ്ടുള്ള പൊങ്ങച്ചവുമാണ് നൂഹ് നബിയുടെ ജനതയെ ശിക്ഷയ്ക്ക് വിധിച്ചത്.

ഹൂദ് നബിയുടെ ജനതയാകട്ടെ, സൈനികശക്തിയിലും ശിൽപ്പകലാ നേട്ടങ്ങളിലും അമിതമായി അഹങ്കരിച്ച് ദൈവനിഷേധികളായി തീരുകയായിരുന്നു.

അധികാരശക്തിയിലും സമ്പത്തിന്റെ ആധിക്യത്തിലുമുള്ള അഹന്തയാണ് സാലിഹ് നബിയുടെ




കാലത്തെ ജനതയെ സന്മാർഗ്ഗത്തിൽ നിന്നും അകറ്റിക്കളഞ്ഞത്.

ലൂത്ത് നബിയുടെ കാലത്തെ ജനത അങ്ങേയറ്റം മ്ലേഛമായ ലൈംഗിക അരാജകത്വത്തിനു പേരെടുത്തവരാണ്. അതീവ ലജ്ജാകരമായ പ്രകൃതിവിരുദ്ധ ലൈംഗിക ബന്ധം അക്കാലത്ത് അവരുടെയിടയിൽ സർവ്വസാധാരണമായിരുന്നു.

വാണിജ്യ ഇടപാടുകളിലെ വഞ്ചനയും, വിശ്വസ്തതയുടെ ഇല്ലായ്മയുമാണ് ശുഐബ് നബിയുടെ കാലത്തെ ജനതയെ നാശത്തിലാഴ്ത്തിക്കളഞ്ഞത്.

ദൈവനിഷേധികളായിക്കൊണ്ട് ആ നാലു പ്രവാചകന്മാരെയും അതിക്രൂരമായി പീഡിപ്പിച്ച അന്നത്തെ ജനതക്ക് അല്ലാഹു നൽകിയ കഠിനശിക്ഷകളെപ്പറ്റിയും ഖുർആൻ ലോകത്തിനു വിവരം നൽകിയിട്ടുണ്ട്.

ഹൂദ് നബിയുടെ ജനതക്കുമേൽ അല്ലാഹു അഴിച്ചുവിട്ടത്, അതിഭീകരമായ ഒരു കൊടുങ്കാറ്റായിരുന്നു.

ഖുർആൻ പറയുന്നതു നോക്കുക,

'ഒരു ദുശ്ശകുന ദിവസത്തിൽ നാം അവരുടെ നേർക്ക് പ്രചണ്ഡമായ കൊടുങ്കാറ്റ് അഴിച്ചുവിട്ടു. കടപുഴകി വീണ ഈന്തപ്പനയുടെ തായ്തടികൾക്കു സമാനം മനുഷ്യരെ ആ കാറ്റ് എടുത്തെറിഞ്ഞു വീഴ്ത്തി എന്റെ ശിക്ഷയും താക്കീതുകളും എത്ര സത്യമായിരുന്നു.'

വീണ്ടും സൂചനയുണ്ടായി.

'ഹൂദിനെയും അദ്ദേഹത്തിനൊപ്പം ഉണ്ടായിരുന്നവരെയും മാത്രം നമ്മുടെ അനുഗ്രഹത്താൽ നാം രക്ഷപ്പെടുത്തി. ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരുടെ പേരുകൾ തന്നെ നാം അറുത്തുകളയുകയും ചെയ്തു; അവർ സത്യവിശ്വാസം കൈക്കൊള്ളുന്നവരായിരുന്നില്ല.'

സാലിഹ് നബിയുടെ കാലത്ത്, ശക്തമായ ഭൂകമ്പത്തിന്റെ രൂപത്തിലാണ് നിഷേധികൾക്കെതിരേ അല്ലാഹു തന്റെ ശിക്ഷാകരങ്ങൾ ചലിപ്പിച്ചത്.

ഖുർആൻ പറയുന്നു:

'നമ്മുടെ ശിക്ഷയുടെ കൽപ്പന വന്നെത്തിയപ്പോൾ സാലിഹിന്റെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും നാം നമ്മുടെ കാരുണ്യത്താൽ ആ ദിവസത്തെ അപമാനത്തിൽ നിന്നും അപകടത്തിൽ നിന്നും രക്ഷപ്പെടുത്തി. നിന്റെ രക്ഷിതാവ് ശക്തനും പ്രതാപവാനുമത്രെ! തുടർന്ന് അക്രമികളെ ഭയങ്കരമായൊരു ശബ്ദം പിടിക്കൂടി. പ്രഭാതമായപ്പോൾ അവർ തങ്ങളുടെ വീടുകളിൽ കമിഴ്ന്നു കിടക്കുകയായിരുന്നു; ഒരിക്കലും അവിടെ അധിവസിച്ചിട്ടില്ലാത്തവിധം!'

ലൂത്ത് നബിയുടെ കാലത്ത്, ദൈവികശിക്ഷ കന്മഴയുടെ രൂപത്തിലാണ് പെയ്തിറങ്ങിയത്.

ഖുർആനിലെ സൂചന ഇതാണ്. 'നമ്മുടെ വിധി വന്നെത്തിയപ്പോൾ ഈ പട്ടണം നാം കീഴ്മേൽ മറിച്ചു. അഗ്നിയിൽ ചുട്ടെടുത്ത കളിമൺ കല്ലുകൾ അവരുടെമേൽ നിരന്തരം വർഷിക്കപ്പെട്ടു. മുദ്രണം ചെയ്യപ്പെട്ട ദൈവികവിധിപോലെ! എക്കാലത്തേയും അക്രമികളിൽ നിന്ന് ഇത്തരം ശിക്ഷകൾ വിദൂരത്തല്ല.'

വേദഗ്രന്ഥത്തിലെ സൂചന തുടരുന്നു.

'അപ്പോൾ അദ്ദേഹത്തെയും കുടുംബത്തെയുമെല്ലാം നാം രക്ഷപ്പെടുത്തി; പിന്തിരിഞ്ഞു നിന്ന ഒരു കിഴവി ഒഴികെ, പിന്നീട് മറ്റുള്ളവരെ നാം നിശ്ശേഷം നശിപ്പിക്കുകയും ചെയ്തു.'

ശുഐബ് നബിയുടെ കാലത്തും ദൈവകോപത്താലുള്ള കഠിനശിക്ഷകൾ അന്നത്തെ നിഷേധികളായ ജനതയ്ക്കുമേൽ ഇറങ്ങുകയുണ്ടായി. അത്, ഭൂകമ്പത്തിന്റെ രൂപത്തിലായിരുന്നു. ഖുർആൻ പറയുന്നതിങ്ങനെ.

'അങ്ങനെ അദ്ദേഹത്തെ അവർ നിഷേധിച്ചു. ആ കാരണത്താൽ നിഴൽമൂടിയ ഒരു ഇരുണ്ട ദിനത്തിന്റെ ശിക്ഷ അവരെ പിടികൂടി. വളരെ ആപത്കരമായ ഒരു ദിവസത്തിന്റെ ശിക്ഷയായിരുന്നു അത്.'

ഖുർആനിലെ സൂചന തുടരുന്നു.

'അങ്ങനെ നമ്മുടെ വിധി




വന്നെത്തിയപ്പോൾ നാം നൽകിയ അനുഗ്രഹം വഴി ശുഐബിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നാം രക്ഷപ്പെടുത്തി'

ഈ തരത്തിലാണ് ശിക്ഷയുടെ ഗുണപാഠം സർവ്വശക്തനായ അല്ലാഹു, തന്റെ ദാസന്മാരെ നിഷേധിച്ചവർക്കു നൽകി, ദൃഷ്ടാന്തം കാട്ടിയത്.

ഖുർആൻ ഈ വിഷയത്തിൽ പറയുന്നതു ശ്രദ്ധിക്കുക, 'നിങ്ങളുടെ കൈകൾ മുമ്പു പ്രവർത്തിച്ചിട്ടുള്ള അകൃത്യങ്ങളുടെ ഫലമാണിത്. അല്ലാഹു തന്റെ ദാസരോട് ഒട്ടും അനീതി കാട്ടുന്നവനല്ല.'

അധാർമ്മിക ജീവിതവും തിന്മയുടെയും പാപത്തിന്റെയും ആധിക്യവും ഉണ്ടാവുമ്പോൾ സമൂഹങ്ങൾ നശിച്ചുപോകുന്നു എന്നത് മാനവചരിത്രത്തിൽ കാണുന്ന ഒരു ദൈവികനിയമമാണ്. 26 നാഗരികതകളുടെ ഉത്ഥാനപതനങ്ങളെപ്പറ്റി പഠിച്ച ലോകപ്രശസ്തനായ ആൾനോൾഡ് ടോയമ്പി - Arnold Toyembee (1889-1975), ഭൗതികവും പാരിസ്ഥിതികവുമായ കാരണങ്ങളേക്കാൾ പുരാതന സംസ്കാരങ്ങൾ നശിച്ചുപോയത്, ധാർമ്മികവും മതപരവുമായ കാരണങ്ങളിലാണെന്ന് തന്റെ 'A study of history' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

പൗരാണികകാലത്ത്, മനുഷ്യസംസ്കാരവും നാഗരികതയുമൊന്നും ഇന്നത്തെപോലെ വികസിച്ചിട്ടില്ലാത്ത സമയങ്ങളിൽ, ദൈവനിഷേധികളായ ജനതകൾക്ക് അല്ലാഹു നൽകിയ കൊടുംശിക്ഷകളെപ്പറ്റി, ഖുർആൻ പറഞ്ഞതാണ് നാമീ വായിച്ചത്. ലോകം ഇന്നത്തെപോലെ വളർന്നിട്ടില്ലാത്ത ആ കാലത്ത് പ്രാദേശികമായി മാത്രം വികസിച്ച സമൂഹങ്ങൾ പ്രത്യേകം പ്രത്യേകമായാണ് വിവിധ ദേശങ്ങളിൽ ഉണ്ടായിരുന്നത്. അയൽക്കാരായിരുന്നിട്ടുപോലും ആ സമൂഹങ്ങൾ തമ്മിൽ ബന്ധമുണ്ടായിരുന്നില്ല, പരസ്പരം അറിയുകപോലുമില്ലായിരുന്നു. അതിനുള്ള സംവിധാനമോ, വാർത്താവിനിമയമോ ഒന്നും ആ പൗരാണിക കാലത്ത് ഉണ്ടായിരുന്നില്ല. ഒരേ കാലത്തുതന്നെ വിവിധദേശങ്ങളിൽ വ്യത്യസ്ത പ്രവാചകന്മാർ അവതരിക്കപ്പെട്ടിരുന്നു ഈ കാലങ്ങളിലെ ദൈവാനുഗ്രഹവും ദൈവികകോപവുമൊക്കെ പ്രാദേശികമായ വിധിചലനങ്ങളായാണ് സംഭവിച്ചിട്ടുള്ളത്. ഇന്നത്തെ സ്ഥിതി തുലോം വ്യത്യസ്തമാണ്. ലോകം ഇന്നു ഒന്നാണ്; ഭൂമിയാകെ ഒരു കൈകുമ്പിളിൽ ഒതുങ്ങുംവിധം ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ വളർന്നു കഴിഞ്ഞിരിക്കുന്നു. ഈ കാലത്ത് അവതരിപ്പിക്കപ്പെടുന്ന പ്രവാചകന്മാർ മുഴുലോകത്തെയും നയിക്കാൻ വേണ്ടി അയക്കപ്പെട്ടവരാണ്. ഹ: മിർസാ ഗുലാം അഹ്മദ് (അ)നു അങ്ങനെ നിയോഗിക്കപ്പെട്ട നബിയാണ്. അദ്ദേഹത്തെ നിഷേധിക്കുന്നവർ ശ്രദ്ധിക്കട്ടെ, ഓർമ്മയിൽ വയ്ക്കട്ടെ, ഇനിയൊരു ദൈവകോപം, ദൈവികശാപം ലോകത്തുണ്ടായാൽ അതിന്റെ തീവ്രത അതിഭയാനകമായിരിക്കും. എന്ന്, അത് എപ്പോൾ സംഭവിക്കുമെന്നു ആർക്കും പറയാനാവില്ല. അത്തരം ഒരു ദൈവകോപം ക്ഷണിച്ചു വരുത്താതിരിക്കപ്പെടട്ടെ. കാരണം, അങ്ങനെയൊന്നു സംഭവിച്ചാൽ, ആ ദൈവകോപാഗ്നിയിൽ സകലതും വെന്തു വെണ്ണീറായിപ്പോകും. അതിൽ അപരാധികൾ മാത്രമല്ല നിരപരാധികളും അകപ്പെട്ടുപോകും. ദൈവവിശ്വാസികളും ധാർമ്മികതയും സാത്വികതയും പുലർത്തുന്നവരുമൊക്കെ അതിൽ ഉൾപ്പെട്ടുപോകും. അതിലൂടെ ചുഴറ്റി എറിയപ്പെടുക മുഴുവൻ ജനസമൂഹവും ആയേക്കാം. അതിനിടവരാതിരിക്കാനായി നമുക്ക് പരിശ്രമിക്കാം, ആത്മാർത്ഥമായി പ്രാർത്ഥിക്കാം. (തുടരും) ●

---

*(19-ൽ നിന്ന് തുടർച്ച)*

ത്വം സ്ഥിതിചെയ്യുന്നത്. എന്തിനാണ് ഈ ലോകത്ത് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്? അവൻ സൃഷ്ടിക്കപ്പെട്ടതിന്റെ ഏക ഉദ്ദേശ്യം അവൻ ദൈവത്തെ പ്രാപിക്കുമാറാകണമെന്നതുമാത്രമാണ്. അതിനാൽ, നമ്മെ ദൈവത്തെ പ്രാപിക്കാൻ സഹായിക്കുന്ന ഒരു മതം മാത്രമെ നമുക്കു പ്രയോജനകരമായിരിക്കുകയുള്ളു; അല്ലാതെ, വാക്കുകൾകൊണ്ട് നമ്മെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്ന ഏതെങ്കിലും ഒരു മതമല്ല നമുക്ക് വേണ്ടത്. ●

എം.എസ്.

ലേഖനം

# ശുഐബ് നബി(അ)യും മൂസാ നബി(അ)യും

## മദ്‌യൻ കാരനായ ശുഐബ് നബി(അ) മൂസാനബി(അ)യുടെ ഭാര്യാപിതാവോ സമകാലികനോ അല്ല

മദ്‌യനിലേക്ക് അല്ലാഹു അയച്ച പ്രവാചകനാണ് ഹദ്‌റത്ത് ശുഐബ് നബി (അ). ഇബ്രാഹിം നബി(അ)യുടെ മൂന്നാമത്തെ ഭാര്യ കെതുറായുടെ മകന്റെ നാമമാണ് മദ്‌യൻ എന്ന്. ബൈബിൾ (ഉൽപത്തി 25:12) പറയുന്നു. അദ്ദേഹത്തിന്റെ സന്തതി പരമ്പരയെ മുഴുവൻ പൗരാണിക സമ്പ്രദായമനുസരിച്ച് മദ്‌യൻകാർ അഥവാ "ബനൂ മദ്‌യൻ' എന്നാണ് അറിയപ്പെടുന്നത് അതുപോലെ ഇവരുടെ നാടിനേ യും നഗരത്തെയും മദ്‌യൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അറേബ്യൻ തീരത്തെ അകബാ ഉൾക്കടൽ തീരത്ത് ആറോ ഏഴോ മൈൽ അകലെയാണ് മദ്‌യൻ പട്ടണം സ്ഥിതി ചെയ്യുന്നത്. ഈ കടൽ സാന്നിദ്ധ്യം കാരണം പുരാതന ഭൂമിശാസ്ത്ര ഗ്രന്ഥങ്ങളിൽ അതൊരു തുറമുഖ പട്ടണമായി വിവരിക്കപ്പെട്ടിട്ടുണ്ട്. അതേസമയം മറ്റു ചില പ്രദേശങ്ങളിൽ അതൊരു ഉൾനാടൻ പട്ടണമായും ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. അറേബ്യയിൽ നിന്നും ഈജിപ്തിലേക്ക് പോകുന്ന കച്ചവടസംഘങ്ങൾ മദ്‌യൻ പട്ടണത്തിലൂടെയാണ് കടന്നപോകുക. മദ്‌യൻ എന്ന പേരിൽ ഇപ്പോഴും ചില ചെറുപട്ടണങ്ങൾ അവിടെ ഉണ്ടെങ്കിലും യഥാർത്ഥത്തിലുള്ള മദ്‌യൻ പട്ടണം നശിച്ചിരിക്കണം. ഹിജാസിന്റെ വടക്കൻ ഭാഗത്ത് താമസിച്ചിരുന്ന പ്രസ്തുത ജനപഥമാണ് മദ്‌യൻ പട്ടണം. മൂസാനബി(അ) ഈജിപ്തുകാരനായ ഒരാളെ അബദ്ധത്തിൽ കൊലപ്പെടുത്തിയതിന് ശേഷം. അഭയാർത്ഥിയായി പോയത് മദ്‌യനിലേക്കായിരുന്നു. റസൂൽ തിരുമേനി(സ)യും അഭയാർത്ഥിയായി പോയ പട്ടണവും പിന്നീടറിയപ്പെട്ടത് മദീന എന്നായിരുന്നുവല്ലോ. ഈ രണ്ട് പട്ടണങ്ങളുടെ (മദ്‌യൻ, മദീന) പേരുകൾക്കും സംഭവങ്ങൾക്കുമുള്ള സാമ്യതയും ശ്രദ്ധേയമാണ്.

ചില ഖുർആൻ വ്യാഖ്യാതാക്കൾ ശുഐബ് നബി (അ)യെ മൂസാനബി(അ)യുടെ ഭാര്യാപിതാവായി ചിത്രീകരിക്കുന്നുണ്ട്. മൂസാനബി (അ) ഒരു ഈജിപ്തുകാരനെ യാദൃശ്ചികമായി കൊലപ്പെടുത്തിയതിനുശേഷം മദ്‌യൻ ദേശത്തേക്ക് പോയി താമസിച്ചു അവിടെ വെച്ച് വിവാഹം കഴിച്ചതായും ഖുർആൻ പറയുന്നു. മൂസ(അ) വിവാഹം കഴിച്ചത് ശുഐബി(അ)ന്റെ മകളെയാണെന്നാണ് പൊതുവെ മുസ്‌ലിം പണ്ഡിതന്മാർ വിശ്വസിക്കുന്നത്. എന്നാൽ ആ വിശ്വാസം ശരിയല്ല. ബൈബിളിൽ മൂസ(അ)യുടെ ഭാര്യാപിതാവിന്റെ, പേർ യിത്‌റോ (പുറപ്പാട് 3:1) ആണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശുഐബ് എന്നല്ല. മാത്രമല്ല താഴെകാണുന്ന വസ്തുതകൾ മൂസാനബി(അ)യുടെ ഭാര്യാപിതാവ് ശുഐബ് നബി(അ) അല്ലയെന്ന് തെളിയിക്കുന്നു.

1. ഖുർആനിൽ ശുഐബ് (അ)നേയും മൂസാ(അ)യുടെ ഭാര്യാപിതാവിനേയും പല സ്ഥലത്തും പ്രതിപാദിക്കുന്നുണ്ട് പക്ഷേ ഒരിടത്തും ഇവർ രണ്ടു പേരും ഒരാളാണെന്ന് പറയുന്നില്ല. മൂസാനബി (അ)യുടെ ഭാര്യാപിതാവ് ഒരു പ്രവാചകനാണെന്നും എവിടേയും പറയുന്നില്ല.

2. ഖുർആൻ 7:104 വ്യക്തമായും പറയുന്നത്. മദ്‌യൻകാരുടെ നാശത്തിന് ശേഷമാണ് മൂസാ(അ) പ്രവാചകനായി എഴുന്നേൽപ്പിച്ചതെന്നാണ് ഇത് വ്യക്തമായും സൂചിപ്പിക്കുന്നത്. മദ്‌യൻകാരാരും തന്നെ മൂസാനബി (അ)യുടെ സമകാലികനായിരുന്നില്ല എന്നാണ്.

3. ഖുർആൻ 11:90ൽ വിവരിക്കുന്നത് പ്രകാരം ശുഐബ്(അ)ന്റെ ജനത ലൂത്തി(അ)ന്റെ ജനതയുടെ തൊട്ടടുത്ത തലമുറ തന്നെയാണെന്നാണ്. അതിനാൽ അദ്ദേഹം ഒരിക്കലും മൂസാ(അ)യുടെ സമ കാലികനായിരിക്കാൻ വഴിയില്ല.

4. ശുഐബ് (അ), നൂഹ് (അ), ഹൂദ് (അ), സാലിഹ് (അ) എന്നീ പ്രവാചകന്മാരുടെ ജനതയുടെ നാശ ത്തെ സംബന്ധിച്ച് ഖുർആൻ വചനം 11:90ൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം മുസാ(അ)യുടെ ഭാര്യാപിതാവോ സമകാലികനോ ആണെങ്കിൽ അക്കാലത്തുണ്ടായിരുന്ന ഫിർഔന്റെ നാശത്തെപ്പറ്റിയുള്ള എന്തെങ്കിലും സൂചന ശുഐബ് നബി(അ)നോട് ബന്ധപ്പെടുത്തി ഖുർആൻ പറയുമായിരുന്നു. എന്നാൽ ഫിർഔനെ പറ്റി യാതൊന്നും പറയുന്നില്ല.

ഈ സൂചനകളെല്ലാം തെളിയിക്കുന്നത് ശുഐബ് നബി(അ) മൂസാനബി (അ)യുടെ സമകാലികനോ ഭാര്യാപിതാവോ അല്ല എന്നാണ്. ശുഐബ് നബി(അ) മദ്‌യൻ കാർക്കയച്ച നബിയാണെന്ന വസ്തുതയും മൂസാനബി(അ) മദ്‌യനിലേക്ക് പോയി വിവാഹം കഴിച്ചു എന്ന പ്രതിപാദനവും ചേർത്ത് വച്ചു ശുഐബ് നബി(അ)യുടെ മകളെയാണ് മൂസ (അ) വിവാഹം കഴിച്ചതെന്ന കഥ മുസ്‌ലിം പണ്ഡിതന്മാർ മെനഞ്ഞുണ്ടാക്കിയതായിരിക്കാനാണ് സാധ്യത. ●

*(17-ൽ നിന്ന് തുടർച്ച)*

തമാക്കിയ നിയമം ഗുപ്തരൂപത്തിൽ അവിടെ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആജ്ഞ വന്നെത്തിയപ്പോൾ അത് പ്രാവർത്തികമായി എന്ന് മാത്രം (9)

പ്രപഞ്ചത്തെപറ്റിയും അതിനെ ഭരിക്കുന്ന നിയമങ്ങളെപ്പറ്റിയും നാം കൂടുതൽ അറിയുന്തോറും അല്ലാഹുവിന്റെ സൃഷ്ടിപ്പിലെ അത്ഭുതങ്ങളെ പറ്റിയും ഖുർആന്റെ മഹത്വത്തെക്കുറിച്ചുമുള്ള നമ്മുടെ മതിപ്പ് കൂടുതൽ കൂടുതൽ വർദ്ധിതമായി വരും. അല്ലാഹു നമ്മുടെ കണ്ണുകൾ തുറപ്പിക്കുകയും നമ്മെ എപ്പോഴും സത്യത്തിന്റേയും വിവേകത്തിന്റെയും വഴിയിൽ ആനയിക്കുകയും ചെയ്യുമാറാകട്ടെ.

**Reference**

1. Ibn Ummer Ibn Kathir - Thafseerul Quran P. 487-8
2. Guton AC - Text Book of Medical Physiology - P-929
3. Araki Y - Yoshizawa M, Yoshida A Sang - Yong Kim - Motoyama M - Spontaneous Parthenogenesis (13:115-7)
4. Lin H - Leij - Multilineage Potential of Homozygous stem cells Derived from Metaphase - P. 152-161
5. Johnson M.H. Essential Reproduction - P-169.
6. Cohen P. Like a Virgin New Scient P-36.
7. Framken M.T. - A case of combined Dermaphroditism and Auto fertilisation in a Domestic Rabbit - P-598, 9
8. Schulmam JD - Auto reproduction by hermaphrodites - Humen Report - P - 00-1
9. Ahmal Mirjathahir - Christianity A journey from Fact to fiction - P. 6 ●

*(10-ൽ നിന്ന് തുടർച്ച)*

പനത്തെ മാറ്റി മറിക്കാൻ ഒരു പ്രകൃതിവാദിയായ ശാസ്ത്രജ്ഞനും സാധ്യമല്ല. ദൈവത്തിന്റെ സ്ഥാനത്ത് ബോധശൂന്യമായ ഒരു സ്രഷ്ടാവിനെ അവരുടെ ഇഷ്ടമനുസരിച്ച് സ്ഥാപിക്കുവാൻ സാധ്യമല്ല. അത്തരത്തിലൊരു വൃഥാ ശ്രമം അവർ നടത്തുകയും പ്രകൃതി നിർദ്ധാരണത്തിന് സ്രഷ്ടാവിന്റെ മറ്റൊരു ദൗത്യം കൂടി കൂട്ടി ചേർക്കുകയും ചെയ്യുന്നു. അങ്ങനെ സ്രഷ്ടാവും നിർദ്ധാരകനുമായി യാതൊന്നുമറിയാത്ത ബുദ്ധിയില്ലാത്ത ഒരു തത്ത്വത്തിൽ വിശ്വസിക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. അതിന് ബോധമില്ല എന്നത് മറ്റൊരു കാര്യം. അവർ യാതൊന്നുമില്ലാത്ത ഒന്നിനെയാണ് പിതാവിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കാനിഷ്ടപ്പെടുന്നത്.

ബുദ്ധിശൂന്യവും, വ്യക്തിത്വമില്ലാത്തതും അന്ധവും ബധിരവും മൂകവുമായ നിയമങ്ങളാണ് തങ്ങളെ സൃഷ്ടിച്ചതെന്ന് അവർ വിശ്വസിക്കേണ്ടിയിരിക്കുന്നു. യാദൃച്ഛികമെന്ന് പറയട്ടെ ഇത് 'പിതാവിനെ പോലെ പുത്രനും' എന്ന ശൈലിയാണ് ഓർമ്മിപ്പിക്കുന്നത്. അവർ ഇതിൽ ഒരുപക്ഷേ അഭിമാനം കൊള്ളുന്നുണ്ടാവും. പക്ഷേ, നാം അവരോട് ശക്തമായി വിയോജിക്കുന്നു. പരമോന്നത ബോധവാനും അവൻ എന്താണാ രൂപകൽപന ചെയ്യുന്നത് അത് നിർവ്വഹിക്കാൻ കഴിവുള്ളവനുമായ ഒരു സ്രഷ്ടാവിന്റെ പ്രവർത്തനമാണ് ഇതെല്ലാമെന്ന് വിശ്വസിക്കാനാണ് അതിനേക്കാൾ ഞങ്ങൾ ഇഷ്ടപ്പെടുന്നത്. നാം അവനിൽ വിശ്വസിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം നമുക്ക് തന്നെയുള്ള മസ്തിഷ്ക്കത്തിന്റേയും മനസ്സിന്റേയും കഴിവുകളെ നിഷേധിക്കലായിരിക്കുമത്. അവിശ്വാസികൾക്ക് എന്ത് വേണമെങ്കിലും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിൽ ഇവിടെ അവരുടെ ആ സ്വാതന്ത്ര്യം വിനിയോഗിക്കാവുന്നതാണ്. ഇതിൽ രണ്ടിലും ഏത് സ്രഷ്ടാവിനെയാണ് തിരഞ്ഞെടുക്കുക എന്ന് തീരുമാനിക്കേണ്ടത് അവരുടെ ഇഷ്ടമാണ്.

***(Revelation Rationality Knowlede and Truth)*** എന്ന പുസ്തകത്തിൽ നിന്ന്. ●

ലേഖനം

പി.യം. അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ

# മുസ്‌ലിം സഹോദരങ്ങളോട് ഒരഭ്യർത്ഥന

**അഹ്മദിയ്യാ വിശ്വാസങ്ങൾക്ക് അടിസ്ഥാനമായി വർത്തിക്കുന്ന ഖുർആനിക സൂക്തങ്ങൾ ഞങ്ങൾ തൊട്ടുകാണിക്കാം. അഹ്മദിയ്യാ വിശ്വാസത്തിന്നെതിരായ സൂക്തങ്ങൾ പ്രതിയോഗികൾക്ക് തൊട്ടു കാണിക്കാൻ സാധ്യമല്ല. കാരണം ഖുർആനിൽ അത്തരം സൂക്തങ്ങളില്ല.**

സുഹൃത്തെ,

ഒരു നൂറ്റാണ്ടിലധികമായി മുസ്‌ലിം ലോകം നിരന്തരമായ ദൈവികശിക്ഷകൾക്ക് വിധേയരായി, വിവരണാതീതമായ കൊടിയ ദുരന്തത്തിലും, ദുഃഖത്തിലും, ദുരിതത്തിലും, അപമാനത്തിലും, പരാജയത്തിലും, കഴിഞ്ഞുവരികയാണെന്ന സത്യം താങ്കളെ വേദനിപ്പിക്കുന്നില്ലേ? എന്ത് കൊണ്ട് ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് താങ്കൾ ചിന്തിച്ചിട്ടുണ്ടോ? നബി തിരുമേനിയെ വിശ്വസിച്ചവർക്ക് മാത്രമാണ് വിജയം, അവർക്ക് മാത്രമാണ് ദൈവികസഹായം, അവർക്ക് മാത്രമാണ് അന്തസ്സും അഭിമാനവും, ഔന്നത്യം എന്നൊക്കെ വളരെ സ്പഷ്ടമായി വിശുദ്ധ ഖുർആനിൽ അല്ലാഹു നല്കിയ വാഗ്ദാനം നാം സദാ ഓതിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ ദൈവിക വാഗ്ദാനങ്ങൾ മുസ്‌ലിംകൾക്ക് അനുഭവപ്പെടാത്തത് എന്ത് കൊണ്ടാണെന്ന് താങ്കൾ ചിന്തിച്ചിട്ടുണ്ടോ? ഓരോ സത്യവിശ്വാസിയും ഉത്തരം കണ്ടെത്തേണ്ട ഒരു ചോദ്യമല്ലേ ഇത്. അല്ലാഹുവിന് ഇഷ്ടമില്ലാത്ത എന്തോ മുസ്‌ലിംകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നതല്ലെ അതിനുള്ള ലളിതമായ ഉത്തരം.

ഓരോ സത്യവിശ്വാസിയും പരമ്പരാഗതമായും, പണ്ഡിത ഫത്‌വകളുടെ അടിസ്ഥാനത്തിലും സ്വീകരിച്ചിട്ടുള്ള വിശ്വാസങ്ങൾ വിശുദ്ധ ഖുർആൻ അടിസ്ഥാനത്തിലുള്ളതാണോ എന്ന പരിശോധനക്ക് തയ്യാറാവുകയാണ് ഒന്നാമതായി വേണ്ടത്. ഏതേതെല്ലാം വിശ്വാസങ്ങൾ ഏതേത് ഖുർആൻ സൂക്തങ്ങളുടെ അടിസ്ഥാനത്തിലാണ് എന്ന് തൊട്ടറിയാനുള്ള പഠനമാണ് ഒന്നാമതായി നടത്തേണ്ടത്. അതോടൊപ്പം വിശുദ്ധ ഖുർആനിൽ നിന്ന് തൊട്ടറിയാൻ കഴിയാത്ത വിശ്വാസങ്ങൾ ഉപേക്ഷിക്കുകയും, തിരുത്തേണ്ടവയെ തിരുത്തുവാനും ഒരു സത്യവിശ്വാസി സദാ സന്നദ്ധനാവേണ്ടതുമാണ്. പരമ്പരാഗത വിശ്വാസത്തിനും പണ്ഡിത ഫത്‌വകളുടെ അടിസ്ഥാനത്തിലുള്ള വിശ്വാസത്തിനും ഇസ്‌ലാമിൽ യാതൊരു പ്രസക്തിയുമില്ല. വിശുദ്ധ ഖുർആൻ അനുസരിച്ചുള്ള ദൃഢവിശ്വാസത്തിനും, അതിനനുസരിച്ചുള്ള സൽക്കർമ്മങ്ങൾക്കും മാത്രമെ നമ്മെ രക്ഷപ്പെടുത്തുവാൻ കഴിയുകയുള്ളൂ. ഖുർആനിക വിരുദ്ധ വിശ്വാസങ്ങൾ സ്വീകരിച്ച്, ധാരാളം സൽ കർമ്മങ്ങൾ ചെയ്ത് ഭക്തരായി ജീവിച്ചവർക്ക് മോക്ഷപ്രാപ്തിക്കർഹരല്ല എന്ന് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. വിശുദ്ധ ഖുർആൻ അനുസരിച്ചുള്ള വിശ്വാസങ്ങൾക്കും, സൽക്കർമ്മങ്ങൾക്കും മാത്രമേ നമ്മെ രക്ഷപ്പെടുത്തുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഓരോരുത്തരും അവരവർ സ്വീകരിച്ചിട്ടുള്ള വിശ്വാസങ്ങൾ ഏതേത് ഖുർആൻ സൂക്തങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് തൊട്ടറിയുകയും, തൊട്ടറിയാൻ കഴിയാത്ത അവയെ ഉപേക്ഷിക്കുവാനും തയ്യാറായിക്കൊണ്ടുള്ള പഠനത്തിന് തയ്യാറാവുക.

താഴെ കൊടുത്ത ചോദ്യാവലിക്ക് ഉത്തരം കണ്ടെത്തുവാൻ

ശ്രമിക്കുന്നവർക്കറിയാം അവർ സ്വീകരിച്ചിട്ടുള്ള പല വിശ്വാസങ്ങളും ഖുർആനിക വിരുദ്ധമാണെന്ന്. വിശദമായ പഠനത്തിലേക്ക് സഹായകമായ ചില സൂചനകൾ താഴെ കൊടുക്കുന്നു.

## താങ്കൾക്ക് സാദ്ധ്യമാണൊ?

1. നബി തിരുമേനി(സ)ക്ക് ശേഷം, വിശുദ്ധ ഖുർആനിലേക്കും നബി തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങളിലേക്കും ക്ഷണിക്കുന്ന പ്രവാചകനിയോഗം ഉണ്ടാവുകയില്ലെന്ന് വ്യക്തമാക്കുന്ന ഒരു ഖുർആൻ സൂക്തമെങ്കിലും ചൂണ്ടിക്കാണിക്കുവാൻ താങ്കൾക്ക് സാദ്ധ്യമാണോ?

2. നബി തിരുമേനി(സ)ക്ക് ശേഷം, പ്രവാചകനിയോഗം ഉണ്ടാകും" എന്ന് വിശ്വസിക്കുന്നത് ശിക്ഷാർഹമാണെന്ന് വ്യക്തമാക്കുന്ന ഒരു സൂക്തമെങ്കിലും തൊട്ടുകാണിക്കുവാൻ താങ്കൾക്ക് സാദ്ധ്യമാണോ?

3. നബി തിരുമേനിക്ക്ശേഷം വഹ്‌യ് ഉണ്ടാവുകയില്ലെന്ന് വിശ്വസിക്കണമെന്ന് വ്യക്തമാക്കുന്ന ഒരു ഖുർആൻ സൂക്തമെങ്കിലും കാണിക്കുവാൻ താങ്കൾക്ക് സാദ്ധ്യമാണോ?

4. ഈസാനബി(അ) മരിച്ചു പോയിട്ടില്ലെന്നും, നബി തിരുമേനിക്ക് ശേഷം തിരിച്ചുവന്ന് ഖുർആൻ പ്രബോധനം ചെയ്യുമെന്നും വ്യക്തമാക്കുന്ന ഒരു സൂക്തമെങ്കിലും കാണിക്കുവാൻ താങ്കൾക്ക് സാദ്ധ്യമാണോ?

5. ഒരു സത്യപ്രവാചകനെ തിരിച്ചറിയുന്നതിനുള്ള ഖുർആനിക മാനദണ്ഡങ്ങൾ വിവരിക്കുന്ന ഒരു സൂക്തം തൊട്ടുകാണിച്ച് ഹ: അഹ്മദുൽ ഖാദിയാനി (അ) സത്യപ്രവാചകനല്ലെന്ന് തെളിയിക്കാൻ താങ്കൾക്ക് സാദ്ധ്യമാണോ?

6. ഒരു കള്ളപ്രവാചകനെ തിരിച്ചറിയുന്നതിനായി വിശുദ്ധ ഖുർആനിൽ വിവരിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് ഹ: അഹ്മദുൽ ഖാദിയാനി കള്ളപ്രവാചകനാണെന്ന് തെളിയിക്കാൻ താങ്കൾക്ക് സാദ്ധ്യമാണോ?

7. ഇന്ന് ഭൂരിപക്ഷ മുസ്‌ലിംകൾ പരമ്പരാടിസ്ഥാനത്തിലും പണ്ഡിത ഫത്‌വകളുടെ അടിസ്ഥാനത്തിലും സ്വീകരിച്ചിട്ടുള്ള പല വിശ്വാസങ്ങളും ഖുർആനിക വിരുദ്ധവും ശിക്ഷാർഹമാണെന്ന സത്യത്തെ തിരിച്ചറിയാൻ വൈകിക്കൂടാ.

## ഞങ്ങൾക്ക് സാദ്ധ്യമാണ്

1. നബി തിരുമേനി(സ)ക്ക് ശേഷം വിശുദ്ധ ഖുർആനിലേക്കും തിരുമേനിയുടെ അദ്ധ്യാപനങ്ങളിലേക്കും ക്ഷണിക്കുന്ന പ്രവാചകനിയോഗം ഉണ്ടാകും. എന്ന 5 വ്യക്തമായ ഖുർആനിക സൂക്തങ്ങൾ താങ്കൾ വായിച്ചുകൊണ്ടിരിക്കുന്ന ഖുർആൻ പരിഭാഷകളിൽ നിന്ന് തൊട്ടു കാണിക്കുവാൻ ഞങ്ങൾക്ക് സാധിക്കും. *

ഖുർആൻ സൂക്തങ്ങൾ ആലു ഇംറാൻ: 3:180 അഅ്റാഫ് 7:36 നഹൽ 16:3 മുഅ്മിനൂൻ 51:52 അൽബക്കറ 2:270

2. നബി തിരുമേനി(സ)ക്ക്, ശേഷം പ്രവാചകനിയോഗം ഉണ്ടാവുകയില്ലെന്ന് വിശ്വസിക്കുന്നത് ഖുർആനിക വിരുദ്ധവും ശിക്ഷാർഹവുമാണെന്ന് വ്യക്തമാക്കുന്ന 3 ഖുർആൻ സൂക്തങ്ങൾ കാണിച്ചുതരുവാൻ ഞങ്ങൾക്ക് സാധിക്കും. സൂറ മുഅ്മിൻ 23:33 അൻആം - 6:90 മുൽക്ക് 67:8, 9.

3. നബി തിരുമേനിക്ക് ശേഷം വഹ്‌യ് ഉണ്ടാവുകയില്ലെന്ന് വിശ്വസിക്കുന്നത് ഖുർആനിക വിരുദ്ധമാണെന്ന് വ്യക്തമാക്കുന്ന 3 ഖുർആൻ സൂക്തങ്ങൾ കാണിക്കുവാൻ ഞങ്ങൾക്ക് സാധിക്കും. അതായത് വഹ്‌യ് അത്ഭുതമല്ല എന്ന് തെളിയിക്കുന്ന ഖുർആൻ സൂക്തങ്ങൾ അഅ്റാഫ് 7:64,70 യൂനുസ് 10:3.

4. ഈസാനബി(അ) തൗറാത്തിലേക്ക് മാത്രം വഴി കാണിക്കുവാൻ നിയോഗിതനായ പ്രവാചകനായിരുന്നു എന്നും അദ്ദേഹം വിശുദ്ധ ഖുർആനിലേക്ക് ക്ഷണിക്കുവാൻ നിയോഗിക്കപ്പെട്ടിട്ടില്ലെന്നും, അദ്ദേഹം മരിച്ചുപോയിരിക്കുന്നു എന്നും, അദ്ദേഹത്തെ വിളിച്ചു പ്രാർത്ഥിച്ച് ആരാധിക്കുന്ന സംഭവം പോലും ഈസാനബി(അ) അറിയുകപോലുമില്ലെന്നും വ്യക്തമാക്കുന്ന 6 ആയത്തുകൾ കാണിക്കുവാൻ എനിക്ക് സാധിക്കും. അസ്സഫ് 61:7 നഹ്ൽ 16:22,23 അൽ അമ്പിയാഅ് 21:35,36 ആലു ഇംറാൻ 3:145 യൂനുസ് 10:29, 30 ആലു ഇംറാൻ 3:56

5. ഒരു സത്യപ്രവാചകനെ തിരിച്ചറിയുന്നതിനുള്ള ഖുർആനിക മാനദണ്ഡങ്ങൾ വിവരിക്കുന്ന സൂക്തങ്ങൾ അനസരിച്ച് ഹ: അഹ്മദുൽ ഖാദിയാനി (അ) സത്യപ്രവാചകനാണെന്ന് തെളിയിക്കുവാൻ ഞങ്ങൾക്ക് സാധിക്കും.

6. ഒരു കള്ളപ്രവാചകനെ തിരിച്ചറിയുന്നതിനുള്ള ഖുർആനിക മാനദണ്ഡങ്ങൾ വിവരിക്കുന്ന സൂക്തങ്ങളനുസരിച്ച് ഹ: അഹ്മദ് (അ)ക്കുള്ള പ്രവാചകനല്ലെന്ന് തെളിയിക്കുവാൻ ഞങ്ങൾ ക്ക് സാധിക്കും.

മുകളിൽ കൊടുത്ത രണ്ട് ചോദ്യാവലികൾക്ക് ഖുർആൻ പരിഭാഷകളിൽ നിന്ന് സൂക്തങ്ങൾ

*(ശേഷം 33- ൽ)*

* അഹ്മദികൾ ഖുർആൻ സൂറത്തുകളുടെ പ്രാരംഭ വചനമായ 'ബിസ്മി' അടക്കം എണ്ണുന്നതുകൊണ്ട് മറ്റുള്ളവർ നൽകുന്ന ഖുർആൻ വചനങ്ങളുടെ നമ്പറിനേക്കാൾ ഒന്ന് അധികമായിരിക്കും.

എ.എം. മുഹമ്മദ് സലീം

ലേഖനം

ഖിലാഫത്ത് : നൂറ്റാണ്ടുകളിലൂടെ

# അബ്ബാസിയ്യാ ഖിലാഫത്ത്

**(ഹി 132 മുതൽ 655 വരെ. (ക്രി. വ. 750 - 1258 വരെ)**
**അഞ്ച് നൂറ്റാണ്ടുകാലം ഖിലാഫത്തിന്റെ നേതൃത്വം വഹിച്ച അബ്ബാസികളുടെ ഭരണം സംഭവബഹുലമായിരുന്നു.**

ഉമവികളുടെ പതനത്തിനുശേഷം ഹി. 132/ക്രി. വ. 750 മുതൽ ഏകദേശം അഞ്ച് നൂറ്റാണ്ടുകളിലധികം ബാഗ്ദാദ് കേന്ദ്രമാക്കി മുസ്‌ലിം ലോകം ഭരിച്ചത് അബ്ബാസിയ്യാ ഖലീഫമാരാണ്. റസൂൽ തിരുമേനി(സ)യുടെ പിതൃസഹോദരനും സഹാബിയുമായിരുന്ന അബ്ബാസ്ബ്നു അബ്ദുൽ മുത്തലിബി(റ)ന്റെ പരമ്പരയെയാണ് അബ്ബാസികൾ എന്നറിയപ്പെടുന്നത്. തങ്ങൾക്കാണ് ഖിലാഫത്തിന് അധികാരം എന്നു പറഞ്ഞുകൊണ്ട് തുടക്കത്തിൽ ശിആക്കളോടൊപ്പമാണ് അബ്ബാസികൾ പ്രവർത്തിച്ചു തുടങ്ങിയത്. കർബലയുടെ ദുഃഖസ്മരണകൾ ഉമവികൾക്കെതിരായ നീക്കങ്ങൾക്ക് ജനകീയ പിന്തുണ ലഭിച്ചു. ക്രമേണ അത് ഇറാഖ് കേന്ദ്രീകരിച്ചു കൊണ്ടുള്ള വിഘടന വിപ്ലവ പ്രസ്ഥാനമായി മാറുകയായിരുന്നു.

അബ്ബാസികളും ശിയാക്കളും ഖുറാസാനികളും കൂടി സംയുക്തമായി നീങ്ങിയതോടെ ഉമവിയാ ഭരണത്തിന്റെ അസ്തിവാരമിളകിത്തുടങ്ങി. വളരെ ശൃംഖലാബദ്ധവും ആസൂത്രിതവുമായ നീക്കങ്ങളിലൂടെയാണ് അബ്ബാസികൾ ഉമവികളെ പരാജയപ്പെടുത്തിയത്. ഹി. 130/748ൽ ഉമവി പ്രവിശ്യയിലെ ഖുറാസാന്റെ തലസ്ഥാനമായ മാർവിൽ പ്രവേശിച്ച അബ്ബാസി സേന തുടർന്ന് കൂഫയും കീഴടക്കി. വിപ്ലവങ്ങൾക്കും കവലയുദ്ധങ്ങൾക്കുമൊടുവിൽ അബുൽ അബ്ബാസി സ്സഫ്ഫാഹ് എന്ന അബ്ദുല്ലാഹിബ്നു മുഹമ്മദ് പ്രഥമ അബ്ബാസിയ്യാ ഖലീഫയായി (ഹി 132/750) പ്രഖ്യാപിക്കപ്പെട്ടു. ഖിലാഫത്ത് അധികാരം കിട്ടിക്കഴിഞ്ഞപ്പോൾ അബ്ബാസികൾ ശിയാക്കളെ ഒഴിവാക്കുകയായിരുന്നു. പിന്നീട് ഫാത്തിമികൾ എന്ന പ്രസ്ഥാനത്തിനു കീഴിൽ അബ്ബാസികൾക്കെതിരെ ശിയാക്കൾ തിരിഞ്ഞു.


ആദ്യത്തെ ഖലീഫയായ അബുൽ അബ്ബാസിസ്സഫ്ഫാഹ് ഏകദേശം അഞ്ച് വർഷമാണ് (ഹി. 132-137) ഭരിച്ചത്. കഴിവുറ്റ ഭരണാധികാരിയായ അദ്ദേഹം സ്വന്തം ജനതയോട് മാത്രം ഹൃദയാലുവും പ്രജാവത്സലനുമായിരുന്നു. പക്ഷേ ഉമവികളോടും പ്രതിയോഗികളോടും അദ്ദേഹം കാണിച്ച ക്രൂരതകൾ വളരെയധികമാണ് 'അസ്സഫ്ഫാഹ്' എന്നാൽ 'രക്തദാഹി'. എന്നാണർത്ഥം. ഈ നാമം ശത്രുക്കളോടുള്ള നിർദയമായ പെരുമാറ്റത്തിന്റെ പേരിൽ അദ്ദേഹം സ്വയം സ്വീകരിച്ച പേരാണ്. ഭരണപരമായി സാമ്രാജ്യത്തിന് ശാശ്വതമായ എകീഭാവം നൽകാൻ അദ്ദേഹത്തിന്നായില്ല.

അസ്സഫ്ഫാഹിന്റെ മരണത്തിന്ശേഷം അദ്ദേഹത്തിന്റെ സഹോദരൻ അബുജഅ്ഫർ അൽ മൻസൂറാണ് ഖലീഫയായി അധികാരമേറ്റത്. വാസ്തവത്തിൽ പ്രായോഗികമായി അദ്ദേഹമാണ് അബ്ബാസിയാ ഖിലാഫത്തിന്റെ സ്ഥാപകൻ - അബ്ബാസി ഖലീഫമാരിൽ ഏറ്റവും പ്രാപ്തി തെളിയിച്ച ഖലീഫമാരിലൊരാളാണ് അൽ മൻസൂർ. 22 വർഷം (ഹി 136-158) അദ്ദേഹം ഭരിച്ചു. അബ്ബാസിയാ ഖിലാഫത്തിന് രണ്ട് ഘട്ടങ്ങളുണ്ട്. ഹി 132/ ക്രി.വ. 750 മുതൽ ഹീ 334 /ക്രി. വ. 945 വരെയുള്ളതാണ് ഒന്നാം ഘട്ടം. രണ്ട് നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഈ ഘട്ടത്തിൽ അബ്ബാസീ ഖലീഫമാർ ഭരണാധികാരമുള്ള പ്രതാപികളായിരുന്നു. പിന്നീട് പേർഷ്യയിലെ ശിയാ വിഭാഗമായ ബുഹൈവികൾ ബാഗ്ദാദ് പിടിച്ചടക്കി. ഹി 334/ക്രി. വ. 945ൽ ബുഹൈവി അമീർ മുഇസ്സുദ്ദൗല ബാഗ്ദാദിൽ പ്രവേശിച്ച് 'അമീറുൽ ഉമറാഅ്' (നേതാക്കളുടെ നേതാവ്) എന്ന് സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. പിന്നീട് അബ്ബാസിയാ ഖിലാഫത്തിന്റെ ഭരണമില്ലാത്ത രണ്ടാം

ഘട്ടമാണ്. പക്ഷേ ശിയാക്കളായ ബുഹൈവികൾ ഒരു ഖിലാഫത്ത് സ്ഥാപിക്കാൻ ശ്രമിച്ചില്ല എന്ന കാര്യം ശ്രദ്ധേയമാണ്. പതിമൂന്നാം നൂറ്റാണ്ടിൽ മംഗോളുകൾ ബാഗ്ദാദ് ആക്രമിക്കുംവരെ ഈ നിലയിലാണ് അബ്ബാസിയാ ഖലീഫമാർ ബുഹൈവികളുടേയും മറ്റു പ്രവിശ്യാഭരണാധികാരികളുടേയും കാരുണ്യത്തിൽ കഴിഞ്ഞു കൂടിയത്.

അബ്ബാസിയ്യാ ഖിലാഫത്തിന്റെ ആസ്ഥാനമായിരുന്ന ബാഗ്ദാദ് പട്ടണം പണിതത് അൽ മൻസൂറാണ്. അന്തലൂസ് അഥവാ സ്പെയിൻ ഒഴികെയുള്ള എല്ലാ ഉമവി പ്രദേശങ്ങളും അൽ മൻസൂർ തന്റെ അധികാരത്തിനു കീഴിൽ കൊണ്ടുവന്നു. സ്പെയിൻ അബ്ബാസികൾക്ക് വഴങ്ങാതെ സ്വതന്ത്രമായി ഉമവീ പാരമ്പര്യത്തിലാണ് ഭരിച്ചതും പ്രശസ്തി നേടിയതും. അൽ മൻസൂറിന്റെ ഭരണകാലത്താണ് അലിയുടെ പിന്തുടർച്ചാവകാശക്കാരുണ്ടാക്കിയ കലാപങ്ങൾ അദ്ദേഹം അടിച്ചമർത്തി. അദ്ദേഹത്തിന്റെ മരണശേഷം പുത്രൻ അൽ മഹ്ദി ഖലീഫയായി. നീതിമാനും ഹൃദയാലുവുമായിരുന്ന മഹ്ദി 10 വർഷം ഭരണം നടത്തി. മഹ്ദിയുടെ പിൻഗാമിയായ ഹാദിയുടെ ഭരണകാലത്ത് ഇമാം ഹസന്റെ സന്തതികളിൽപ്പെട്ട ഇദ്‌രീസ് ഹിജാസിൽ നിന്ന് മൊറോക്കോയിലെത്തി. അവിടെ സ്വതന്ത്രമായ ഇദ്‌രീസിയ ഭരണകൂടത്തിന് തുടക്കം കുറിച്ചു. ഹി 172/ക്രി. വ. 788 മുതൽ 310/ക്രി.വ. 922 വരെ ഇദ്‌രീസി ഭരണമാണ് മോറോക്കോവിൽ നിലനിന്നത്.

മഹ്ദിക്ക് ശേഷം വന്ന ഹാറൂൻ അൽ റശീദാണ് അബ്ബാസിയ്യാ ഖലീഫമാരിൽ വെച്ച് ഏറ്റവും പ്രശസ്തൻ. 23 വർഷം (ഹി. 170-193) ബാഗ്ദാദിൽ ഖലീഫയായിരുന്ന ഹാറൂൻ അൽ റശീദ് ജീവിച്ചിരിക്കുമ്പോൾ തന്നെ ഇതിഹാസപരിവേഷമുള്ള ഒരു മഹാനായിരുന്നു. ഭരണസഹായത്തിന് മന്ത്രിമാരെ നിയമിക്കുന്ന സമ്പ്രദായം ആദ്യം നടപ്പിലാക്കിയത് അദ്ദേഹമാണ്. ഹാറൂന്റെ കാലത്തിനു മുമ്പുതന്നെ മോറോക്കോയും സ്പെയിനും അബ്ബാസി ഖിലാഫത്തിൽ നിന്നും പുറത്ത് പോയി സ്വതന്ത്ര രാജ്യങ്ങളായിരുന്നു. അതിൽ മോറോക്കോയെ അനുനയിപ്പിച്ചു വളരെയേറെ സ്വാതന്ത്ര്യങ്ങൾ നൽകി അബ്ബാസീ ഖിലാഫത്തിന് കീഴിലാക്കാൻ അദ്ദേഹത്തിനു സാധിച്ചു. ഖവാരിജുകൾ ലൈല എന്ന സ്ത്രീയുടെ നേതൃത്വത്തിലുണ്ടാക്കിയ വമ്പിച്ച കലാപവും അനുനയത്തിലൂടെയാണ് അദ്ദേഹം ഇല്ലാതാക്കിയത്. 'ഹാറൂൻ അൽ റശീദിന്റെ പ്രഗത്ഭയായ ഭാര്യ സുബൈദ രാജ്ഞിയും ഇസ്‌ലാമിക ചരിത്രത്തിൽ പ്രസിദ്ധയാണ്. അവരാണ് മക്കത്തെ ജലദൗർലഭ്യത്തിന് പരിഹാരമായി




***അബ്ബാസിയാ ഭരണപ്രദേശങ്ങൾ***

ഒരു കനാൽ പണിതത്. സുബൈദാ കനാൽ എന്ന പേരിൽ അത് ഇപ്പോഴും മക്കത്ത് ജലസേചനം നടത്തിക്കൊണ്ടിരിക്കുന്നു. റോമാക്കാരുടെ ഭീഷണിയെ പ്രതിരോധിക്കാൻ അതിർത്തിയിൽ കോട്ടകൊത്തളങ്ങൾ കെട്ടി തടഞ്ഞുനിർത്തിയത് ഹാറൂനാണ്. തികഞ്ഞ ഭക്തനായ ഹാറൂൻ അസാമാന്യനായ യുദ്ധതന്ത്രജ്ഞനുമായിരുന്നു.

കലാസാഹിത്യങ്ങളുടെ വമ്പിച്ച പ്രചാരം ഹാറൂന്റെ കാലത്തുണ്ടായി. ലോക കഥാസാഹിത്യത്തിൽ കാല്പനിക സൗന്ദര്യത്തിന്റെ അനശ്വര രചനയായ ആയിരത്തൊന്നു രാവുകൾ (അൽഫു ലൈല വലൈലഃ)യുടെ രചനാകാലം അബ്ബാസിയാ കാലഘട്ടമാണ്. അതിൽ ഹാറൂൻ അൽ റശീദ് പല കഥകളിലും പാത്രമായി വരുന്നുണ്ട്.

ഹാറൂന്റെ ശേഷം വന്ന മഅ്മൂനാണ് പിന്നീട് അബ്ബാസിയാ ഖലീഫമാരിൽ പ്രമുഖൻ. ഇദ്ദേഹത്തിന്റെ കാലത്താണ് സിസിലി ക്രീറ്റ് ദ്വീപുകൾ മുസ്‌ലിംകൾ പിടിച്ചടക്കിയത്. യുക്തിവാദി പ്രസ്ഥാനമായ മുഅ്തസിലാ ചിന്താരീതിയിൽ ആകൃഷ്ടനായ മഅ്മൂൻ മതയാഥാസ്ഥിതികത്വത്തെ കഠിനമായി വെറുത്തു. മഅ്മൂൻ തികഞ്ഞ ശിയാ പക്ഷപാതിയായിരുന്നു. ഖിലാഫത്തിന്റെ യഥാർത്ഥ അധികാരികൾ ശിയാക്കളാണെന്ന് പ്രഖ്യാപിച്ച അദ്ദേഹം തന്റെ പിൻഗാമിയായി ശിയാ നേതാവായ ഇമാം അലി അർറളസായെ നാമനിർദേശം ചെയ്യുകയും അബ്ബാസികളുടെ കറുപ്പ് കൊടിക്ക് പകരം ശിയാക്കളുടെ പച്ചക്കൊടി ബാഗ്ദാദിൽ ഉയർത്തുകയും ചെയ്തു. ഇത് അബ്ബാസികളിൽ വമ്പിച്ച പ്രകോപനങ്ങൾ സൃഷ്ടിച്ചു. ഖലീഫസ്ഥാനത്ത് നിന്ന് മഅ്മൂനെ പുറത്താക്കുകയും ചെയ്തു. മഅ്മൂന്റെ കാലത്താണ് ഇസ്‌ലാമിക ചരിത്രത്തിൽ വിവാദപരമായ 'ഖൽഖുൽ

***(ശേഷം 39- ൽ)***

ലേഖനം

ഏ.ക്യു. മഹ്ദി

# അല്ലാഹുവിന്റെ കൈയ്യൊപ്പുള്ള ഈ നൂറ്റാണ്ടിലെ രണ്ട് ഗ്രന്ഥങ്ങളുടെ കഥ

## വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) രചിച്ച ഇസ്‌ലാം മതതത്ത്വജ്ഞാനം, ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് എഴുതിയ വെളിപാട്, യുക്തി, ജ്ഞാനം, സത്യം' എന്നീ രണ്ടു ഗ്രന്ഥങ്ങളെക്കുറിച്ച്

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടമാണിത്. ഈ ആധുനികകാലത്ത്, അതെ 2008-ലാണ്, അല്ലാഹു പുന:സ്ഥാപിച്ച ഇസ്ലാമിക ഖിലാഫത്തിന് നൂറുവർഷം തികഞ്ഞത്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ് മദ് (അ) സ്ഥാപിച്ച ഈ ഖിലാഫത്തിനെപറ്റി നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ റസൂൽ കരീം മുഹമ്മദ് മുസ് തഫാ (സ) പ്രവചിച്ചിരുന്നുവെന്നു ള്ള സത്യം കൂടി ലോകത്തെ നാം അറിയിക്കേണ്ടിയിരിക്കുന്നു. ബഹുഭൂരിപക്ഷം മുസ്ലിം സമൂഹത്തിനു മുന്നിലും ആ സത്യം ബോധപൂർവ്വം തമസ്കരിക്കപ്പെട്ടിരിക്കുകയാണ്. ഇക്കാലത്തെ മുസ്ലിം പുരോഹിതവർഗം സ്വയം അറിയുകയും മനസ്സിലാക്കുകയും ചെയ്തിട്ടും ഈ ദൈവികസത്യത്തിനു മുമ്പിൽ അവർ അജ്ഞത നടിക്കുകയും, ഈ യാഥാർത്ഥ്യം വിശ്വാസികളിലെത്താതിരിക്കാൻ ആവുംവിധം ശ്രമിക്കുകയും ചെയ്യുന്നു.

അഞ്ചു ഭൂഖണ്ഡങ്ങളിലായി 190-ലധികം രാജ്യങ്ങളിൽ ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ സാന്നിദ്ധ്യമുണ്ട്. കാലഘട്ടത്തിന്റെ ദിവ്യശബ്ദമായിരുന്ന വാഗ്ദത്ത മസീഹിന്റെ, ജനനം 1835 ഫെബ്രുവരി 13 വെള്ളിയാഴ്ച പ്രഭാതത്തിലായിരുന്നു. ഈ ദിവ്യജനനം സംഭവിച്ചപ്പോഴും, രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഈസാ നബി(അ) ദീർഘദർശനം ചെയ്ത അഹ്മദ് എന്ന പ്രവാചകനായിത്തീരും ഇദ്ദേഹമെന്ന് സ്വന്തം പിതാവിനോ, കുടുംബാംഗങ്ങൾക്കോ പോലും അറിയാമായിരുന്നില്ല. പിന്നീട് വർഷങ്ങൾ പലതു കഴിഞ്ഞതിനുശേഷമാണ് മഹത്തായ ഈ യാഥാർത്ഥ്യത്തിനു കാതോർക്കാൻ മുഴുലോകത്തിനും ഭാഗ്യമുണ്ടായിത്തീർന്നത്.

ഹദ്റത്ത് അഹ്മദ് (അ), ഭാരതത്തിന്റെ വടക്കുകിഴക്കുഭാഗത്തുള്ള ഖാദിയാൻ ഗ്രാമത്തിന്റെ ചെറിയൊരു മൂലയിൽ ആരാലും അറിയപ്പെടാതെ, അജ്ഞാതനായി കഴിഞ്ഞിരുന്ന കാലത്താണ്, ആ പുണ്യാത്മാവിനു അല്ലാഹുവിൽ നിന്നു ദർശനവും ഒപ്പം ഒരു വെളിപാടും ഉണ്ടായത്.

"ഞാൻ നിനക്ക് അനുഗ്രഹങ്ങൾക്കുമേൽ അനുഗ്രഹം നൽകും, ഏതുവരെയെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുമാറാകും....."

ഈ മഹത്തായ വെളിപാട് അക്ഷരംപ്രതി, അനുനിമിഷം പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് നമ്മോടൊപ്പം മുഴുലോകവും കണ്ടുകൊണ്ടിരിക്കുന്നു.

സർവ്വശക്തനായ അല്ലാഹുവിന്റെ വാക്കുകൾ മുഹമ്മദ് നബി (സ)യിലൂടെ മാനവകുലത്തിനായി സമർപ്പിക്കപ്പെട്ടതാണല്ലോ പരിശുദ്ധ ഖുർആൻ. ആ വിശുദ്ധ ഗ്രന്ഥത്തിനുശേഷം, അതിന്റെ രചനയ്ക്ക് പതിമൂന്നു നൂറ്റാണ്ടുകൾ കഴിഞ്ഞ് മറ്റൊരു ദൈവദൂതനാൽ രചിക്കപ്പെട്ട ഒരു മഹൽഗ്രന്ഥത്തിന്റെ അത്ഭുത പ്പിറവിയുണ്ടായി, അതിനെപ്പറ്റിയാണ് ഇവിടെ പരാമർശിക്കുവാൻ പോകുന്നത്.

വിഷയത്തിലേയ്ക്ക് കടക്കും മുമ്പ്, ഇതുമായി ബന്ധപ്പെടുത്താവുന്നതെന്ന് കരുതുന്ന ചെറിയ ഒരു യാദൃശ്ചിക സംഭവത്തെപറ്റി ഞാനിവിടെ വിവരിക്കുകയാണ്.

ഇതെഴുതുന്നതിനു സുമാർ നാലുവർഷം മുമ്പാണ് ആ സംഭവം.

അന്ന്, കൊല്ലം ജമാഅത്തിൽ ഒരു യുവ മുബല്ലിഗ് വന്ന് പുതുതായി ചാർജ്ജെടുത്തു; മൗലവി അബ്ദുന്നാസിർ സാഹിബ്, പത്തപ്പിരിയം.

ആയിടക്കു ഞാൻ മതബോധവും ദീനിനിഷ്ടകളുമുള്ള ഒരു മദ്ധ്യവയസ്കനെ പരിചയപ്പെടുകയുണ്ടായി. ബിരുദാനന്തര ബിരുദധാരിയായ അദ്ദേഹം ഉന്നതനിലവാരത്തിലുള്ള വായനക്കാരനും ഒരു ബഹുമുഖപ്രതിഭയുമായിരുന്നു. മതവിഷയങ്ങളെപറ്റി സംസാരിക്കുന്ന സമയങ്ങളിൽ ഞാൻ, നമ്മുടെ ജമാഅത്തിനെയും അഹ്മദിയ്യാ വിശ്വാസത്തെയും പറ്റി പരാമർശിക്കുമ്പോൾ ആ വിഷയത്തിൽ നിന്ന് മൂപ്പർ പെട്ടെന്ന് ബോധപൂർവ്വം തെന്നിക്കളയുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്.

ഒരിക്കൽ ഞാനും മൗലവി അബ്ദുന്നാസിർ സാഹിബും അദ്ദേഹത്തെ കാണാൻ ചെന്നു. ഞങ്ങൾ കൊണ്ടുപോയ പുസ്തകങ്ങളിൽ നിന്നും ലഘുലേഖയിൽ നിന്നും ലഘുലേഖകൾ മാത്രം തെല്ല് അലസമായി മറിച്ചുനോക്കി മേശപ്പുറത്തു തന്നെ വച്ചിട്ട്, ഉള്ളവയിൽ അൽപ്പം വലിപ്പമുള്ള ആ പുസ്തകം മാത്രം കൈയ്യിലെടുത്ത് വായിക്കാൻ തുടങ്ങി അദ്ദേഹം. പുസ്തകത്തിലെ പേജുകൾ ഒന്നൊന്നായി അദ്ദേഹം മറിച്ചുകൊണ്ടിരുന്നു. പരിസരം പോലും മറന്നുകൊണ്ടുള്ള മൂപ്പരുടെ വായനയ്ക്കിടയിലെ ആ ചെറിയ സമയം മുഴുവൻ, തീർത്തും നിശബ്ദനായിരുന്നു ഞാനദ്ദേഹത്തെ ശ്രദ്ധിക്കുകയായിരുന്നു. പുസ്തകത്താളുകൾ വെറുതെ മറിച്ചു നീങ്ങുകയല്ല, ശ്രദ്ധാപൂർവ്വം വായിച്ചുപോയ അദ്ദേഹം അല്പസമയത്തേക്ക് ഞങ്ങളുടെ സാന്നിദ്ധ്യം തന്നെ മറന്നു. പുസ്തകം സൗജന്യമായി ഞങ്ങൾ വാഗ്ദാനം ചെയ്തെങ്കിലും അദ്ദേഹം വില നിൽകിയാണ് അത് സ്വീകരിച്ചത്.

അഹ്മദിയ്യാ വിശ്വാസത്തെപ്പറ്റിയും, വാഗ്ദത്ത മസീഹിന്റെ അവതാരത്തെക്കുറിച്ചും, ഈസാ നബിയുടെ വഫാത്തിനെ സംബന്ധിച്ചുമൊക്കെ ഒരു മണിക്കൂറിലേറെ മൗലവി സാഹിബും ഞാനും അദ്ദേഹത്തോടു സംസാരിച്ചു.

ഞങ്ങൾ പറഞ്ഞ ചില കാര്യങ്ങളോട് സൗമ്യമായ നിലയിൽ യോജിക്കാൻ തയ്യാറായ അദ്ദേഹം, ഒരു വിഷയത്തിൽ മാത്രം ശക്തമായ തന്റെ വിയോജിപ്പു പ്രകടിപ്പിച്ചു. മുഹമ്മദ് നബി(സ)നുശേഷം ഒരു നബി വരുമെന്നത് ഒരിക്കലും തനിക്കു വിശ്വസിക്കാനോ അംഗീകരിക്കാനോ കഴിയുകയില്ല എന്നതായിരുന്നു ആ നിലപാട്.

ഹദ്റത്ത് അഹ്മദ് (അ)ന്റെ പ്രവാചകത്വത്തെക്കുറിച്ച് ഖുർആനിലും ഹദീസ് ഗ്രന്ഥങ്ങളിലും വന്ന ഉദ്ധരണികളിൽ പലതും മൗലവി സാഹിബ് കേൾപ്പിച്ചിട്ടും അവയൊന്നും മുഖവിലയ്ക്കു പോലും അംഗീകരിക്കാൻ അദ്ദേഹം ഒരുക്കമായില്ല. യാഥാർത്ഥ്യം അറിഞ്ഞിട്ടും അതു മനസ്സിലൊളിപ്പിച്ച്, പുറമെ മറ്റൊരു കപടവിശ്വാസം പ്രചരിപ്പിക്കാൻ താൽപ്പര്യം കാണിക്കുന്ന കൗശലക്കാരനായ ഒരു മൊല്ലാക്കയുടെ ഭാവമായിരുന്നില്ല തീർച്ചയായും അദ്ദേഹത്തിന്. മനസ്സിലുറച്ചുപോയ ഒരു വിശ്വാസം കൈവിടാനുള്ള വൈമനസ്യമാണ് അദ്ദേഹത്തെ കീഴടക്കുന്നതെന്നായിരുന്നു എന്റെ നിഗമനം. അൽപ്പം കർക്കശമായ വിശ്വാസഭാവമാണ് മൂപ്പർക്കുള്ളതെന്നു ഞങ്ങൾക്കു ബോധ്യമായി. തർക്കിച്ചു ജനിക്കാനല്ലല്ലോ ഞങ്ങൾ രണ്ടാളും ഇവിടെ വന്നത്.

ഒരു ദിവസംകൂടി കടന്നുപോയി. അന്നു വൈകിട്ട് എന്റെ മൊബൈൽ ഫോണിലാണ് ആ കാൾ വന്നത്.

സ്നേഹം നിറഞ്ഞ സൗമ്യഭാവത്തിലാണ് ഇപ്പോൾ അദ്ദേഹം തന്റെ സംഭാഷണം ആരംഭിച്ചത്. സംഭാഷണരംഗങ്ങളിൽ സാധാരണ തോന്നാറുള്ള ഗൗരവം നിറഞ്ഞ തർക്കഭാവം ഇപ്പോഴാ വാക്കുകളെ പൊതിഞ്ഞിട്ടില്ല.

"ഞാനാ പുസ്തകം...." കൂട്ടത്തിലുണ്ടായിരുന്നതിൽ അൽപ്പം വലിയ ആ പുസ്തകത്തിന്റെ പേര് പറഞ്ഞിട്ട് അദ്ദേഹം തുടർന്നു, "... ഒറ്റദിവസം കൊണ്ടു വായിച്ചു തീർത്തു. നിസ്സംശയം പറയാം, ഇത് വളരെ വിജ്ഞാനപ്രദമായ ഒരു പുസ്തകം തന്നെയാണ്, ഒരമൂല്യ ഗ്രന്ഥം. ഒരു കാര്യം കൂടി ഞാൻ തുറന്നു പറയുന്നു, ഗ്രന്ഥകാരൻ ഒരിക്കലും ഒരു സാധാരണക്കാരനല്ല. ഒരു സാധാരണ വ്യക്തിയ്ക്ക് ഇത്തരമൊരു ഗ്രന്ഥം രചിക്കാനേ കഴിയുകയില്ല. അത്ഭുതകരം....."

വിസ്മയഭാവം നിറഞ്ഞ തന്റെ വാക്കുകൾ അദ്ദേഹം അവസാനിപ്പിച്ചിരുന്നില്ല.

''അസാധാരണ വ്യക്തിത്വം ഉള്ള ഒരാൾക്കു മാത്രമേ, ഒരു മഹദ് വ്യക്തിക്കു മാത്രമേ, ഇത്തരമൊരു ക്രിയേഷൻ നടത്താനാവൂ. ഇതൊരു കേവല രചനയല്ല, ഒരു സൃഷ്ടിയാണ്, ഒരു ക്രിയേഷൻ. ഈ പുസ്തകത്തിലെ ഓരോ വരിയിലും, വാക്കിലും അല്ലാഹുവിന്റെ അന്യാദൃശമായ കൈയൊപ്പ് പതിഞ്ഞു കിടപ്പുള്ളതായി എനിക്കു തോന്നി...."

അഭിമാനപൂർവ്വം ഞാനാ വാക്കുകൾ കേട്ടുകൊണ്ടിരുന്നു. എന്നിട്ടും വാഗ്ദത്ത മസീഹിനെ ദിവ്യദൗത്യത്തെ അംഗീകരിക്കാൻ അദ്ദേഹത്തിന് സാധമായില്ല.

മൗലവി സാഹിബിനെ വിളിച്ച് ഞാൻ കാര്യങ്ങൾ പറയുകയും ചെയ്തു. 'നമ്മുടെ ദൗത്യം ഭാഗികമായി വിജയിച്ചു എന്നു തോന്നു

ന്നു' എന്നുകൂടി മൗലവി സാറിനെ അറിയിച്ചു.

ദിവസങ്ങൾ കടന്നുപോയി. ഒരു വെള്ളിയാഴ്ച പള്ളിയിൽ വച്ചു മൗലവി സാഹിബ് എന്നോടു ചോദിച്ചു. "അദ്ദേഹത്തിനു നമ്മുടെ വളരെ മഹത്തായ ഒരു ഇംഗ്ലീഷ് പുസ്തകം വായിക്കാൻ കൊടുത്താലോ....? ഇംഗ്ലീഷ് ഭാഷയിലെ പുസ്തകങ്ങളാണ് തനിക്കു മലയാള ഗ്രന്ഥങ്ങളെക്കാൾ കൂടുതൽ വഴങ്ങുന്നതെന്ന് അന്ന് അദ്ദേഹം പറഞ്ഞതുമല്ലേ"?

ശരിയാണ്, പക്ഷേ അതൊരുവലിയ പുസ്തകമാണല്ലോ. അതിന് 300 രൂപ വിലയുമുണ്ട്. കൊല്ലം ജമാഅത്ത് ഗ്രന്ഥശേഖരത്തിൽ ആ പുസ്തകം ഒരെണ്ണം മാത്രമേയുള്ളൂതാനും. അതിഗഹനമായ വിഷയങ്ങളാണ് പുസ്തകത്തിലുടനീളം. വിലയല്ല പ്രശ്നം, പുസ്തകത്തിന്റെ പൈസ ജമാഅത്ത് അക്കൗണ്ടിൽ ഞാൻ കൊടുക്കാമെന്നു വയ്ക്കാം, പക്ഷേ, ഈ ബൃഹദ് ഗ്രന്ഥം വായിക്കാനുള്ള ക്ഷമയുടെ സന്മനസ്സും അദ്ദേഹം കാട്ടുമോ?

രണ്ടും കൽപ്പിച്ച് ഞാനാ പുസ്തകം ഒരാൾവശം അദ്ദേഹത്തിനെത്തിച്ചുകൊടുത്തു; വായിച്ചിട്ട് തിരികെ തരണമെന്ന നിബന്ധനയോടെ. ജമാഅത്ത് അക്കൗണ്ടിൽ ഞാനതിന്റെ വില ഏൽപ്പിക്കയും ചെയ്തു.

ഒരാഴ്ചക്കാലം പിന്നിട്ടു. വീണ്ടും അദ്ദേഹത്തിന്റെ ടെലിഫോൺ കാൾ. വായിച്ചു.

ഇതും മറ്റൊരു അത്യപൂർവ്വ വിജ്ഞാനഗ്രന്ഥമാണെന്ന് പറയാനദ്ദേഹം മറന്നില്ല.

"ഉള്ളടക്കം ഗംഭീരം.... അതിഗംഭീരം" സുവിശേഷ പദം ആവർത്തിച്ചു കൂട്ടിച്ചേർത്തു അദ്ദേഹം പറഞ്ഞു.

ഈജിപ്റ്റ് സന്ദർശനം കഴിഞ്ഞു മടങ്ങി വന്ന ഞാൻ ഒരു മാസത്തെ ഇടവേളയ്ക്കു ശേഷം അദ്ദേഹത്തെ ഫോണിൽ വിളിച്ചു. അതീവ സന്തോഷഭാവത്തിലാണു മൂപ്പരിപ്പോൾ. ഒരു മാസം മുമ്പ് ഞാൻ കൊടുത്തയച്ച വലിയ ഗ്രന്ഥം, ഇംഗ്ലീഷിൽ എഴുതപ്പെട്ട ആ പുസ്തകം, മൂപ്പർ പൂർണ്ണമായും വായിച്ചു കഴിഞ്ഞിരിക്കുന്നു. തന്റെ ജീവിതകാലത്തിനിടയിൽ ഇത്ര ഗംഭീരമായ ഒരു ഗ്രന്ഥം, മത-ശാസ്ത്ര വിഷയങ്ങളെ അധികരിച്ചെഴുതിയ ഒരു വിജ്ഞാനകൃതി, വായിച്ചിട്ടേയില്ല എന്നദ്ദേഹം.

രണ്ടു മഹൽഗ്രന്ഥങ്ങളെക്കുറിച്ചുള്ള സൂചനകളാണ് മേൽവരികളിലൂടെ ഞാനിവിടെ നൽകിയത്. അവയിൽ ആദ്യം പറഞ്ഞത് വാഗ്ദത്ത മസീഹ് (അ) എഴുതിയ ഇസ്ലാം മതതത്വജ്ഞാനമാണ് ഒരമൂല്യ പുസ്തകം. ഇതു വായിച്ചിട്ടാണ് കൊല്ലത്തെ വ്യവസായി പറഞ്ഞത്, 'ഈ മഹത്തായ ഗ്രന്ഥം ഒരിക്കലും ഒരു സാധാരണക്കാരന് എഴുതാനാവില്ല, അസാധാരണ വ്യക്തി ത്വം ഇന്നു ഒരാൾക്കേ അതിനു കഴിയൂ... അത്ഭുതകരം എന്ന്. ഇത് ഒരു കേവലരചനയല്ല, ഒരു സൃഷ്ടി (Creation) തന്നെയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തിരുന്നു.

ഈ പുസ്തകം മസീഹ് (അ) ന്റെ ഒരപൂർവ്വ പ്രബന്ധത്തിന്റെ വിശദവും സംക്ഷിപ്തവുമായ ഗ്രന്ഥരൂപമാണ്. ഈ പ്രബന്ധം അവതരിപ്പിക്കപ്പെട്ടത്, 1896 ഡിസംബർ മാസത്തിൽ ലാഹോറിൽ വച്ചു നടത്തപ്പെട്ട ഒരു സർവ്വമത സമ്മേളനത്തിൽ വച്ചായിരുന്നു.

1896 ഡിസംബർ 26, 27, 28 തിയതികളിൽ ലാഹോറിലെ - ഇന്ന് പാകിസ്ഥാനിലാണെങ്കിലും വിഭജനത്തിനു മുമ്പ്, 1947-നപ്പുറമുള്ള അവിഭക്ത ഭാരതത്തിലെ ഒരു പ്രവിശ്യയായിരുന്നു ലാഹോർ - ഇസ്ലാമിക് കോളേജ് ഹാളിൽ വച്ചു നടത്തപ്പെട്ട ഒരു ബൃഹത്തായ സർവ്വമത സമ്മേളനത്തിന്റെ രണ്ടാം ദിവസം ഹദ്റത്ത് അഹ്മദ് (അ) വളരെ വിശിഷ്ടമായ ഒരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ധർമ്മമഹോത്സവത്തിലേയ്ക്കുള്ള ഈ പ്രബന്ധം തയ്യാറാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചപ്പോൾ തന്നെ അദ്ദേഹത്തിന് ഒരു ദിവ്യവെളിപാടുണ്ടായി; 'മസ്മൂൻ ബാലാ റഹാ!' എന്ന്. 'പ്രബന്ധം ഏറ്റവും മുന്തിനിന്നു' എന്നാണതിന്റെ അർത്ഥം.

രണ്ടു മണിക്കൂർ സമയം മാത്രമാണ് പ്രബന്ധാവതരണത്തിന്, സർവ്വമതസമ്മേളനത്തിൽ അനുവദിക്കപ്പെട്ടതെങ്കിലും ഈ ക്ലിപ്തസമയപരിധിയ്ക്കുള്ളിൽ അതു വായിച്ചുതീർക്കാൻ കഴിഞ്ഞില്ല. ഇത് വായിച്ചു തുടങ്ങിയപ്പോൾ തന്നെ, വേദിയും സദസ്സും ഇതിൽ ആകൃഷ്ടരായിത്തീർന്നുകഴിഞ്ഞിരുന്നു. സമ്മേളനത്തിൽ പങ്കെടുത്തവർ പ്രസ്തുത പ്രബന്ധത്തിലെ ആശയങ്ങൾക്ക് നേരെ കാട്ടിയ താല്പര്യം മാനിച്ച്, ഈ പ്രബന്ധം പൂർണ്ണമായും വായിച്ചുപൂർത്തിയാക്കുവാനായി കുറേസമയം കൂടി അനുവദിക്കുവാൻ ഭാരവാഹികളും മോഡറേറ്റർമാരും സസന്തോഷം സമ്മതിക്കുകയായിരുന്നു. അവരുടെ തീരുമാനമാകട്ടെ, സദസ്യരുടെ അഭീഷ്ടത്തിനു വഴങ്ങി എടുക്കപ്പെട്ടതുമായിരുന്നു.

ഈ നിശ്ചിതസമയംകൊണ്ടും പ്രബന്ധാവതരണം പൂർത്തീകരിക്കാനാവാതെ വന്നപ്പോൾ, തന്റെ പ്രസംഗസമയം കൂടി വിട്ടുകൊടുക്കുന്നതായി അടുത്ത പ്രാസംഗികൻ പ്രഖ്യാപിച്ചു. മോഡറേറ്റർമാർ സന്തോഷത്തോടെ അതും അംഗീകരിച്ചു. അങ്ങനെ നീണ്ട നാലു മണിക്കൂർ കൊണ്ടാണ് മഹത്തായ ആ പ്രബന്ധം സമ്മേളനരംഗത്തു വായിച്ചു തീർക്കപ്പെട്ടത്.

ഈ അപൂർവ്വ പ്രബന്ധമാണ്

'ഇസ്ലാം മതതത്വജ്ഞാനം' അഥവാ 'Philosophy of Teaching of Islam ' എന്ന പേരിൽ വിശ്വപ്രസിദ്ധമായിത്തീർന്ന മഹൽഗ്രന്ഥം. ഇത് ഇംഗ്ലീഷിനു പുറമെ, മറ്റനേകം ലോകഭാഷകളിലേയ്ക്കും തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.

ഇനി രണ്ടാമത്തെ, ഉള്ളടക്കം കൊണ്ടും വലിപ്പം കൊണ്ടും കനത്ത ഈ ഗ്രന്ഥമോ? 'ഇതും മറ്റൊരു വളരെ അപൂർവ്വമായ ഒന്ന്' എന്ന് ആ വ്യവസായി സാക്ഷ്യപ്പെടുത്തി. നമ്മുടെ ജമാഅത്ത് ആ പുസ്തകത്തിൽ നിശ്ചയിച്ച സൗജന്യവിലയായ 300 രൂപ തന്നു സ്വന്തമാക്കിയ ഈ മഹൽഗ്രന്ഥം, ഇംഗ്ലീഷിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. ഗ്രന്ഥത്തിന്റെ പേര് 'Revelation, Rationality, Knowledge and Truth' എന്നാകുന്നു. ഇതിന്റെ മഹത്തായ രചന നടത്തിയത്, നമ്മുടെ നാലാം ഖലീഫയായ ഹദ്റത്ത് ത്വാഹിർ അഹ്മദ് അവർകളാണ്.

നമുക്ക്, കേരളത്തിലെ മലയാളികളായ അഹ്മദികൾക്ക്, ഒരപൂർവ്വ ഭാഗ്യം കൈവന്നിരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. സത്യദൂതൻ പത്രാധിപരായ ജനാബ് ഏ.എം. മുഹമ്മദ് സലിം സാഹിബാണ് ഈ വിജ്ഞാനഗ്രന്ഥം മലയാളത്തിലേയ്ക്ക് മൊഴിമാറ്റം നടത്തിയത്. ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കണ്ണൂർ ആണ് ഈ മഹത്തായ പുസ്തകത്തിന്റെ പ്രസാധകർ.

വളരെ യാദൃശ്ചികമെന്നു കരുതാം, നമ്മുടെ ഈ ശതവാർഷിക കാലത്തു തന്നെ ഇതിന്റെ മലയാള വിവർത്തനം റിലീസ് ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. 2008-ഡിസംബർ 10ന് എറണാകുളത്തുവച്ചാണ് പുസ്തകപ്രകാശനം നടത്തപ്പെട്ടത്. ഇംഗ്ലീഷ് പരിജ്ഞാനം ഇല്ലാത്തവർക്കു പോലും ഉപകരിക്കുംവിധമാണ്, 'വെളിപാട്, യുക്തി, ജ്ഞാനം, സത്യം' എന്ന ഈ പുസ്തകം നമ്മുടെ മാതൃഭാഷയിലേയ്ക്ക് പരിഭാഷപ്പെടുത്തപ്പെട്ടിരിക്കുന്നത്. ഈ ഒരു സൗഭാഗ്യം മലയാളി അഹ്മദികൾക്ക് ലഭ്യമായതിൽ നമുക്ക് അഭിമാനിക്കാം; സർവ്വശക്തനായ അല്ലാഹുവിനോടു നന്ദിയും പറയാം.

തിരക്കിനിടയിലും ഈ ബൃഹത് ഗ്രന്ഥം മനസ്സിരുത്തി വായിക്കാനുള്ള അവസരം ഞാൻ ഒരുക്കുകയുണ്ടായി. 1200 പേജുകൾ ഉള്ള ഈ അപൂർവ്വഗ്രന്ഥത്തിന് സമഗ്രവും വിഷയപ്രസക്തവുമായ ഒരു ഇൻഡക്സ് തന്നെയുണ്ട്. നിരവധി ചിത്രങ്ങളുടെ അകമ്പടിയോടെയാണ് പല വിഷയങ്ങളും ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.

അത്യുത്ഭുതകരമായ ഉള്ളടക്കത്തോടുകൂടിയ ഒരു വിജ്ഞാനഗ്രന്ഥമാണിതെന്നു പറയാതെ വയ്യ. ഇത് കേവലം ഒരു ശാസ്ത്രഗ്രന്ഥമല്ല, ശാസ്ത്രീയ വിശകലനങ്ങളിലൂന്നി മതവിഷയിയായി എഴുതപ്പെട്ട ഒരപൂർവ്വ രചനയാണെന്ന്. നാലാം ഖലീഫയായ ഹദ്റത്ത് മീർസ ത്വാഹിർ അഹ്മദ് അവർകളുടെ പൊൻതൂലികയിലൂടെ വിരചിതമായ ഈ ഗ്രന്ഥം ഒരിക്കലും അഹ്മദികൾക്കു വേണ്ടി മാത്രമായുള്ള ഒന്നല്ല, ലോക മുസ്ലിം സമൂഹങ്ങൾക്കു വേണ്ടിയുള്ളതാണെന്നു പറഞ്ഞാൽ പോലും പൂർണ്ണമായ അളവിൽ അതു ശരിയല്ല, മുഴുലോകത്തിനും വേണ്ടിയുള്ള ഒരു സൃഷ്ടി തന്നെയാണ്. മറ്റു മുസ്ലിം വിഭാഗങ്ങളിലെ 'പണ്ഡിത ശിരോമണികൾ' പോലും ഈ വിജ്ഞാനകൃതിയിൽ നിന്നും അറിവും ആശയവും പാഠവും ഉൾക്കൊള്ളാൻ കഴിയുമെന്നതിൽ സംശയമില്ല.

എനിക്കു പറയാനുള്ളത് ഇതു നമുക്ക് മാത്രമല്ല നമ്മുടെ യുവാക്കൾക്കും വളർന്നുവരുന്ന കുട്ടികൾക്കും, അവരുടെ ഭാവികാലത്തേയ്ക്ക് അന്വർത്ഥകമായി സൂക്ഷിക്കാൻ അനുയോജ്യമായ ഒരു പുസ്തകമായി കരുതണമെന്നാണ്. അതിനാൽ മലയാളക്കരയിലുള്ള ഓരോ അഹ്മദി സഹോദരന്മാരെയും എനിക്ക് ഓർമ്മിപ്പിക്കാനുള്ളത് ഈ പുസ്തകം ഇതിനകം വാങ്ങിക്കാൻ കഴിയാത്തവർ, കഴിയുന്നത്ര വേഗം ഈ ഗ്രന്ഥം സ്വന്തമാക്കണമെന്നാണ്.

ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തെപ്പറ്റി ഒരു വാക്കും ഞാനിവിടെ പറയാനുദ്ദേശിക്കുന്നില്ല. അത്, നിങ്ങൾതന്നെ വായിച്ചറിയേണ്ട ഒന്നാണ്. ഏതാനും വരികൾ കൊണ്ട് ഈ മഹൽഗ്രന്ഥത്തിലെ വിഷയങ്ങളെ ഒന്നു സ്പർശിക്കാൻ പോലുമാവില്ല എന്നതാണു യാഥാർത്ഥ്യം.

സാഹിത്യ ഗ്രന്ഥശാഖയിൽ, സാധാരണയായി നോവലുകളും മറ്റും പ്രസിദ്ധീകരിക്കുമ്പോഴുള്ള പുസ്തകവിലയല്ല ഒരിക്കലും ശാസ്ത്രസംബന്ധിയായ ഗ്രന്ഥങ്ങൾക്കു ഇടാറുള്ളത്. 1200 പേജുള്ള ഇത്തരമൊരു വിജ്ഞാന സമ്പൂർണ്ണ ഗ്രന്ഥത്തിന് പുസ്തകപ്രസാധകർ നിശ്ചയിക്കാൻ സാധ്യതയുള്ളത് 1500-നും 2000-നും ഇടയ്ക്കുള്ള വിലയാവും. എന്നാൽ ഇവിടെ ഈ ഗ്രന്ഥത്തിനു നൽകപ്പെട്ട വില കേവലം 800 രൂപ മാത്രമാണെന്നത്, നാം അഹ്മദികളിൽ നല്ലൊരു സാമ്പത്തിക വിശ്വാസം പകർന്നു തരുന്നുണ്ട്. എന്നാൽ വളരെ കുറച്ചു കോപ്പികൾ മാത്രം ഇപ്പോൾ 400 രൂപയ്ക്ക് ലഭിക്കുമെന്ന പരസ്യം തീർച്ചയായും ആശ്വാസകരം തന്നെ. ഇതു കിട്ടാത്തവർ ഉടൻ തന്നെ ഒരു കോപ്പി വാങ്ങി, കുടുംബത്തിലെ വളർന്നുവരുന്ന തലമുറയ്ക്ക് മുതൽകൂട്ടായും, ഒരു റഫറൻസ് ഗ്രന്ഥ

മായി സൂക്ഷിക്കുവാനും നിർദ്ദേശിച്ചുകൊണ്ട് ഞാനീ വരികൾക്കു വിരാമമിടുന്നു. ●

***(26-ൽ നിന്ന് തുടർച്ച)***

കണ്ടെത്തി ഉത്തരം കണ്ടെത്തുവാനുള്ള പരിശ്രമത്തിലൂടെ മാത്രമെ ഓരോരുത്തരുടെയും വിശ്വാസങ്ങൾക്ക് ദൃഢബോദ്ധ്യം നല്കുവാൻ സാധിക്കുകയുള്ളൂ. ഇന്ന് ഭൂരിപക്ഷ മുസ്ലിംകൾക്ക് സ്വയം പഠനത്തിനുള്ള അവസരം നിഷേധിച്ച് പണ്ഡിത ഫത്വകളിൽ ഒതുക്കി നിർത്തി വൈകാരികമായി സംഘടനകളിൽ പിടിച്ചുനിർത്തുന്ന ദുരവസ്ഥയാണ് നിലനിൽക്കുന്നത്. സൂക്തനിഷേധം ഇഹലോകത്തും പരലോകത്തും ശിക്ഷ ലഭിക്കുന്ന കുറ്റമാണെന്ന ഖുർആനിക സത്യം തിരിച്ചറിയുക. നരകാവകാശികൾ അവസാനമായി പറയുന്ന വാചകം "കേൾക്കുകയും, ചിന്തിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്നും, ഈ നേതാക്കളെ അനുസരിച്ചില്ലെങ്കിൽ എത്ര നന്നായിരുന്നേനെ എന്നുമാണ്". ഈ ദുരവസ്ഥ പരലോകത്ത് നേരിടാതിരിക്കുവാൻ ഓരോരുത്തരും അവരവരുടെ വിശ്വാസത്തിനാധാരമായ ഖുർആൻ സൂക്തങ്ങൾ തൊട്ടറിഞ്ഞുകൊണ്ടുള്ള ഒരു പഠനത്തിന് തയ്യാറാവുക. വിശുദ്ധ ഖുർആൻ അനുസരിച്ചുള്ള വിശ്വാസങ്ങൾ മാത്രം സ്വീകരിക്കുവാൻ അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു. ●

**(8-ൽ നിന്ന് തുടർച്ച)**

ഏറ്റവും അടിത്തട്ടുമുതൽ അന്തർദേശീയ തലം വരെ പ്രാവർത്തികമാക്കാവുന്നതാണ്.

ഇതോടനുബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

***"വിശ്വാസികളിൽപ്പെട്ട രണ്ടു വിഭാഗങ്ങൾ തമ്മിൽ യുദ്ധ ത്തിലേർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ട് അവരിലൊരു വിഭാഗം മറ്റൊരു വിഭാഗത്തെ ആക്രമിക്കുന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നത്വരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെ ഇടയിൽ ന്യായ പൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതിപാലിക്കുകയും ചെയ്യുക. നീതിപാലിക്കുന്ന വരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു."*** (49:10).

ഇത് മുസ്ലിംകൾക്കായുള്ള അധ്യാപനമാണ്. ഈ തത്ത്വം വികസിപ്പിക്കുകയാണെങ്കിൽ അത് ലോകസമാധാനത്തിനുള്ള അടിസ്ഥാന ശിലയായി വർത്തിക്കുന്നതാണ്. സമാധാന പാലനത്തിന്നുള്ള ഏറ്റവും പ്രാഥമികമായ അവശ്യോപാധി നീതിപാലനമാണെന്ന് വിശദീകരിക്കപ്പെട്ടിരിക്കുന്നു. നീതിതത്ത്വങ്ങൾ പാലിക്കാൻ അക്രമി രാഷ്ട്രത്തെ നിർബന്ധിക്കുകയും സമാധാന ശ്രമങ്ങൾ പരാജയപ്പെടുകയും ചെയ്താൽ ആ അക്രമിരാഷ്ട്രത്തിനെതിരെ ഐക്യപ്പെട്ടുകൊണ്ട് മറ്റുള്ളവർ യുദ്ധം ചെയ്യണം. അക്രമിരാജ്യം സമാധാനം സംജാതമാകുന്ന അവസ്ഥയിലേക്ക് വരുന്നതുവരെ യുദ്ധം തുടരാവുന്നതാണ്. അക്രമിരാജ്യം സമാധാനത്തിന് സന്നദ്ധമായാൽ ആ അക്രമിരാജ്യത്തോട് പ്രതികാരം ചെയ്യാൻ പാടില്ല എന്നതാണ് നീതിപാലന തത്ത്വം അനുശാസിക്കുന്നത്. അവരുടെ മേൽ ഉപരോധമോ നിബന്ധനയോ വെക്കാൻ പാടുള്ളതല്ല. എല്ലാ അർത്ഥത്തിലും അക്രമിരാജ്യത്തിനുമേൽ മറ്റുള്ളവർക്ക് ഒരു ജാഗ്രതാ നിരീക്ഷണമുണ്ടായിരിക്കണം. അതേ സമയം അവസ്ഥകൾ നന്നാക്കിക്കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ ഉണ്ടാവുകയും വേണം.

ലോകത്തിലെ ചില രാജ്യങ്ങൾ ഇന്ന് സംഘർഷഭരിതമാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, അതിൽ പ്രമുഖമായത് ചില മുസ്ലിം രാജ്യങ്ങളാണ്. വീറ്റോ പവർ പ്രയോഗിക്കുന്ന വൻശക്തി രാജ്യങ്ങൾ നീതിതത്ത്വങ്ങൾക്കനുസൃതമായാണോ അവ പ്രയോഗിക്കുന്നതെന്ന് വിശകലനം ചെയ്തു നോക്കേണ്ടിയിരിക്കുന്നു. സഹായം ആവശ്യമായി വരുമ്പോൾ കൈനീട്ടപ്പെടുന്നത് വൻശക്തി രാജ്യങ്ങൾക്ക് നേരെയാണ്.

ഞാൻ നേരത്തെ പറഞ്ഞതുപോലെ, എക്കാലവും നീതി ഉയർത്തിപ്പിടിച്ചതാണ് ബ്രിട്ടീഷ് ഭരണ കൂടത്തിന്റെ ചരിത്രം. അതിനാൽ കുറച്ച് കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു.

ലോകത്ത് സമാധാനം സ്ഥാപിതമാക്കാൻ ഞങ്ങൾ പഠിച്ച മറ്റൊരു തത്ത്വം അന്യരുടെ സമ്പത്തിൽ ദുരാഗ്രഹത്തോടെ ദൃഷ്ടിപതിപ്പിക്കരുതെന്നാണ്. വിശുദ്ധഖുർആൻ പറയുന്നു:

***"അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുക്കുന്നതിന്റെ നേരെ നീ നിന്റെ കണ്ണുകൾ ഉയർത്തരുത്. അവരെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ് നാം അത് നൽകിയത്."*** (20:132).

അന്യരുടെ സമ്പത്തിനോടുള്ള ആർത്തിയും അസൂയയുമാണ് ലോകത്ത് സംഘർഷങ്ങൾ പെരുകുന്നതിന് കാരണം. വ്യക്തിപരമായി

*(ശേഷം 37-ൽ)*

ലേഖനം

അബ്ദുറഹിമാൻ, കൊടിയത്തൂർ

(തുടർച്ച)

# വാഗ്ദത്ത മസീഹിന്റെ ആഗമനം മുസ്‌ലിം ഉമ്മത്തിൽ നിന്ന്

**വാഗ്ദത്ത മസീഹിനെ 'ഈസബ്നുമറിയം' എന്ന് വിശേഷിപ്പിച്ചത് ആലങ്കാരി കാർത്ഥത്തിൽ മാത്രമാണ് അത് ബനീ ഇസ്രായേലിൽ രണ്ടായിരം വർഷം മുമ്പ് വന്ന ഈസാനബി(അ)യെ കുറിച്ചല്ല മതസാഹിത്യങ്ങളിലും സാധാരണ ഭാഷാവ്യവ ഹാരങ്ങളിൽ പോലും ഇത്തരം പ്രയോഗങ്ങൾ സർവ്വസാധാരണമാണ്.**

അതുപോലെതന്നെ വാഗ്ദത്ത മസീഹിന്റെ അവതരണകാലഘട്ടത്തിൽ വെളിപ്പെടുമെന്ന് വിശുദ്ധ ഖുർആനും, തിരുനബി(സ)യും പ്രവചനം ചെയ്ത ദജ്ജാൽ, യഅ്ജ്ജൂജ് മൗജൂജ് എന്നിവയെ സംബന്ധിച്ചുള്ള ബുദ്ധിപൂർവ്വമായ അപഗ്രഥനവും നമ്മുടെ ചിന്തയെ കൊണ്ടു ചെന്നെത്തിക്കുന്നത് പ്രസ്തുത പ്രവചനങ്ങളിലെ വിവരണങ്ങളും, അതുപോലെ 'ഇബ്നുമറിയം' എന്ന വിശേഷണവും പ്രതീകാത്മകവും, അലങ്കാരോക്തിയുമാണെന്നാണ്. ഭീകരരൂപികളായ ദജ്ജാൽ - യഅ്ജൂജ് മൗജൂജുകളുടെ വെളിപ്പെടലിൽ വിശ്വസിച്ചിരുന്ന പഴയകാല പണ്ഡിതന്മാർ അവകളുടെ വെളിപ്പെടലുണ്ടായാൽ, അതേകാലത്ത് തന്നെ, വാഗ്ദത്ത മസീഹ് വെളിപ്പെടുമെന്ന യാഥാർ ത്ഥ്യം വിശ്വസിക്കുകയും ഉദ്ഘോഷിക്കുകയും ചെയ്തിരുന്നു. വിശ്വാസത്തിൽ കാപട്യം ഇല്ലാതിരുന്ന അക്കൂട്ടർ തങ്ങളുടെ വിശ്വാസങ്ങൾ ജനങ്ങൾക്ക് വിവരിച്ചുകൊടുക്കാറും ഉണ്ടായിരുന്നു. കാപട്യത്തിന്റെ നിറകുടങ്ങളായ ആധുനിക മുസ്‌ലിം പണ്ഡിതന്മാർ കാര്യങ്ങൾ മനസ്സിലാക്കിയശേഷവും സാധാരണജനങ്ങളെ അഹ്മദിയ്യാ ജമാഅത്തിൽ നിന്ന് അകറ്റുന്നതിന് വേണ്ടി സത്യം വെളിപ്പെടുത്താതെ മൂടിവെക്കുകയാണ്. ദജ്ജാലും, യഅ്ജൂജ - മൗജൂജുമെല്ലാം ഇന്ന് ഭൂമുഖത്ത് വെളിപ്പെട്ട്, സംഹാരതാണ്ഡവമാടുന്ന പാശ്ചാത്യ ക്രൈസ്തവ കോയ്മകളാണെന്ന യാഥാർത്ഥ്യം അവരിൽ പലരും തങ്ങളുടെ ഗ്രന്ഥങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയുമെല്ലാം പതുക്കെയാണെങ്കിലും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ജമാഅത്തെ ഇസ്‌ലാമി മുഖപത്രമായ പ്രബോധനം വാരികയിൽ (92 ആഗസ്റ്റ്) 'പ്രവാചകപ്രവചനങ്ങളും ആധുനിക സമസ്യകളും' എന്ന ലേഖനത്തിൽ ദജ്ജാലിനെ സംബന്ധിച്ച പ്രവചനങ്ങളിലെ വിവരണങ്ങൾ സ്വപ്നദർശനങ്ങളോട് സാമ്യമുള്ളതാണെന്നും, അവ സവിശേഷമായ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നു എന്ന് മാത്രമല്ല; ദജ്ജാലിന്റെ പുറപ്പെടൽ റോമാ സാമ്രാജ്യത്തിന്റെ പതനത്തെ തുടർന്ന് സംഭവിക്കേണ്ടതാണെന്ന് (1453 ശേഷം) നബി വചനമനുസരിച്ച് സൂചിപ്പിക്കുന്നുമുണ്ട്.

റാബിത്വയുടെ ഇംഗ്ലീഷ് ഖുർആനിൽ വിവർത്തകനും, വിഖ്യാതപണ്ഡിതനുമായിരുന്നു അല്ലാമാ മുഹമ്മദ് അസദിന്റെ 'മക്കയിലേക്കുള്ള പാത' എന്ന ഗ്രന്ഥത്തിൽ (ഐ.പി.എച്ച്. പ്രസിദ്ധീകരണം) ദജ്ജാൽ എന്ന ഒരു അധ്യായം തന്നെ കാണാവുന്നതാണ്. അതിൽ ദജ്ജാൽ യൂറോപ്യൻ കോയ്മകളാണെന്ന് വ്യക്തമാക്കുകയും, ദജ്ജാലിനെ സംബന്ധിച്ച ഹദീസുകളിലെ വിവരണങ്ങൾക്ക്, യുക്തിപൂർണ്ണമായ വ്യാഖ്യാനം നൽകിയതായും കാണാവുന്നതാണ്. വാഗ്ദത്ത മസീഹിന്റെ ആഗമനശേഷം വെളിപ്പെടുമെന്ന് ഹദീസുകളിൽ വിവരിക്കപ്പെട്ട 'യഅ്ജ്ജൂജ്, മഅ്ജൂജ്' ശക്തികളും വെളിപ്പെട്ടുകഴിഞ്ഞുവെന്നും, പ്രസ്തുത പ്രവചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്, പാശ്ചാത്യശക്തികളുടെ രാഷ്ട്രീയവും, സൈനിക്കുമായ ഫിത്നകളേയും അധിനിവേശങ്ങളെയുമാണെന്ന കാര്യവും ആധുനിക പണ്ഡിതന്മാർ വ്യക്തമാക്കുന്നുണ്ട്. ഖത്തറിലെ പ്രമുഖ പണ്ഡിതൻ ശൈഖ് അബ്ദുല്ലാ ബിൻ മഹ്മൂദ് (മഹ്ദി എന്ന മിഥ്യ) അല്ലാമാ ഇഖ്ബാൽ (ബാങ്കേ ദറാ) കേരളക്കരയി

ലുള്ള നെല്ലിക്കത്ത് ഇസ്മാഈൽ മുസ്ല്യാർ മുതൽ ടി. കെ. അബ്ദുല്ല മൗലവി വരെയുള്ള നിരവധി പണ്ഡിതന്മാർ പ്രസ്തുത വിനാശശക്തികൾ വെളിപ്പെട്ടുകഴിഞ്ഞുവെന്ന് വ്യക്തമാക്കിയവരാണ്.

ദജ്ജാലിനെയും, യഅ്ജൂജ് - മഅ്ജൂജിനേയും, സംബന്ധിച്ചുള്ള തിരുനബി(സ) പ്രവചനങ്ങളെ വ്യാഖ്യാനിക്കുകയും, അവ വെളിപ്പെട്ടു കഴിഞ്ഞുവെന്ന് വ്യക്തമാക്കുകയും ചെയ്യുമ്പോൾ, 'ഈസബ്നുമറിയം' അവതരിക്കുമെന്ന തിരുനബി(സ)യുടെ പ്രവചനം വ്യാഖ്യാനാർഹമാണെന്നും; പ്രസ്തുത പ്രവചനമനുസരിച്ച് അല്ലാഹുവിനാൽ നിയോഗിതരായ ഹ: മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) സത്യാത്മാവാണെന്നും മനസ്സിലാക്കുവാൻ ഈ പണ്ഡിതന്മാർക്കും, അവരുടെ അനുയായികളായ മുസ്ലിം ബഹുജനങ്ങൾക്കും എന്തുകൊണ്ട് സാധിക്കുന്നില്ല? സത്യം അറിയുന്നവരായിരിക്കെ കണ്ണടച്ച് കിടക്കുന്ന ഇക്കൂട്ടർ തന്നെയല്ലേ തിരുദൂതർ പ്രവചിച്ച അവസാനകാലഘട്ടത്തിലെ പണ്ഡിതവർഗ്ഗം!!

## അനുഭവപാഠം

വിശുദ്ധ ഖുർആൻ പൂർവ്വപ്രവാചകന്മാരുടെയും അവരെ നിഷേധിച്ച ജനതകളുടെയുമെല്ലാം ചരിത്രം വിശദമായി തന്നെ വിവരിക്കുന്നുണ്ട്. അവരുടെ ചരിത്രത്തിൽ ഖുർആന്റെ അനുയായികൾക്ക് പാഠങ്ങളും, ദൃഷ്ടാന്തങ്ങളുമുള്ളതുകൊണ്ടാണ് വിശുദ്ധഗ്രന്ഥം വിശദമായ നിലയിൽ അക്കാര്യങ്ങൾ വിവരിച്ചിട്ടുള്ളത്. മുസ്ലിം ഉമ്മത്തിനെ മൂസവി ഉമ്മത്തുമായി സാദൃശ്യപ്പെടുത്തിക്കൊണ്ട് വിശുദ്ധ ഖുർആൻ വിവരിക്കുന്നുണ്ട്. തിരുനബി(സ)യുടെ നിയോഗത്തെ സംബന്ധിച്ച് ഖുർആൻ വിവരിക്കുന്നു: *"നാം ഫിർഔന്റെ അടുക്കലേക്ക് ഒരു റസൂലിനെ അയച്ചതുപോലെ നിങ്ങളുടെ അടുക്കലേക്ക് സാക്ഷിയായി ഒരു റസൂലിനെ അയച്ചിരിക്കുന്നു.* (73:16)

ഇസ്രാഈൽ സമുദായത്തിൽ അല്ലാഹു നൽകിയ വിവിധ അനുഗ്രഹങ്ങളെ സംബന്ധിച്ച് ഖുർആൻ വിവരിക്കുന്നുണ്ട്. മറ്റൊരുവശത്ത് യഹൂദന്മാർ അല്ലാഹുവിന്റെ ശാപത്തിന് വിധേയമായ കാര്യവും വിവരിക്കുന്നുണ്ട്. യഹൂദികൾ ശാപഗ്രസ്ഥരാകുവാൻ കാരണം അവരിലേക്ക് നിയോഗിതരായ പ്രവാചകന്മാരെ, പ്രത്യേകിച്ച് തങ്ങൾക്ക് മസീഹായി അവതരിച്ച ഈസാനബി (അ)മിനെ നിഷേധിക്കുകയും ജാരസന്തതി എന്നാരോപിച്ച് വധിക്കുവാൻ ശ്രമിച്ചു എന്നുള്ളതുമാണ്. "*ദാവൂദിന്റെ, ഈസബ്നുമറിയമിന്റേയും നാവിനാൻ യഹൂദികൾ ശപിക്കപ്പെട്ടു*" എന്ന് ഖുർആൻ പരാമർശിക്കുന്നുണ്ട്.

മുസ്ലിം സമുദായം അവസാനകാലഘട്ടത്തിൽ യഹൂദി - നസാറാക്കൾക്ക് തുല്യരായി ഭവിക്കുമെന്ന് വിശുദ്ധ ഖുർആനിലും, ഹദീസുകളിലും പ്രവചിക്കപ്പെട്ടിട്ടുണ്ട്. ഖുർആൻ പറയുന്നു: *"വിശ്വസിച്ചവർക്ക് ഇനിയും സമയമായിട്ടില്ലേ അല്ലാഹുവിന്റെ സ്മരണക്കും, അവനിൽ നിന്ന് ഇറങ്ങിയ സത്യത്തിനും വേണ്ടി തങ്ങളുടെ ഹൃദയങ്ങളെ അലിവുള്ളതാക്കിതീർക്കുവാൻ. മുൻപേ വേദം നൽകപ്പെട്ടവരെപ്പോലെ ആവാതിരിക്കാനും. അവർ വേദം നൽകപ്പെട്ട് ദീർഘകാലം പിന്നിട്ടപ്പോൾ അധികപേരും ആജ്ഞാലംഘകരായിത്തീർന്നു"* (57:16, 17) പ്രസ്തുത വചനത്തിന്റെ വ്യാഖ്യാനമായിക്കൊണ്ട് മുസ്ലിം ഉമ്മത്തിന്റെ യഹൂദ സാദൃശ്യം വിവരിക്കുന്ന നിരവധി തിരുവചനങ്ങൾ കാണാവുന്നതാണ്. പ്രസ്തുത ഹദീസുകൾ മുസ്ലിം പണ്ഡിതന്മാർ നിരന്തരം ഉദ്ധരിക്കുന്നതുമാണ്.

ഇതിനൊക്കെ പുറമെ സൂറ: ഫാതിഹയിൽ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന *"നീ ഞങ്ങളെ കോപത്തിന് പാത്രമായവരുടെയും വഴിപിഴച്ചവരുടെയും (യഹൂദി-നസാറ) മാർഗ്ഗത്തിൽ നിന്ന് രക്ഷിക്കണേ"* എന്നുള്ളതാണ്.

ഒരു വശത്ത് യഹൂദികളെ അനുപദം പിൻപറ്റുമെന്ന പ്രവചനവും മറുവശത്ത് യഹൂദികളുടെ മാർഗ്ഗത്തിൽ നിന്ന് രക്ഷിക്കണമേ എന്നുള്ള പ്രത്യേക പ്രാർത്ഥനയും പഠിപ്പിച്ചുകൊണ്ട് അല്ലാഹു മുസ്ലിം ഉമ്മത്തിന് നൽകുന്ന സന്ദേശം സംബന്ധിച്ച് ബുദ്ധിമാന്മാർ ചിന്തിക്കേണ്ടിയിരിക്കുന്നു. യഹൂദികൾ ശപിക്കപ്പെടുവാൻ നിമിത്തമായത് ഈസാ മസീഹിനെ നിഷേധിച്ചതുകൊണ്ടാണ്. മിശിഹായെ സ്വീകരിക്കുന്നതിന് അവർക്ക് തടസ്സമായി ഭവിച്ചത് എന്തായിരുന്നുവെന്ന് മനസ്സിലാക്കുമ്പോൾ മുഹമ്മദി മസീഹിന്റെ കാര്യത്തിൽ മുസ്ലിം ഉമ്മത്തിന് പിണഞ്ഞിരിക്കുന്ന അബദ്ധം മനസ്സിലാക്കുവാൻ സാധിക്കും. പഴയ നിയമത്തിൽ 'മലായി' പുസ്തകത്തിൽ ഏലിയാ പ്രവാചകൻ ആകാശത്തിൽ നിന്ന് അവതരിച്ച് മസീഹിന്റെ വരവിനെ പ്രഘോഷിക്കുമെന്നും, മിശിഹാ അവതരിച്ചാൽ, ദാവീദിന്റെ സിംഹാസനം വീണ്ടെടുക്കുമെന്നും എഴുതപ്പെട്ടിരിക്കുന്നു. പ്രസ്തുത പ്രവചനത്തെ ബാഹ്യാർത്ഥത്തിൽ എടുത്തുകൊണ്ട് ഈസാനബി(അ)ക്ക് 600 കൊല്ലം മുൻപ് ജീവിച്ചിരുന്ന ഏലിയാ പ്രവാചകൻ (ഇല്യാസ് നബി(അ)) വാനാരോഹണം ചെയ്തിരിക്കുകയാണെന്നും, അദ്ദേഹം വീണ്ടും ഭൂമിയിൽ അവതരിക്കുമെന്നും, അതിനുശേഷം ദാവൂദ് നബി(അ)യെ പോലെ ഭൗതികസിഹാംസനുവുമായി മിശിഹാ അവതരിക്കുമെന്നും യഹൂദികൾ ധരിച്ചുവശായി. പ്രവചനം സാക്ഷാൽക്കരിച്ചുകൊണ്ട് യോഹന്നാൻ സ്നാപകൻ (യഹ്‌യാ നബി(അ) യഹൂദികളിൽ അവ

തരിച്ചു. തുടർന്ന് മിശിഹായുടെ അവതരണവും ഉണ്ടായി. പക്ഷെ ഇരുവരേയും സ്വീകരിക്കുവാൻ യഹൂദികൾക്ക് ഭാഗ്യമുണ്ടായില്ല. അവർ പരിഹാസപൂർവ്വം ചോദിച്ചു: *"ഹേ, തച്ചന്റെ മകനേ! യഹൂദന്മാർക്ക് രാജാവായി വരേണ്ട മസീഹാണേ നീ!! ആകാശത്തിൽ നിന്ന് വരേണ്ട ഏലിയാ എവിടെ?"* ഈസാ മസീഹ് അവർക്ക് മറുപടി നൽകി: *"ആകാശത്തേക്കാരും പോയിട്ടുമില്ല; ആകാശത്തിൽ നിന്നാരും വരികയുമില്ല, നിങ്ങൾക്ക് വരേണ്ട ഏലിയാ എന്റെ സഹോദരൻ യഹ് യ അല്ലാതെ മറ്റാരുമല്ല; മസീഹ് ഞാനല്ലാതെ മറ്റാരുമല്ല. ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ"* പക്ഷെ പ്രവചനം ബാഹ്യരൂപത്തിൽ പുലരുമെന്ന് ധരിച്ചകാരണത്താൽ യഹൂദികൾ വിശ്വസിച്ചില്ല. യഹ്‌യ ഏലിയാവിന്റെ സദൃശനായിരുന്നു; മസീഹിന്റെ സിംഹാസനം ആത്മീയ സിംഹാസനവുമായിരുന്നു ഈ ചരിത്രയാഥാർത്ഥ്യം മുൻനിർത്തി മുസ്‌ലിം സമുദായം ചിന്തിക്കുകയായിരുന്നുവെങ്കിൽ തിരുനബി(സ) പ്രവചിച്ച **'ഈസബ്നുമറിയം'** മുസ്‌ലിം ഉമ്മത്തിൽ നിന്നുതന്നെയുള്ള മസീഹിന്റെ സദൃശനാണെന്നും, ഈ കാലഘട്ടത്തിൽ വാഗ്ദത്ത മസീഹായി തന്നെ നിയോഗിച്ചിരിക്കുന്നുവെന്ന് അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പ്രഖ്യാപിച്ച ഹ: അഹ് മദ് (അ) തന്നെയാണ് അദ്ദേഹമെന്നും ഗ്രഹിക്കുവാൻ സാധിക്കുമായിരുന്നു. പക്ഷെ ഇസ്രാഈൽ ജനം ആകാശത്തേക്ക് നോക്കിയിരുന്നതുപോലെ ഇവരും നോക്കുന്നു; ഇസ്രാഈല്യർ മസീഹ് ഭരണം സ്ഥാപിക്കുമെന്ന് ധരിച്ചതുപോലെ ഇവരും വാഗ്ദത്ത മസീഹിനെ ഭരണമില്ലാത്തതിന്റെ പേരിൽ നിഷേധിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു. ഈസാമസീഹ് റോമക്കാരുടെ ഭരണത്തിൻകീഴിൽ ആഗതരായതുപോലെ ഹ അഹ്‌മദ് (അ) ഒരു യൂറോപ്യൻ ശക്തിയുടെ ഭരണത്തിൻ കീഴിൽ ആഗതരായിരിക്കുന്നു. ഈസാനബി(അ)യോട് സീസർക്ക് കപ്പം കൊടുക്കാമോ എന്ന് ചോദിച്ചപ്പോൾ "സീസർക്കുള്ളത് സീസർക്കും, ദൈവത്തിനുള്ളത് ദൈവത്തിനും നൽകുക" എന്ന് മറുപടി നൽകിയതുപോലെ ഹ: അഹ്‌മദ് (അ)മും അല്ലാഹുവിന് നൽകേണ്ട അനുസരണം 'അല്ലാഹുവിനോട് കാണിക്കുക എന്നും, ഒരു ഭരണകൂടത്തെ അനുസരിക്കേണ്ടവിധത്തിൽ ഗവൺന്റെിനെ അനുസരിക്കുക' എന്നും പഠിപ്പിക്കുകയുണ്ടായി. ഈസാ മസീഹിന്റെ ശിരസ്സിൽ മുൾക്കിരീടം ധരിപ്പിച്ച് "യൂഹദന്മാരുടെ രാജാവ് നട നടാ" എന്ന് പരിഹസിച്ചതുപോലെ മസീഹിന്റെ സദൃശനായി വന്ന ഹ: അഹ്‌മദിനെ ബ്രിട്ടീഷ് സേവകൻ എന്ന് പറഞ്ഞ് മുസ്‌ലിം പുരോഹിതന്മാർ പരിഹസിക്കുന്നു. അങ്ങനെ യഹൂദജനത്തിന്റെ ക്ലോണിംഗ് പതിപ്പുകളായി മുസ്‌ലിം സമുദായം മാറിയിരിക്കുന്നു.

നബി തിരുമേനി (സ)യെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു! *"തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ട നിരക്ഷരനായ പ്രവാചകനെ പിന്തുടരുന്നവരാരോ അവരാകുന്നു അനുഗൃഹീതൻ"* (സൂറ: അൽ അഅ്റാഫ്) ഈ സൂക്തത്തിൽ നബിതിരുമേനി(സ)യെ സംബന്ധിച്ച് തൗറാത്തിലും, ഇഞ്ചീലിലും പ്രവചനമുണ്ടെന്ന് വ്യക്തമായി പ്രസ്താവിക്കുന്നു. വേദത്തിൽ നമുക്ക് കാണുവാൻ കഴിയുക.

"കാര്യസ്ഥൻ" "സത്യത്തിന്റെ ആത്മാവ്" "മനുഷ്യപുത്രൻ" "ആശ്വാസപ്രദൻ" "അവകാശമുള്ളവൻ" "പാറകലീത്ത" എന്നെല്ലാമുള്ള ആലങ്കാരിക വചനങ്ങളാണ് ഇതൊന്നും തന്നെ നബി തിരുമേനി(സ)യുടെ നാമം അല്ല എന്ന കാര്യം വ്യക്തമാണല്ലോ. ഇത് ഗുണനാമങ്ങൾ മാത്രമാണ്. ഇവയെല്ലാം മുസ്‌ലിം പണ്ഡിതന്മാർ വ്യാഖ്യാനിക്കുകകുയും ഈ വിശേഷണങ്ങളെല്ലാം നബിതിരുമേനിയിൽ പൂർത്തിയായിരിക്കുന്നുവെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു (പ്രബോധനം മുഹമ്മദ് നബി വിശേഷാൽ പതിപ്പ് (1989) കെ.കെ. മുഹമ്മദ് അബ്ദുൽ കരീം എഴുതിയ വേദങ്ങളിലെ മുഹമ്മദ് നബി തുടങ്ങിയവ നോക്കുക) ഇങ്ങിനെയെല്ലാം വ്യാഖ്യാനങ്ങൾ നൽകുന്നവർ തന്നെയാണ് വാഗ്ദത്ത മസീഹിനെ സംബന്ധിച്ച പ്രവചനങ്ങൾക്ക് അക്ഷരാർത്ഥം നൽകുന്നത്.

### ഭാഷാപ്രയോഗം

ഒരു വ്യക്തിയുടെ ഗുണങ്ങളുള്ള മറ്റൊരാളെ അയാൾ തന്നെയെന്ന് പറയൽ ഏത് ഭാഷയിലും, ഏത് സമൂഹത്തിലും പതിവുള്ള ഒരു പ്രയോഗമാണ്. വിശുദ്ധ ഖുർആനിൽ തന്നെ ഇതിന് ഉദാഹരണം കാണാം! യൂസുഫ് നബി (അ)മിനെക്കുറിച്ച് ഖുർആനിൽ പറയുന്നു: *"ഇദ്ദേഹം ബഹുമാന്യനായ ഒരു മലക്ക് തന്നെയാണ്."*

ഫലസ്തീന്റെ വിമോചനത്തെ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുമ്പോൾ മുസ്‌ലിം ലോകനായകന്മാരും, മുസ്‌ലിം മീഡിയകളുമെല്ലാം സാധാരണയായി ഉപയോഗിക്കാറുള്ള ഒരു പ്രയോഗമാണ്. "മുസ്‌ലിം ലോകത്തിന് ഒരു സലാഹുദ്ദീൻ അയ്യൂബിയെ ആവശ്യമുണ്ട്" എന്നത്. ആരായിരുന്നു സലാഹുദ്ദീൻ അയ്യൂബി? കുരിശുയുദ്ധക്കാരിൽ നിന്ന് ഫലസ്തീൻ തിരിച്ച് പിടിച്ച് മുസ്‌ലിം ലോകത്തിന്റെ അഭിമാനം കാത്ത ആദർശാധീരനായ ഭരണാധികാരിയായിരുന്നു അദ്ദേഹം. ഈ കാലഘട്ടത്തിൽ ജൂത കിങ്കരന്മാരിൽ നിന്ന് ഫലസ്തീനെ മോചിപ്പിക്കു

വാൻ മുസ്‌ലിം ലോകത്തിന് നേതൃത്വം നൽകാൻ സലാഹുദ്ദീന്റെ സൽഗുണങ്ങൾ സമ്മേളിച്ച ഒരു നായകൻ വേണമെന്ന അർത്ഥത്തിലാണ് സലാഹുദ്ദീനെ ആവശ്യമുണ്ട് എന്ന് പറയുന്നത്. ഇതേ അർത്ഥത്തിൽതന്നെ "ഒരു ഉമറിനെയാണ് നമുക്കിന്നാവശ്യം" എന്നും പ്രയോഗിച്ച് വരാറുണ്ട്.

"നാം ഇബ്രാഹീമാവുക. നാം നമ്മുടെ ഇസ്‌മാഈലിനെ ബലിയർപ്പിക്കുക" ബലി പെരുന്നാൾ സന്ദേശങ്ങളിൽ സാധാരണയായി ഉപയോഗിക്കപ്പെട്ടുവരുന്നതാണിത്. ഇതിന്റെ വിവക്ഷ. നാം ത്യാഗത്തിന് തയ്യാറാവുക എന്നും ദൈവമാർഗ്ഗത്തിൽ നമുക്കേറ്റം പ്രിയങ്കരമായതിനെ അർപ്പിക്കാൻ തയ്യാറാവുക എന്നുമാണ്. നമ്മുടെ ഭാഷയിൽ രാഷ്ട്രീയത്തിലെ മൂല്യവൽക്കരണത്തെ സംബന്ധിച്ച് സംസാരിക്കുമ്പോൾ പറയാറുണ്ട്. "നമുക്കൊരു ഗാന്ധിജിയെ ആവശ്യമുണ്ട്" എന്ന്. ഇത്തരത്തിലുള്ള പ്രയോഗങ്ങൾ എത്ര വേണമെങ്കിലും ഉദ്ധരിക്കുവാൻ കഴിയും. ചുരുക്കത്തിൽ ഇത്തരത്തിലുള്ള പ്രയോഗം തന്നെയാണ് "ഇബ്നുമർയം" എന്നുള്ളതും.

## വാഗ്ദത്ത മസീഹിനെ എന്തുകൊണ്ട് ഇബ്നുമർയം എന്ന് പറയുന്നു

മൂസാ നബി(അ)യ്ക്ക് തൗറാത്ത് എന്ന ന്യായപ്രമാണം നൽകപ്പെട്ടശേഷം തൗറാത്തിനെ സത്യപ്പെടുത്തുന്നതിനും തൗറാത്തിന്റെ അദ്ധ്യാപനങ്ങളിൽ നിന്നും അകന്നുപോയ അനുയായികളെ അതിന്റെ അദ്ധ്യാപനങ്ങളിലേക്ക് ക്ഷണിക്കുന്നതിനും ഈസാനബി (അ) ആഗതനായതുപോലെ, വിശുദ്ധ ഖുർആനെ സത്യപ്പെടുത്തുവാനും, ഖുർആനികാധ്യാപനങ്ങളിൽ നിന്ന് അകന്നുപോയ മുസ്‌ലിം ഉമ്മത്തിനെ ഖുർആനിക പാഠങ്ങളിലേക്ക് ക്ഷണിക്കുന്നതിനുമായി വാഗ്ദത്ത മസീഹ് അവതരിച്ചിരിക്കുന്നു.

മൂസാനബി(അ)യ്ക്ക്ശേഷം 14-ാം നൂറ്റാണ്ടിൽ ഈസാനബി(അ) അവതരിച്ചതുപോലെ നബിതിരുമേനി (സ)യ്ക്കുശേഷം 14-ാം നൂറ്റാണ്ടിൽ വാഗ്ദത്ത മസീഹ് അവതരിച്ചിരിക്കുന്നു.

മൂസാനബി(അ)യ്ക്ക് അനുയായികൾക്കും, അതുപോലെ നബി തിരുമേനി(സ)യ്ക്കും "അനുചരർക്കും" ശത്രുക്കളുമായി ഏറ്റുമുട്ടേണ്ടി വരികയും അവസാനം വിജയം വരിച്ച് ഭൗതികശക്തി കൈവരികയുണ്ടായി. എന്നാൽ മൂസവി മസീഹായ ഈസാനബി(അ)യും, വാഗ്ദത്ത മസീഹ്(അ)യും ശത്രുക്കളുമായി യുദ്ധം ചെയ്യുകയോ, ഭൗതികാധികാരം കൈവരിക്കുകയോ ചെയ്യുകയുണ്ടായില്ല.



ഈസാ(അ)ന്റെ കാലഘട്ടത്തിൽ അത്തരത്തിലുള്ള അധഃപതനത്തിലും തിന്മയിലുമായിരുന്നു ഇസ്രാഈൽ സമുദായം കഴിഞ്ഞിരുന്നത്. അതുപോലെയുള്ള അവസ്ഥയിൽ തന്നെയായിരുന്നു വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തിലെ മുസ്‌ലിം ഉമ്മത്തും. ഈസാനബി (അ)ന്റെ നിയോഗകാലഘട്ടത്തിൽ ഇസ്രാഈല്യർ ഒരു യൂറോപ്യൻ ശക്തിയുടെ അധിനിവേശത്തിൻ കീഴിൽ ആയിരുന്നതുപോലെ വാഗ്ദത്ത മസീഹ് അവതരിച്ചതും തന്റെ നാട് യൂറോപ്യൻശക്തിയുടെ അധിനിവേശത്തിൻ കീഴിൽ കഴിഞ്ഞുവരുന്ന കാലത്തുതന്നെയായിരുന്നു. ഈസാനബി(അ)യും വാഗ്ദത്ത മസീഹും ഭരണകൂടത്തെ അനുസരിച്ച് കൊണ്ട് സമാധാനകാംക്ഷികളായി ജീവിക്കുവാനായിരുന്നു തന്റെ ജനതയെ ഉൽബോധിപ്പിച്ചിരുന്നത്. ചുരുക്കത്തിൽ ഈസാനബി (അ)യുമായി മറ്റനേകം കാര്യങ്ങളിലുമുള്ള സാദൃശ്യത്തെ അടിസ്ഥാനപ്പെടുത്തിത്തന്നെയാണ് നബിതിരുമേനി(സ) വാഗ്ദത്ത മസീഹിനെ 'ഈസബ്നുമറിയം' എന്ന് നാമകരണം ചെയ്തിട്ടുള്ളത്. ●

*(33-ൽ നിന്ന് തുടർച്ച)*

നോക്കുമ്പോൾ പഴമൊഴിയിൽ പറഞ്ഞത് പോലെ തന്റെ അയൽക്കാരനെപ്പോലെ തനിക്കും ആവണമെന്ന ഒടുങ്ങാത്ത ദുരയാണ് സാമൂഹ്യ സമാധാനം നശിപ്പിക്കുന്നത്. ഇത് ചരിത്രത്തിൽ തെളിയിക്കപ്പെട്ടകാര്യമാണ്. അതായത്, അന്യരുടെ സമ്പത്തിനോടുള്ള അസൂയ ദുരാഗ്രഹം വർദ്ധിപ്പിക്കുമെന്നും അങ്ങനെ വളരുന്ന ദുരാഗ്രഹം നാശത്തിനു കാരണമാകുമെന്നും സാമാന്യ ബുദ്ധിയുള്ള ഏതൊരു വ്യക്തി ക്കും മനസ്സിലാക്കാവുന്നതാണ്.

ഒരാൾ തന്റെ സമ്പത്ത് കൊണ്ട് മാത്രം തൃപ്തിപ്പെടുകയും അതിൽ നിന്ന് മാത്രം ഫലമെടുക്കുകയുമാണ് വേണ്ടത് എന്നാണ് സർവ്വശക്തനായ ദൈവം പറയുന്നത്. ഒരു ദേശം തദ്ദേശീയമായ പ്രകൃതി വിഭവങ്ങളിൽ നിന്നാണ് ഫലം തേടേണ്ടത്. രാജ്യങ്ങൾ ചേർന്ന് സഖ്യങ്ങളും ശാക്തികച്ചേരികളുമുണ്ടാക്കുന്നത് മറ്റു രാജ്യങ്ങളുടെ വിഭവങ്ങളിൽ നിന്നും ഫലമെടുക്കാനാണ്. ഇത് സംബന്ധിച്ച് ധാരാളം പേർ പുസ്തകങ്ങളെഴുതിയിട്ടുണ്ട്. അവരിൽ പലരും മുൻകാലങ്ങളിൽ ഭരണകൂടങ്ങളുടെ ഉപദേശകന്മാരായി സേവനമനുഷ്ടിച്ചവരാണ്. മറ്റു രാജ്യങ്ങളുടെ സമ്പത്ത് എങ്ങനെ ചില രാജ്യങ്ങൾ കൈക്കലാക്കുന്നു എന്നതിന്റെ വിശദവിവരങ്ങൾ ആ പുസ്തകങ്ങളിൽ കാണാം. ഈ ഗ്രന്ഥകർത്താക്കൾ പറയുന്നത് എത്രത്തോളം സത്യസന്ധ

മാണെന്ന് അവർക്ക് മാത്രമേ അറിയൂ. ദൈവമാണ് എല്ലാം ഏറ്റവും നന്നായി അറിയുന്നവൻ. പക്ഷേ, ഈ വിവരണങ്ങൾ വായിക്കുമ്പോൾ പാവപ്പെട്ട രാജ്യങ്ങളിലെ കൂറുള്ള ഒരു പൗരന്റെ ഹൃദയത്തിൽ അത് വളരെ ഗുരുതരമായ ആശങ്കകൾ ഉണ്ടാക്കുന്നു. ഇത് ഭീകരവാദത്തിന് കാരണമാവുകയും ചെയ്യുന്നു. കൂട്ട നശീകരണായുധങ്ങളുടെ നിർമ്മാണത്തിന് ഹേ തുവും ഇത്തരം ചൂഷണങ്ങളാണെ ന്ന് അയാൾ തിരിച്ചറിയുകയും ചെ യ്യുന്നു. പഴയ കാലത്തെ അപേക്ഷിച്ച്. ഇക്കാലത്ത് ലോകം കൂടുതൽ സമചിത്തത പാലിക്കുന്നുവെന്നും വിദ്യാസമ്പന്നമാണെന്നും പ്രബുദ്ധരാണെന്നും നാം വിചാരിക്കുന്നു. ദരിദ്രരാജ്യങ്ങളിൽ പോലും വിദ്യാഭ്യാസ രംഗത്ത് അതാത് മേഖലകളിൽ പ്രതിഭാശാലികളായ വ്യക്തികളുണ്ട്. ഉന്നത നിലവാരമുള്ള പ്രതിഭകൾ ലോകത്തിലെ ഗവേഷണശാലകളിൽ കൂട്ടായ യത്നങ്ങൾ നടത്തുന്നുമുണ്ട്. മുൻകാലങ്ങളിൽ ഭീകരമായ യുദ്ധത്തിലേക്ക് നയിക്കുകയും ജനങ്ങൾക്കിടയിൽ ശത്രുത സംജാതമാക്കുകയും വിദ്വേഷാത്മകമായ ചിന്താഗതികളും അബദ്ധങ്ങളും ഉടലെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജനങ്ങൾ കൂട്ടായി പ്രവർത്തിക്കുന്ന ഇത്തരം സാഹചര്യങ്ങൾക്ക് മേൽപറഞ്ഞ സംഘർഷങ്ങൾ ഇല്ലാതാക്കാൻ കഴിയുമെന്ന് നാം മനസ്സിലാക്കണം. ദൈവം നൽകിയ ബുദ്ധി വൈഭവവും ശാസ്ത്രീയ പുരോഗതിയും മാനവരാശിയുടെ ക്ഷേമത്തിനു വേണ്ടി വിനിയോഗിക്കുകയും അനുവദനീയ മാർഗ്ഗങ്ങളിലൂടെ മാത്രം ഒരാൾ മറ്റൊരാളുടെ വിഭവങ്ങളിൽ നിന്നും ഫലമെടുക്കുകയും ചെയ്യേണ്ടതാണ്.

ദൈവം ഓരോ രാജ്യത്തിനും ആവശ്യമായ പ്രകൃതി വിഭവങ്ങൾ നൽകിയിട്ടുണ്ട്. അത് പൂർണ്ണമായും വിനിയോഗിക്കുകയാണെങ്കിൽ ലോകത്തെ ശാന്തിയുടെ പറുദീസയാക്കി മാറ്റാൻ അതുതന്നെമതി. ദൈവം പലരാജ്യങ്ങൾക്കും വിവിധങ്ങളായ കാർഷിക വിഭവങ്ങൾ ഉല്പാദിപ്പിക്കാനാവശ്യമായ കാലാവസ്ഥയും പരിസ്ഥിതിയും നൽകിയിട്ടുണ്ട്. ശരിയായ ആസൂത്രണത്തിലൂടെ ആധുനിക സാങ്കേതികവിദ്യ പ്രയോഗിക്കുകയാണെങ്കിൽ അവരുടെ സമ്പദ്ഘടന ശക്തിപ്പെടുകയും ലോക ത്ത് നിന്നും പട്ടിണി വിപാടനം ചെയ്യപ്പെടുകയും ചെയ്യുമായിരുന്നു. ധാതു വിഭവങ്ങൾ കൊണ്ടനുഗൃഹീതമായ രാജ്യങ്ങളെ വികസിക്കാനും ന്യായമായ വിലയിൽ വ്യാപാരം ചെയ്യാനും തുറന്ന നിലയിൽ അനുവദിക്കണം. അങ്ങനെ ഒരു രാജ്യത്തിന്റെ വിഭവങ്ങൾ മൂലം മറ്റു രാജ്യങ്ങളും ഫലമെടുക്കണം. ഇതാണ് ശരിയായ മാർഗ്ഗം, സർവ്വ ശക്തനായ ദൈവം ഇഷ്ടപ്പെടുന്ന മാർഗ്ഗവും ഇത് തന്നെയാണ്.

ദൈവം തന്റെ ദൂതന്മാരെ ജനങ്ങളിലേക്കയച്ചത് അവനുമായി ജനങ്ങളെ അടുപ്പിക്കാനും വഴികാണിക്കാനും വേണ്ടിയാണ്. അതേ സമയം വിശ്വാസ കാര്യത്തിൽ പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്നും ദൈവം പറഞ്ഞിരിക്കുന്നു.

രക്ഷയും ശിക്ഷയും മരണാനന്തമുള്ള കാര്യങ്ങളാണ്. എന്നാൽ ദൈവം സംവിധാനിച്ച ഇത്തരമൊരു വ്യവസ്ഥക്ക് കീഴെ അവന്റെ സൃഷ്ടികൾ ക്രൂരമായി ഹിംസിക്കപ്പെടുകയും നീതിന്യായങ്ങൾ അവഗണിക്കപ്പെടുകയും ചെയ്യുമ്പോൾ പ്രകൃതി നിയമങ്ങൾ തന്നെ സംഹാരാത്മകമായി പ്രതികരിക്കുന്നു. അതിന്റെ പരിണതഫലം ഈ ലോകത്ത് വെച്ച് തന്നെ നമുക്ക് കാണാവുന്നതാണ്. അത്തരം അനീതികൾക്കെതിരായ പ്രതികരണങ്ങൾ നമുക്ക് നിരീക്ഷിക്കാവുന്നതാണ്. അത്തരം പ്രതികരണങ്ങളിൽ ശരിയേത് തെറ്റേത് എന്ന് ഉറപ്പുപറയാൻ സാധ്യമല്ല.

ലോകം ജയിച്ചടക്കാനുള്ള സത്യസന്ധമായ മാർഗ്ഗം ദരിദ്ര രാജ്യങ്ങൾക്ക് അവരുടെ ന്യായമായ വിഹിതം നല്കലാണ്. കടക്കെണി എന്നറിയപ്പെടുന്ന വിചിത്രമായ ആഗോള സാമ്പത്തികക്കുഴപ്പമാണ് ഇന്നത്തെ മുഖ്യ പ്രശ്നം. ഒരു കാര്യം വളരെ പ്രകടമാണ്. വിശുദ്ധ ഖുർആൻ നമ്മോട് പലിശ ഒഴിവാക്കണമെന്ന് നിർദേശിച്ചിരിക്കുന്നു. കാരണം, പലിശ എന്നത് ഗാർഹികവും ദേശീയവും അന്തർദേശീയവുമായ ഒരു ശാപമാണ്. പലിശ സ്വീകരിക്കുന്ന ആൾ ഒരു ദിനം പിശാച് ബാധിച്ച് മതിഭ്രമം വന്നയാളെപ്പോലെ ആയിത്തീരുമെന്ന് നമ്മോട് ഖുർആൻ താക്കീത് ചെയ്തിരിക്കുന്നു. അതുകൊണ്ട്, ഞങ്ങൾ മുസ്‌ലിംകൾ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് ആജ്ഞാപിക്കപ്പെട്ടവരാണ്. പലിശ വ്യാപാരം നിർത്തുക. കാരണം, പ്രത്യക്ഷത്തിൽ നിങ്ങൾക്ക് ധനം വർദ്ധിക്കുന്നതായി കാണാമെങ്കിലും പലിശയിൽ നിന്നും ലഭിക്കുന്ന പണം ഒരിക്കലും നിങ്ങളുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നില്ല. അതിന്റെ വിനാശകരമായ യഥാർത്ഥ ഫലം കാണിക്കുന്ന ഒരു സമയം അനിവാര്യമായും വന്നുചേരുന്നതാണ്. അതിനെക്കാളുപരി ഒരിക്കലും തന്നെ പലിശ വ്യാപാരത്തിൽ ഏർപ്പെടരുതെന്ന് താക്കീത് ചെയ്യപ്പെട്ടവരാണ് ഞങ്ങൾ. നിങ്ങൾ അത് ചെയ്യുകയാണെങ്കിൽ ദൈവവുമായി പോരിനിറങ്ങിയിരിക്കുന്നു എന്നാണ് താക്കീത്.

ഇന്നത്തെ ക്രെഡിറ്റ് ക്രഞ്ച് (Credit crunch) എന്നറിയപ്പെടുന്ന പ്രതിഭാസത്തിൽ ഈ വസ്തുത വളരെ വ്യക്തമാണ്. തുടക്കത്തിൽ ആളുകൾ ആസ്തികൾ വാരിക്കൂട്ടാൻ പണം പലിശക്ക് കടം വാങ്ങുന്നു. പക്ഷേ, അവർക്ക് ആ ആസ്തികളുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതിന് മുമ്പേ അവർ കടത്തിന്റെ ഭാരം താങ്ങാനാവാതെ തകർന്നു പോകുന്നു. പക്ഷേ, ഇപ്പോൾ ഭരണകൂടങ്ങളും കടത്തിന്റെ ഭാരം താങ്ങാനാവാതെ മതിഭ്രമം പിടിപെട്ടത്പോലെ ആയിത്തീർന്നിരിക്കുന്നു. വലിയ കമ്പനികൾ കടം കൊണ്ട് പാപ്പരായിരിക്കുന്നു. ചില ബാങ്കുകളും സാമ്പത്തിക സ്ഥാപനങ്ങളും തകരുകയോ ചിലത് രക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. ഈയൊരവസ്ഥ ദരിദ്രരോ സമ്പന്നരോ ആവട്ടെ എല്ലാരാജ്യങ്ങളിലുമുണ്ട്. ഈ പ്രതിസന്ധിയെക്കുറിച്ച് എന്നേക്കാൾ നിങ്ങൾക്ക് നന്നായറിയാം. നിക്ഷേപകന്റെ പണമാണ് ഇല്ലാതാവുന്നത്. ഭരണകൂടം എത്രത്തോളം എങ്ങനെയാണ് ഈ നിക്ഷേപങ്ങൾ സംരക്ഷിക്കുക എന്നതിനെ ആശ്രയിച്ചാണ് ഇപ്പോൾ അതിന്റെ അവസ്ഥ നിലനില്ക്കുന്നത്. പക്ഷേ, കുറച്ചുകാലത്തേക്ക്, ലോകത്തിലെ മിക്കരാജ്യങ്ങളിലും കുടുംബങ്ങളുടേയും കച്ചവടക്കാരുടേയും ഭരണ നേതാക്കന്മാരുടെയും മാനസിക നില തകർന്നിരിക്കുന്നു.

വളരെ മുമ്പേതന്നെ നമ്മോടു താക്കീത് ചെയ്യപ്പെട്ട ഈ കാര്യത്തെപ്പറ്റി ഇപ്പോഴത്തെ ഈ അവസ്ഥ നമ്മെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നില്ലേ? ഇതിന്റെ അനന്തര ഫലമെന്തായിരിക്കുമെന്ന് ദൈവത്തിന് മാത്രമേ നന്നായറിയൂ.

സർവ്വശക്തനായ ദൈവം പറഞ്ഞിട്ടുള്ളത്: സമാധാനത്തിലേക്ക് വരിക എന്നാണ്. വ്യവഹാരങ്ങൾ



സംശുദ്ധമായിരിക്കുകയും ന്യായയുക്തവും ഉചിതവുമായ രീതിയിൽ വിഭവങ്ങൾ വിനിയോഗിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ സമാധാനം ഉറപ്പു വരുത്താൻ സാധിക്കൂ. ഞാൻ ഉപസംഹരിക്കട്ടെ. ഞങ്ങളുടെ അദ്ധ്യാപനങ്ങളുടെ സാരസംഗ്രഹമാണിത്. ദൈവത്തിലേക്ക് തിരിയുന്നതിലൂടെ മാത്രമേ ലോകത്ത് യഥാർത്ഥ സമാധാനം സംജാതമാകുകയുള്ളു. ഈയൊരു വസ്തുത ഗ്രഹിക്കാൻ ദൈവം ലോകത്തെ തുണക്കട്ടെ. അപ്പോൾ മാത്രമേ അവർക്ക് അന്യരോടുള്ള കർത്തവ്യങ്ങൾ നിറവേറ്റാൻ സാധ്യമാവൂ.

എനിക്ക് ഇവിടെവരാൻ സാധിച്ചതിനും എന്റെ ഭാഷണം ശ്രവിച്ചതിനും ഞാൻ നിങ്ങളോരോരുത്തരോടും നന്ദിയുള്ളവനാണ്.

നിങ്ങൾക്കെല്ലാം എന്റെ ഹൃദയംഗമമായ കൃതജ്ഞത അറിയിക്കട്ടെ. ●

*(28-ൽ നിന്ന് തുടർച്ച)*

ഖുർആൻ' (ഖുർആൻ സൃഷ്ടിയാണെന്ന വാദം) പൊങ്ങിവന്നത്. മഅ്മൂൻ ഖുർആൻ സൃഷ്ടിയാണെന്നും അത് അഖീദയുടെ ഭാഗമാണെന്നുമുള്ള തീവ്രനിലപാട്കാരനായിരുന്നു. ഇത് വിശ്വസിക്കാത്ത പണ്ഡിതന്മാരെ വ്യാപകമായി അദ്ദേഹം ശിക്ഷിച്ചു. ഈ പ്രശ്നം പിന്നീട് നീറിപുകയുണ്ടായി. മഅ്മൂന് ശേഷം വന്ന ഖലീഫ മുഅ്ത്വസിമിന്റെ കാലത്ത് പ്രഗത്ഭ പണ്ഡിതനും മദ്ഹബിന്റെ ഇമാമുമായ ആദരണീയനായ ഇമാം അഹ്മദ് ഹംബൽ പോലും ഈ വിവാദത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള നിരർത്ഥകമായ വിവാദകൊടുങ്കാറ്റുകൾ അബ്ബാസി ഭരണത്തിലുണ്ടായിരുന്നു. തുർക്കികൾ ധാരാളമായി ഇസ്‌ലാം മതം സ്വീകരിച്ചത് അബ്ബാസിയ്യാ കാലഘട്ടത്തിലാണ്. പിന്നീട് വന്ന മുതവക്കിൽ കർശനസ്വഭാവിയും പരാക്രമിയുമായിരുന്നു. ശിയാവിരോധത്താൽ കോപാകുലനായ അദ്ദേഹം കർബലയിലെ ഇമാം ഹുസൈന്റെ മഖ്ബറ തകർക്കുക പോലുമുമുണ്ടായി. ഹി: 297/ക്രി. വ. 861ൽ മുതവക്കിൽ വധിക്കപ്പെടുകയാണുണ്ടായത്. ●

## തിന്മക്കെതിരെയുള്ള മൗനം

ഇബ്നു മസ്ഊദ് (റ) നിവേദനം : നബി(സ) അരുളി: തീർച്ചയായും ഇസ്രായേല്യരിൽ ആദ്യമായി പ്രവേശിച്ച ന്യൂനത അവരിൽ ഒരാൾ തിന്മ ചെയ്യുന്നത് കണ്ടാൽ ആ തിന്മയെ അവർ വിരോധിക്കുകയില്ല എന്നതായിരുന്നു. അങ്ങനെ ചെയ്യുന്നത് അവരൊന്നിച്ച് തിന്നുകയും കുടിക്കുകയും സഹവസിക്കുകയും ചെയ്യുന്നതിന്, അത് പ്രതിബന്ധമാവുമെന്ന് അവർ കരുതി.

***(അബൂദാവൂദ്, തിർമിദി)***

## കുറിപ്പുകൾ

മുസാഫിർ

# ചാൾസ് ഡാർവിന് - 200

**2009** ഫിബ്രവരി 12ന് പരിണാമ സിദ്ധാന്തത്തിന്റെ വിവാദനായകൻ ചാൾസ് ഡാർവിന്റെ 200-ാം ജന്മദിനമാണ്. സകല ജീവികളേയും പോലെ മനുഷ്യനും പരിണമിച്ചാണുണ്ടായത് എന്ന സ്ഫോടനാത്മക ശാസ്ത്രസിദ്ധാന്തം 1858ൽ തന്റെ വിശ്വോത്തര ഗ്രന്ഥമായ 'പ്രകൃതിയുടെ നിർദ്ധാരണം വഴി'യുള്ള ജീവിവർഗ്ഗത്തിന്റെ ഉല്പത്തി' (The Origin of Species by Natural Selections) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം അവതരിപ്പിക്കുകയുണ്ടായി. അത് മതലോകത്തുണ്ടാക്കിയ ഭൂകമ്പവും കൊടുങ്കാറ്റും ഇന്നും കെട്ടടങ്ങിയിട്ടില്ല. മനുഷ്യപരിണാമത്തെക്കുറിച്ച് ഡാർവിൻ നടത്തിയ നിരീക്ഷണങ്ങളും തെളിയിക്കപ്പെട്ട സിദ്ധാന്തങ്ങളും മനുഷ്യസൃഷ്ടിയെ സംബന്ധിച്ച് ഇന്ന് വരെയുണ്ടായിട്ടുള്ള വ്യാഖ്യാനങ്ങളിൽ വെച്ച് ഏറ്റവും നല്ല ശാസ്ത്ര വ്യാഖ്യാനമാണെന്ന് പറയാം. പക്ഷേ ഡാർവിനിസത്തിന്റെ ചില സങ്കല്പങ്ങളും നിഗമനങ്ങളും അത്ര തന്നെ യുക്തിരഹിതവും. അശാസ്ത്രീയവുമാണ്. ഡാർവിനിസത്തിന്റെ മൗലികമായ സംഭാവന മനുഷ്യനടക്കമുള്ള ജീവിരൂപങ്ങളെല്ലാം പരിണമിച്ചുണ്ടായതാണ് എന്ന സിദ്ധാന്തമാണ്. ശാസ്ത്രത്തിന്റെ രീതിമുറ അനുസരിച്ചാണ് അദ്ദേഹം മനുഷ്യന്റെ പരിണാമസിദ്ധാന്തം ആവിഷ്ക്കരിക്കാൻ ശ്രമിച്ചത്.

ഡാർവിനിസത്തിന് മുമ്പ് പ്രപഞ്ചത്തിന്റെ ഉത്ഭവത്തെക്കുറിച്ചും മനുഷ്യസൃഷ്ടിപ്പിനെ സംബന്ധിച്ചുമുള്ള സിദ്ധാന്തങ്ങൾ പാശ്ചാത്യലോകത്തിന് നൽകിയത് ക്രിസ്ത്യാനികളുടെ വേദപുസ്തകമായ ബൈബിളായിരുന്നു. ബൈബിൾ പ്രഥമാദ്ധ്യായമായ ഉൽപത്തിയിലെ സൃഷ്ടികഥയായിരുന്നു ഇത് സംബന്ധിച്ചുള്ള അവസാന വാക്ക്. ആറു ദിവസം കൊണ്ട് ആകാശവും ഭൂമിയുമടക്കം സൃഷ്ടിച്ച ദൈവം കുശവനെ പോലെ പൊടിമണ്ണ് കുഴച്ച് മനുഷ്യനിർമ്മാണത്തിലേക്ക് പ്രവേശിച്ച ആ കഥ ബൈബിൾ ഇപ്രകാരം വിവരിക്കുന്നു.

*'അങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള സകലതും തികഞ്ഞു. ഏഴാം ദിവസം താൻ ഏർപ്പെട്ടിരുന്ന പ്രവൃത്തി ദൈവം പൂർത്തിയാക്കി. താൻ ഏർപ്പെട്ടിരുന്ന എല്ലാ പ്രവർത്തികളിൽ നിന്നും വിരമിച്ച് ഏഴാം ദിവസം ദൈവം വിശ്രമിച്ചു. കാരണം, ആ ദിവസം സൃഷ്ടികർമ്മങ്ങളിൽ നിന്നെല്ലാം വിരമിച്ച് ദൈവം വിശ്രമിച്ചു. ....കർത്താവായ ദൈവം ഭൂമിയിലെ പൊടി കൊണ്ട് മനുഷ്യനെ രൂപപ്പെടുത്തി. അയാളുടെ നാസാദ്വാരങ്ങളിലേക്കു ജീവശ്വാസം ഊതി അങ്ങനെ മനുഷ്യന് ജീവൻ ഉണ്ടായി. (ഉൽപത്തി 2:1-8)*

ക്രിസ്തുമതം അധികാര സിംഹാസനത്തിലേറിയ മദ്ധ്യകാലം മുതൽ ഈ ബൈബിൾ കല്പിത സൃഷ്ടിവാദം (creationism) ശങ്കലേശവുമില്ലാതെ ഉരുവിട്ട് പഠിക്കണമെന്നായിരുന്നു യൂറോപ്യൻ ശാസ്ത്രലോകത്തോടുള്ള ക്രിസ്തുസഭയുടെ അനുശാസനം. പ്രപഞ്ചസൃഷ്ടിയുടെ കാലഗണന കണക്കാക്കാൻ ക്രൈസ്തവ വിദ്വാന്മാർ കാട്ടിയ സാഹസികതയാണ് ഏറെ ശ്രദ്ധേയം. സത്യവേദ പുസ്തകമായ ബൈബിൾ അവർ തലങ്ങും വിലങ്ങും കുത്തിയിരുന്ന് പഠിച്ച് മനുഷ്യസൃഷ്ടിയുടെ ബ്രഹ്മമുഹൂർത്തം കൃത്യമായി ഗണിച്ചെടുത്തുകളഞ്ഞു. അതായത് ബി.സി. 4004 ലാണ് ദൈവം മനുഷ്യസൃഷ്ടി നടത്തിയതെന്നാണ് ബൈബിൾ പ്രപഞ്ചശാസ്ത്രം പ്രമാണിച്ചത്. ഇത്തരം സങ്കൽപങ്ങൾക്കെതിരായിക്കൊണ്ട് കോടാനുകോടി കൊല്ലത്തെ പരിണാമത്തിലൂടെയാണ് മനുഷ്യൻ നിലവിൽ വന്നതെന്ന ഡാർവിന്റെ സിദ്ധാന്തം ക്രൈസ്തവ സൃഷ്ടിവാദത്തെ അടിമുടി ഉലച്ചുകളഞ്ഞു എന്ന് പറയേണ്ടതില്ലല്ലോ;

1925ൽ അമേരിക്കയിൽ പരിണാമവാദം പഠിപ്പിച്ചതിന് ജോൺ ടി. സ്കോപ്പ് എന്ന ഒരു ഹൈസ്കൂൾ അധ്യാപകനെ ഫെഡറൽ കോടതി

വിചാരണ ചെയ്ത് 100 ഡോളർ പിഴ നൽകി ശിക്ഷിച്ച സംഭവം ലോക ശാസ്ത്ര മണ്ഡലത്തിൽ വിവാദ കൊടുങ്കാറ്റുയുർത്തുകയുണ്ടായി. 'വാനര വിചാരണ' (Monkey Trial) എന്ന പേരിൽ അമേരിക്കയെ മുഴുവൻ ഈ സംഭവം ഇളക്കി മറിച്ചു. ജോൺ ടി. സ്കോപ് എന്ന ആ അദ്ധ്യാപകൻ, പരിണാമവാദം പഠിപ്പിക്കാൻ പാടില്ല എന്ന അമേരിക്കൻ നിയമം ലംഘിച്ചതായിരുന്നു അദ്ദേഹത്തിനു മേൽ ചാർത്തിയ കുറ്റം. അവസാനം അമേരിക്കൻ സുപ്രിം കോടതിയാണ് ഒരു സാങ്കേതികത്വത്തിന്റെ ആനുകൂല്യത്തിൽ ആ അദ്ധ്യാപകനെ കുറ്റവിമുക്തമാക്കിയത്. 1967ലാണ് പരിണാമവാദം സ്കൂളിൽ പഠിപ്പിക്കാൻ അമേരിക്കയിൽ സമ്മ തം ലഭിച്ചത്.

പരിണാമവാദത്തിന്റെ കേന്ദ്ര തത്വം ജീവികൾ ചെറിയ ചെറിയ മാറ്റങ്ങൾക്ക് അഥവാ വ്യതിയാനങ്ങൾക്ക് വിധേയമായിക്കൊ ണ്ടിരിക്കുന്നു എന്നാണ്. ഈ വ്യതിയാനങ്ങൾ പരിസ്ഥിതിക്ക് ഇണങ്ങുന്നതാണെങ്കിൽ അവ ജീവികളുടെ അതിജീവനത്തിന് അനുഗുണമായിരിക്കും. അല്ലാത്ത വ്യതിയാനങ്ങൾ അവയുടെ നാശത്തിന് ഹേതുവാകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അതിജീവനപ്രക്രിയയെ ആണ് 'അതിജീവന സമരം' എന്ന് വിളിക്കുന്നത്. ഇങ്ങനെയുള്ള വ്യതിയാനങ്ങളിലൂടെ ആർജ്ജിച്ച സ്വഭാവഗുണങ്ങൾ ഓരോ ജീവികളും തങ്ങളുടെ അടുത്ത തലമുറയിലേക്ക് പ്രേഷണം ചെയ്യപ്പെടുകയും അവ നിലനിൽക്കുകയും ചെയ്യുന്നു. ജീവപരിണാമത്തിന് കാരണമാകുന്ന ഈ വ്യതിയാനങ്ങൾ കേവലം ആകസ്മികമാണ് എന്ന അയുക്തികവും അശാസ്ത്രീയവുമായ ജല്പനങ്ങളും ഡാർവിനിസം നടത്തിയിട്ടുണ്ട്. ഇപ്രകാരം ജീവികളുടെ അർഹതയനുസരിച്ച് അവയെ തിരഞ്ഞെടുക്കുന്നത് പ്രകൃതിയാണ്. ഇതിനെയാണ് പ്രകൃതി നിർദ്ധാരണം (Natural selection) എന്ന് പറയുന്നത്.

ഏകകോശ ജീവിയിൽ നിന്നും ഏറ്റവും സങ്കീർണ്ണമായ മനുഷ്യനിലേക്ക് വരെയുള്ള ജീവികളുടെ പരിണാമത്തിന്റെ തെളിവിനായി നിരവധി ഫോസിലുകൾ അദ്ദേഹം ശേഖരിച്ചു. പലതിന്റെയും പരിണാമ ശൃംഖലകളുടെ കണ്ണിചേർക്കാൻ ഇപ്പോഴും പരിണാമവാദത്തിന് കഴിഞ്ഞിട്ടില്ല. മനുഷ്യനും കുരങ്ങിനും ഒരു പൊതുപൂർവ്വ പിതാവ് ഉണ്ട് എന്ന ഡാർവിന്റെ സങ്കല്പവും തെളിവില്ലാതെ ഇപ്പോഴും നില്ക്കുന്നു.

ആകസ്മികതയുടെയും യാദൃഛികതയുടെയും നിരന്തരം പിഴക്കാത്ത ചുവടുവെപ്പുകളിലൂടെ ഏകകോശജീവിയിൽ നിന്ന് മനുഷ്യനെപോലെ അതിസങ്കീർണ്ണവും അത്യത്ഭുതകരവുമായ ഒരു ജീവിരൂപമുണ്ടായി എന്ന ഡാർവിനിയൻ സങ്കല്പമാണ് അങ്ങേയറ്റം അയുക്തികമായിട്ടുള്ളത്. പരിണാമവാദത്തിന് ഉപോദ്ബലകമായി അദ്ദേഹം കെട്ടിപടുത്ത ശാസ്ത്രയുക്തിക്ക് അസംബന്ധത്തിന്റേ മകുടചാർത്താണ് ഈ ആകസ്മികതാവാദം നൽകുന്നത്. നിർദ്ദിഷ്ട ഉദ്ദേശ സാക്ഷാത്ക്കാരത്തിന്നായി സൃഷ്ടിക്കപ്പെടുന്ന ഏതൊരു നിർ മ്മിതിയും യാദൃഛികമായോ ആകസ്മികമായോ ഉണ്ടാവുന്നില്ല എന്നത് മനുഷ്യന്റെ ദിനേനയുള്ള ഒരു അനുഭവയാഥാർത്ഥ്യമാണ്. ഈ പരമമായ സത്യവും യുക്തിബോധവും മാറ്റിവെച്ചുകൊണ്ടാണ് അവർ തങ്ങളുടെ യുക്തിശൂന്യമായ ആകസ്മികതാവാദം ശാസ്ത്രത്തിന്റെ ബാനറിൽ ഉയർത്തുന്നത്. സൂക്ഷ്മങ്ങളായ കണങ്ങൾ മുതൽ ബൃഹദ് ഗോളങ്ങൾ വരെ. നിയതമായ ഒരു ക്രമം പാലിക്കുകയും ബുദ്ധിപരമായി സംവിധാനിക്കപ്പെടുകയും ചെയ്തതാണ് ഈ പ്രപഞ്ചം. ഇതിനു പിന്നിൽ ആസൂത്രകനും നിയന്താവും, നിയാമകനുമായ ഒരാൾ ഉണ്ടെന്ന വിശ്വാസികളുടെ വാദം അശാസ്ത്രീയമാണെന്ന് പറയുന്ന ഡാർവിനിസ്റ്റുകൾ, അന്ധവും മൂകവും ബധിരവുമായ ആകസ്മികതയാണ് അതെല്ലാം നിർവ്വഹിച്ചതെന്ന് വിശ്വസിച്ച് സ്വയം അപഹാസ്യരായി തീരുകയാണ് ചെയ്യുന്നത്.

വാസ്തവത്തിൽ പരിണാമം ഒരു യാഥാർത്ഥ്യവും സത്യവുമാണ്. നിരവധി എതിർപ്പുകളെ തൃണവൽ ഗണിച്ചാണ് ഡാർവിൻ ഈ ശാസ്ത്ര സത്യം ആവിഷ്ക്കരിച്ചത്. മഹാനായ ആ ശാസ്ത്ര പ്രതിഭ വൈജ്ഞാനിക ലോകത്തിന്റെ ആദരം അർഹിക്കുന്നു. അദ്ദേഹത്തിന്നെതിരെ ക്രൈസ്തവ ലോകം തീർത്ത സംഹാരാത്മകമായ മൗഢ്യവാദങ്ങൾക്കെതിരെയുള്ള കലാപത്തിന്റെ ഭാഗമായിട്ടായിരിക്കാം ദൈവനിഷേധത്തിന്റെ ധ്വനിയും മുഴക്കവും ഡാർവിന്റെ പരിണാമസിദ്ധാന്തങ്ങളിൽ പ്രകടമായത്.

മനുഷ്യൻ പരിണാമത്തിലൂടെയാണ് നിലവിൽ വന്നത് എന്ന വസ്തുത അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ്. ഒരു മതഗ്രന്ഥമെന്ന നിലക്ക് വിശുദ്ധ ഖുർആന്റെ സൂക്ഷ്മവായന മനുഷ്യൻ പരിണിച്ചുണ്ടായതാണ് എന്ന വാദത്തിന് ശക്തമായ പിന്തുണ നൽകുന്നു എന്ന കാര്യം ഓർമ്മിച്ചുകൊണ്ടും ചാൾസ് ഡാർവിൻ എന്ന മഹാനായ ശാസ്ത്രപ്രതിഭക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ഈ കുറിപ്പ് അവസാനിപ്പിക്കുന്നു. ●

# വാർത്തകൾ





***ഫിബ്രവരി 21 ശനിയാഴ്ച 'വെളിപാട് യുക്തി ജ്ഞാനം സത്യം' എന്ന വിഷയത്തെ പ്രമേയമാക്കി കോഴിക്കോട്ട് നടന്ന സെമിനാറിൽ മുൻമന്ത്രിയും ഗ്രന്ഥകാരനുമായ ശ്രീ. സുജനപാൽ പ്രസംഗിക്കുന്നു. എം.എ. മുഹമ്മദ് സാഹിബ്, ഫാദർ ജെയിൻ (സി.എസ്.ഐ. സഭ, കോഴിക്കോട്), ശ്രീ. വെങ്കിടേശ് (ചവറ കൾച്ചറൽ സെന്റർ), ഹാഫിസ് മുഹമ്മദ് സാഹിബ് (സോഷ്യോളജി വിഭാഗം തലവൻ, ഫാറൂഖ് കോളേജ്), ശ്രീ കെ.പി. രാമനുണ്ണി (സെക്രട്ടറി, തുഞ്ചത്തെഴുത്തച്ഛൻ ട്രസ്റ്റ്), മൗലാനാ മുഹമ്മദ് അയ്യൂബ് സാഹിബ്, കെ.എം. അഹമ്മദ് കോയ സാഹിബ്, പ്രൊഫ. മഹ്മൂദ് അഹമ്മദ് സാഹിബ്, ഡോ. സജീവ്, ഏ.എം. മുഹമ്മദ് സലിം സാഹിബ് എന്നിവരെ വേദിയിൽ കാണാം.***





***ഫിബ്രവരി 7 ശനിയാഴ്ച വെളിപാട് യുക്തി ജ്ഞാനം സത്യം എന്ന വിഷയത്തെ പ്രമേയമാക്കി മഞ്ചേരിയിൽ നടന്ന സെമിനാർ പ്രൊഫ. മഹ്മൂദ് അഹ്മദ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. സജീവ്, മുഹമ്മദലി മാസ്റ്റർ (അമീർ, മലപ്പുറം മേഖല) കൊല്ലം പണിക്കർ, ഏ.എം. മുഹമ്മദ് സലിം, ടി.കെ. മഹ് മൂദ്, പി.പി. ഹസ്സൻകോയ എന്നിവർ വേദിയിൽ.***

## എം.എ. അറബിക്കിൽ ഒന്നാം റാങ്ക്



2008 സെപ്റ്റംബറിൽ നടന്ന കാലിക്കറ്റ് സർവ്വകാശാല എം.എ. അറബിക് പരീക്ഷയിൽ മാത്തോട്ടം ജമാഅത്തിലെ യു.കെ. മുജീബ് ഒന്നാം റാങ്ക് നേടി. ഫാറൂഖ് കോളേജ് വിദ്യാർത്ഥിയാണ്. മലപ്പുറം ജില്ലയിലെ മൂത്തേടം അക്കരകുളവൻ വീട്ടിൽ പരേതനായ വീരാൻ കുട്ടി മുസല്യാർ, ആയിശ എന്നിവരുടെ മകനാണ്. 2006ൽ നടന്ന ബി.എ. അഫ്ദലുൽ ഉലമ അറബിക് പരീക്ഷലും ഒന്നാം റാങ്ക് നേടിയിരുന്നു. കാലിക്കറ്റ് സർവ്വകലാശാല ഇന്റർസോൺ, ബി സോൺ സർഗ്ഗപ്രതിഭയായിരുന്നു. നോർത്ത് ഇലാഖാ തബ്ലീഗ് സെക്രട്ടറി യു.കെ. സബാഹ് സാഹിബിന്റെ സഹോദരനാണ്.

## അന്തർദ്ദേശീയ സമ്മേളനത്തിൽ പങ്കെടുത്തു



***ദുബായിൽ നവമ്പർ 12, 13 തിയ്യതികളിൽ നടന്ന അന്തർദ്ദേശീയ കപ്പൽ നിർമ്മാണ സമ്മേളനത്തിൽ കൊച്ചി അഹ്മദിയ്യാ ജമാഅത്ത് അംഗം കെ.എ. മുഹമ്മദ് ഷിഫാസ് സാഹിബ് പ്രബന്ധം അവതരിപ്പിക്കുന്നു.***